PROCEEDINGS OF THE KERALA
LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Friday, the 24th October, 1969

VOL. XXV] OFFICIAL REPORT [No. 31

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at eight of the clock on Friday the 24th October, 1969, with Mr. Speaker in the Chair.

REPORT OF THE COMMITTEE ON PUBLIC UNDERTAKINGS 1969-70

Shri M. P. Mohammed Jafferkhan: Sir, I, Chairman, Committee on Public Undertakings present the Second Report of the Committee on Public Undertakings (1969–70).

Mr. Speaker: The Report is presented.

MOTION UNDER RULES 128 AND 252

DISCUSSION ON THE STATEMENT OF THE CHIEF MINISTER

Shri S. P. Luiz: Sir, during the last three days, we have been discussing here, virtually as a seminar, on the United Front activities. We were able to gather during the deliberations a close glimpse of what is happening behind the iron curtain of the United Front. As far as I am concerned, the United Front had held Himalayan promises to the public, collected votes of the millions and assumed office. Unfortunately, they were today pulled down to dust like the tower of Babylon in confusion under the label of corruption.

Sir, I am grateful to Mr. M. N. Govindan Nair for branding me as a revolutionist and his journal 'Janayugom' has branded me as a C.I.A. agent saying that I am here for the destruction of the United Front. I deny these allegations. As far as Janayugom is concerned, I can say that I have commenced legal proceedings against that paper.

[Shri S. P. Luiz]

The Janayugom has again stated that I entertained Smt. K. R. Gouri, the Hon. Revenue Minister, for a dinner at my institution at Chalakudy. That is a false. The Hon. Revenue Minister, in the absence of the Chief Minister, agreed to preside over a unique function in our institution, got up on universal recognition which was given to our college. She inaugurated the jet training programme in our college with the equipments, including a jet engine offered to us by the Government of India. By virtue of this, I have been termed as a Marxist. Incidentally, on the very same day, my friend Mr. P. K. Kunju was also there. Then they should have branded me as a mini-front leader. Prior to that, Mr. Mohammed Koya was there, so they should have branded me as pro-muslim leaguist. Before that Dr. Triguna Sen, the Union Minister, was there. I should have been a Congress man. Even before that Mr. T. V. Thomas visited our institution. I should have been branded as a Communist of the other side. In the same manner, Mr. P. R. Kurup, Mr. Mathai Manjooran and others have attended the function. This is very unfortunate and definitely a breach of privilege of a Member of this Assembly, branding him in this fashion according to the whims and fancies of a newspaper.

Perhaps before raising all these allegations, they should have consulted a psychiatrist in the absence of such a person, they should have at least consulted a Veterinary man.

Sir, without my request, my seat has been changed from the opposition benches.

Mr. Speaker: You are in the independent bench.

Shri S. P. Luiz: But there are pictures and paintings in the journals showing that I have changed the seat. Actually, I have not changed my seat. I have protested to you and asked you to give back my original seat.

Sir, I should like to be very short. I am a Catholic. No matter what some politicians say, I will like a Catholic. I love my religion more than anything in this world, no matter whoever has tried to paint or for any inferences including my friends on this side. I will live like a Catholic and die as a Catholic, and everybody will only be happy and will appreciate my duty in doing so.

We have been hearing during the discussion many Biblical quotations and I wish to contribute one in the midst of my deliberations. " What does it profit a man to gain the whole world and suffer the loss of his own soul ".

Sir, we were debating here a motion under Rule 252 of the Rules of Procedure. But the Resolution is yet to come out of Pandora's box. The resolution is not yet known. Incidentally our Chief Minister has volunteered to say that whatever may be the fate of this resolution, if

LIBRARY ARCHIVES Kerala Legislative Assembly

it is voted against, he will resign. This is wrong. This is childish. The resolution is not yet given birth to. It is still in the Pandora's box. Sir, I say that the Chief Minister should have resigned only if a no-confidence motion is passed and he should maintain the political sagacity that he has hitherto held in the political life of the State.

Mr. Speaker: Your time is up.

Shri S. P. Luiz: Sir, one more point. My good friend and colleague of mine in the United Polit-buro had given you some suggestions yesterday. Just now, I have a teleprinter message and I may be permitted to read it before the House.

1. The United Front liquidated—corruption cum barbarian rule ended.
2. Stay granted—No more bribes to be paid by doctors, nurses, contractors, etc.
3. Permission granted for National Congress to support one category communist—and R.S.P., openly in Kerala but only in private in Delhi.
4. Thanks from electorate—no more votes to deserters of United Front.
5. Land Reforms Bill, Panchayati Raj Bill, Labour Minister's Rs. 10 crores employment promises—all to be kept in Assembly cold storage still next corruption season starts after the battle of Kurukshetra.
6. Mr. John Jacob directed to keep his shaving set handy.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞങ്ങൾക്കെതിരായി ആ ഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ട ഏതാനും വാദങ്ങൾക്കുകൂടി മറുപടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (മാർക്സിസ്റ്റ്) ബുദ്ധിരാക്ഷസയാണെന്ന് വിശേഷിക്കപ്പെടുന്ന ശ്രീ. പി. ഗോവിൻദപിള്ള ഇന്നലെ ഞങ്ങൾക്ക് ഒരു ഓമനപ്പേര് നൽകുകയുണ്ടായി. "കുഞ്ഞുമുന്നണി"യെന്ന് അദ്ദേഹം ഞങ്ങളെ വിളിച്ചു. "കുഞ്ഞുമുന്നണി" യെന്ന് വിളിച്ചു എന്നു മാത്രമല്ല ഞങ്ങളുടെ നേതാവാരായിരിക്കണമെന്നു കൂടി അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. 'വലിയേട്ടൻ മനോഭാവ'ത്തിൻെറ പ്രേതം ഇപ്പോഴും ഇവിടെ അവശേഷിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഞങ്ങളുടെ നേതാക്കൻമാരെ തെരഞ്ഞെടുക്കുന്നതുപോലും ഇനിയും ഈ വലിയേട്ടനായിരിക്കണമെന്നാണ് അവരുടെ ധാരണ. ഞങ്ങൾ "കുഞ്ഞുമുന്നണി"തന്നെ. എന്നാൽ അവരോ ബഷീറിൻെറ ഭാഷയിൽ "ഉമ്മിണി വലിയ ഒന്ന്" ആകുന്നു. ഈ വലിയേട്ടൻമനോഭാവമുള്ളതുകൊണ്ടാണ് ഈ കുഞ്ഞുമുന്നണിയുണ്ടായതെന്ന കഥ ശ്രീ. ഗോവിൻദപ്പിള്ള വിസ്മരിക്കുകയും അതിന് കാരണമായി ഞങ്ങൾ നിരത്തിവച്ച വാദങ്ങൾ അദ്ദേഹം ഖണ്ഡിക്കാതിരിക്കുകയും ചെയ്തു. ഇതാണ് പരമാർത്ഥം. ഏതായാലും ഈ സഭയിൽ ഉപയോഗിക്കാവുന്ന പദങ്ങൾ മാത്രമേ ശ്രീ. ഗോവിൻദപ്പിള്ള ഉപയോഗിച്ചുള്ളു എന്നുള്ളതു എനിക്കും ഒരു പരിധിവരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദ്കോയ]

അങ്ങയ്ക്കും സന്തോഷകരമാണ്. കാരണം അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ നടത്തുന്ന "ദേശാഭിമാനി" ഇന്നലെ എഴുതിയ മുഖപ്രസംഗം ഈ സഭയിലല്ലായിരുന്നെങ്കിൽ ഇവരുടെ സംസ്കാരം എന്തായിരിക്കുമെന്ന് കാണിക്കുന്നുണ്ട്. രാജിവച്ച മന്ത്രിമാരെ "രാഷ്ട്രീയ പിശാചുക്കൾ" എന്നാണ് അതിൽ വിളിച്ചിരിക്കുന്നത്. അങ്ങനെയൊന്നും വിളിക്കാതെ കുഞ്ഞുമുന്നണിയെന്ന വാൽസല്യപൂർവ്വമായ ഒരു ഓമനപ്പേരുമാത്രം ഞങ്ങൾക്കു തന്നതിൽ, പുറത്ത് എന്തു വിളിച്ചാലും ഈ സഭയുടെ അന്തസ്സിലും സഭാനടപടികളുടെ അന്തസ്സിലും താൽപര്യമുള്ള ഞങ്ങൾക്ക് ശ്രീ. പി. ഗോവിന്ദപ്പിള്ളയോട് നന്ദിയുണ്ട് എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടിപ്രസംഗം ചെയ്യുമ്പോൾ മനസ്സാക്ഷിക്കുത്ത് ഏൽക്കുന്നതുപോലെ എനിക്കു തോന്നി. എന്റെ തോന്നലായിരിക്കാം. അതുകൊണ്ടാണല്ലോ 21-ാം തീയതി ഞങ്ങൾ ചെയ്ത പ്രസംഗത്തിന് 20-ാം തീയതി അദ്ദേഹം തയ്യാറാക്കിയതും അടുത്തുതന്നെ അദ്ദേഹം പ്രസിദ്ധീകരിക്കാൻ പോകുന്നതുമായ "മുന്നണി ഇന്നലെ ഇന്നു" എന്ന പുസ്തകത്തിലെ ഒന്നാമത്തെയും അവസാനത്തെയും അദ്ധ്യായം ഇവിടെ വായിച്ച് തൃപ്തിപ്പെടാൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വാസ്തവത്തിൽ വളരെയൊന്നും ന്യായീകരിക്കാനില്ലാത്തതുകൊണ്ടാണ് എഴുതിവച്ചിരുന്ന പുസ്തകത്തിലെ പഴയ ഒരു അദ്ധ്യായം അദ്ദേഹം വായിച്ചത്. എനിക്ക് ഒരു സമാധാനമേയുള്ളു. മിസ്റ്റർ നമ്പൂതിരിപ്പാട് പല തീസ്സിസുകളും എഴുതിയിട്ട് പിന്നീട് അതു തിരുത്തിയിട്ടുണ്ട്. അതുപോലെ ഇതും തിരുത്തി പ്രസിദ്ധീകരിക്കും. കേരളത്തിലെ ജനങ്ങൾ ആവേശത്തോടുകൂടി കെട്ടിപ്പടുത്ത ഒരു ഐക്യമുന്നണിയെ വെറും വാശികൊണ്ട്, വെറും വിരോധംകൊണ്ട് വെട്ടിത്തകർത്തത്, തട്ടിത്തകർത്തത് തെററായിപ്പോയി എന്ന് ഒരു തീസ്സിസ് അദ്ദേഹം പിന്നീട് എഴുതി ഈ പുസ്തകത്തിൽ ചേർക്കുമെന്നുതന്നെയാണ് പൂർവ്വകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ ഞാൻ വിശ്വസിക്കുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേദനയോടുകൂടി ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം കിഴക്കൻ ജർമ്മനിയിലേക്ക് ഒരു രോഗിയായി പോകുമ്പോൾ ഞങ്ങൾ നൽകിയ യാത്രയയപ്പു അദ്ദേഹം വിമാനത്തിൽ കയറി ഇരിക്കുന്നതിനുമുമ്പ് ടെലിപ്രിൻററിൽ അദ്ദേഹത്തിനു ലഭിച്ചതും അദ്ദേഹം മുഖവിലയ്ക്കെടുത്തതുമായ ജനാബ് ബാഫക്കി തങ്ങളുടെ പ്രസ്താവനയായിരുന്നു. എന്നാൽ അദ്ദേഹം തിരിച്ചുവന്നപ്പോൾ ഞങ്ങൾ കൊടുത്ത സ്വീകരണം അദ്ദേഹം അന്ത്യശാസനമെന്നു വിശേഷിപ്പിക്കുന്നതും ഐക്യമുന്നണിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഉതകുന്നതുമായ ഞങ്ങളുടെ കോഴിക്കോടൻ പ്രമേയമായിരുന്നു. പക്ഷെ, ഞങ്ങളുടെ കുടുംബത്തിലെ കാരണവരായിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങൾക്കുവേണ്ടി ജർമ്മനിയിൽനിന്നും കൊണ്ടുവന്ന സമ്മാനം എന്താണ്? ഒരു പ്രഥമദൃഷ്ടി പരിശോധനപോലും കൂടാതെ ഒരുപിടി മന്ത്രിമാരെ അഴിമതിക്കാരാണെന്നു മുദ്രകുത്തി ഈ നിയമസഭയിൽ വന്നുനിന്നുകൊണ്ട് ചെയ്ത പ്രസ്താവന. അദ്ദേഹത്തിന് ഞങ്ങളുടെ നടപടിയിൽ വേദനയുണ്ടാകുമെങ്കിൽ അദ്ദേഹത്തിന്റെ നടപടിയിൽ ഞങ്ങൾക്കും വേദനയുണ്ടാകുകയില്ലേ? അങ്ങ് ഇന്നയിന്ന കാര്യങ്ങൾ—കാലയളവൊന്നും വച്ചിട്ടില്ല—ഐക്യമുന്നണിക്കുവേണ്ടി ചെയ്യണമെന്ന് ഞങ്ങൾ പ്രമേയംവഴി ആവശ്യപ്പെട്ടപ്പോൾ അതു തെററായി വ്യാഖ്യാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട്, ആത്മാഭിമാനമുള്ള ഒരു മുഖ്യമന്ത്രി ഇങ്ങനെയല്ലാതെ വല്ലതും ചെയ്യണമോയെന്ന് അങ്ങു ചോദിക്കുന്നു. ആത്മാഭിമാനം മുഖ്യമന്ത്രിയുടെ കുത്തകയാണോ ? പ്രാഥമിക പരിശോധനപോലും കൂടാതെ ക്യാപ്പിററൽ പണിഷ്മെൻറ് ഞങ്ങൾക്കു വിധിച്ചപ്പോൾ ആത്മാഭിമാനമുള്ള ഞങ്ങൾ എന്തുചെയ്യണം ? ആത്മാഭിമാനം ആരുടെയും കുത്തകയല്ല. കുഞ്ഞുമുന്നണിക്കുമുണ്ട് കുഞ്ഞാത്മാഭിമാനം; നിങ്ങൾക്ക് ഉമ്മിണി വലിയ ആത്മാഭിമാനമുണ്ടെങ്കിൽ.

പിന്നീട് അദ്ദേഹം ഞങ്ങളോട് അഭ്യർത്ഥിച്ചു, വളരെ ആത്മാർത്ഥതയോടുകൂടിയെന്നു തോന്നത്തക്കവിധത്തിൽ, ഐക്യമുന്നണിയെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ കൈക്കൊള്ളണമെന്ന്. എല്ലാം തട്ടിത്തകർത്തതിനുശേഷമാണ് സർ അദ്ദേഹം ഇതു പറഞ്ഞത്. ആത്മാഭിമാനത്തിന്റെ കാര്യം അദ്ദേഹം വളരെ ഊന്നിപ്പറയുന്നു. ആ ആത്മാഭിമാനത്തിന്റെ പ്രശ്നം ഇനിയും അദ്ദേഹത്തിനു കേൾക്കണമോ ? ബഹുമാനപ്പെട്ട ബാഫക്കി തങ്ങൾ ചെയ്ത പ്രസ്താവന മുഖ്യമന്ത്രിയെ വേദനിപ്പിച്ചു എന്ന് അദ്ദേഹം പറഞ്ഞല്ലോ. എന്താണ് ബാഫക്കി തങ്ങൾ ചെയ്ത പ്രസ്താവന ?

മുഖ്യമന്ത്രി വിദേശത്തേക്കു പോകുന്നു. എന്തു ചെയ്യണമെന്നു യാതൊരേർപ്പാടും ചെയ്യാതെ, ആ ഏർപ്പാടിനെപ്പററി ഞങ്ങളോടൊന്നും ആലോചിക്കാതെ, ആലോചിക്കാൻ ഞങ്ങൾ യോഗ്യതയുള്ളവരാണെന്നു കരുതാതെ അദ്ദേഹം പോകുന്നു. എല്ലാ വകുപ്പുകളും അദ്ദേഹത്തിന്റെ സഹമന്ത്രിമാർക്കു അദ്ദേഹം വീതിച്ചുകൊടുത്തു. എല്ലാവരുംകൂടി യോജിച്ചാണ് വകുപ്പു വീതിച്ചത്. കുഞ്ഞുസാഹിബ്ബിന്റെ വകുപ്പു ഐ. എസ്. പി. ക്കു കൊടുക്കണമെന്നു എല്ലാവരുംകൂടി തീരുമാനിച്ചതാണ്. കുഞ്ഞുസാഹിബ്ബ് പോയപ്പോൾ വകുപ്പെടുത്തു. തൽക്കാലം തീരുമാനിക്കുന്നില്ല, മുഖ്യമന്ത്രി വന്നിട്ടു തീരുമാനിക്കാമെന്നെങ്കിലും ബഹുമാനപ്പെട്ട ബാഫക്കിതങ്ങളെ അറിയിക്കേണ്ട ചുമതലയുണ്ടായിരുന്നില്ലേ? ആരാണു സാർ ഈ ബാഫക്കിതങ്ങൾ? ഈ മുന്നണിയുടെ വിജയത്തിനുവേണ്ടി ഗ്രാമഗ്രാമാന്തരങ്ങളിൽ, നഗരനഗരാന്തരങ്ങളിൽ രാപകലില്ലാതെ, ഊണില്ലാതെ ഉറക്കമില്ലാതെ അദ്ധ്വാനിച്ച ബാഫക്കിതങ്ങളോടു മുഖ്യമന്ത്രി ചെയ്തതു തെററായിപ്പോയി എന്നു പറയാൻപോലും ഞങ്ങൾക്കു അവകാശമില്ലെന്നു പറയുന്ന ന്യായത്തെയാണ് എതിർക്കുന്നത്. ശ്രീ. ബാഫക്കിതങ്ങൾ ഈ മുന്നണിക്കൊരന്യനാണോ? വലിഞ്ഞുകേറി വന്നവനാണോ? മുഖ്യമന്ത്രിയുടെ വലത്തെ സീററിൽ ഇരുന്ന എ. കെ. ഗോപാലൻ ചെയ്ത പ്രസ്താവനയെന്താണ്? അങ്ങയുടെ പൂർണ്ണ അനുമതിയോടുകൂടിയാണ് പ്രസ്താവന ചെയ്തതെന്നു അങ്ങു പറയുന്നു. അങ്ങ് അതു വായിച്ചുനോക്കിയോ? അതിൽ പറയുന്നത് ബാഫക്കിതങ്ങൾ ഭൂപരിഷ്കരണബില്ലിന് എതിരാണെന്നാണ്. മന്ത്രിസഭാകാര്യത്തെസംബന്ധിച്ച് ഒരു തീരുമാനമുണ്ടാകാത്തതു ശരിയല്ലെന്നു പറഞ്ഞാൽ ആത്മാഭിമാനത്തെ ചോദ്യംചെയ്യുക, ഞങ്ങളുടെ അനുയായികളെ ഞങ്ങളിൽനിന്നു തെററിക്കുക; സഹിച്ചു. അതിനുശേഷം ഇവിടെ എന്തെല്ലാം പ്രസ്താവനകളാണുണ്ടായത്. നമ്മുടെ ബഹുമാനപ്പെട്ട തൊഴിൽകാര്യ മന്ത്രി ഞങ്ങളെ സംബന്ധിച്ചു തെരുവീഥികളിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടിയുടെ ആഭിമുഖ്യത്തിൽ ചെയ്ത പ്രസ്താവനകൾ ആത്മാഭിമാനത്തെക്കുറിച്ചു പർവതപ്രസംഗം നടത്തുന്ന മുഖ്യമന്ത്രി, ഇനിയും സമയം കാണുമല്ലോ, ഒന്നു വായിച്ചുനോക്കണം. ബാഫക്കിതങ്ങളുടെ താടിരോമങ്ങൾ പിഴുതെടുക്കുമെന്നുവരെ അദ്ദേഹം പറഞ്ഞു. അതിലും കിഴിഞ്ഞ് അദ്ദേഹം ചിന്തിക്കാത്തതു ഞങ്ങളുടെ ഭാഗ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ജോർജ്ജ് തോമസ്: മുൻപും അദ്ദേഹം രോമത്തെപ്പററി പ്രസംഗിച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതെല്ലാം നമുക്കറിയാം. അത് അദ്ദേഹത്തിനു പല ഓമനപ്പേരുകളും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

മുഖ്യമന്ത്രി എം. എൻ. ഗോവിന്ദൻ നായരുടെ ഔദാര്യംകൊണ്ടല്ല മുഖ്യമന്ത്രിയായത് എന്നു പറയുകയുണ്ടായി. അക്കൂട്ടത്തിൽ എം. എൻ. ഗോവിന്ദൻ നായർ ഒരു മേൽവിലാസമുള്ളയാളാണെന്നും സമ്മതിച്ചു. ബാഫക്കിതങ്ങളുടെ ബിരിയാണി കണ്ടിട്ടാണ് എം. എൻ. ഗോവിന്ദൻ നായർ ഇടയ്ക്കിടെ കോഴിക്കോട്ടു പോകുന്നതെന്നു ഒരു മന്ത്രി (മന്ത്രിയാണു സർ) പറഞ്ഞു. അതും സഹിച്ചു. ഈ കാര്യങ്ങളെല്ലാം നിങ്ങൾ തെരുവീഥികളിൽ പറഞ്ഞു. സി. എച്ച്. മുഹമ്മദുകോയയുടെ എല്ല് ഐ. ആർ. എട്ടിനു വളമാക്കും, ബാഫക്കി തങ്ങളുടെ മൊട്ടത്തലയിൽ ഐ. ആർ. എട്ട്. കൃഷി ചെയ്യും എന്നൊക്കെ പറഞ്ഞു. തിരിച്ചു അങ്ങോട്ടു പറഞ്ഞിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാലും ആദ്യം പറഞ്ഞത് ആരാണ്? തെരുവീഥികളിലിറങ്ങി . ഇതുപോലുള്ള മുദ്രാവാക്യങ്ങൾ വിളിക്കുകയും പ്രസ്താവനകളിറക്കുകയും ചെയ്യുമ്പോൾ അതു ഐക്യ മുന്നണിക്കുവേണ്ടി സഹിച്ചുനിൽക്കണമെന്നാണോ പറയുന്നത്. ഇങ്ങനെ അവർ പറഞ്ഞപ്പോൾ മാർക്സിസ്ററു പാർട്ടിക്കാരുടെ തലയിൽ ഒന്നും വളരുകയില്ല, വളക്കൂറില്ലാത്ത തലയാണ് മാർക്സിസ്ററ് പാർട്ടിക്കാരുടേത് എന്നറിയാതെ ഞങ്ങളുടെ ആളുകൾ തിരിച്ച് അതുപോലെ അങ്ങോട്ടു പറഞ്ഞിട്ടുണ്ട്. എന്നാലും ആദ്യം പറഞ്ഞതാരാണ്. നാലു കക്ഷിക്കാർ കൂടി ആലോചിക്കുമെന്നു പറഞ്ഞു. ആലോചിക്കും. അകാരാദിക്രമത്തിൽ ആദ്യം ക്യാബിനററു വിളിച്ചുകൂട്ടുന്നത് ശ്രീ. അവുക്കാദർകുട്ടി നഹയാണെന്ന് ഞങ്ങൾ അറിയുന്നത് രാജ്ഭവനിൽനിന്നാണ്. എല്ലാം രാജ്ഭവനിൽ എത്തിയില്ലേ എന്ന് ശ്രീ. ടി. കെ. ദിവാകരൻ സ. അഴീക്കോടനോട് ചോദിച്ചു. പി. ടി. ഐ. യിലെ സ്നേഹിതൻമാർ ഞങ്ങളെ ഉപേക്ഷിച്ചിട്ടില്ലാത്തതുകൊണ്ട്, അൽപം കഴിഞ്ഞ് അവർ ഞങ്ങളെ വിളിച്ചുപറഞ്ഞു എല്ലാ അവകാശങ്ങളും മാർക്സിസ്ററു പാർട്ടിക്കു കൊടുത്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയത് എന്നു ഞങ്ങളറിഞ്ഞു. പോയതിൽ തെററില്ല, അദ്ദേഹം ചെയ്തത് തെററായിപ്പോയി എന്നു ബാഫക്കി തങ്ങൾ ഒരു പ്രസ്താവനയിറക്കിയതാണ് തെററ്. ബാഫക്കിതങ്ങൾ പ്രസ്താവനയിറക്കിയപ്പോൾ, അദ്ദേഹത്തിൻെറ തലയിൽ ഐ. ആർ. എട്ട്. കൃഷിചെയ്യുമെന്ന് മാർക്സിസ്ററു പാർട്ടി പറഞ്ഞു. എന്തെല്ലാം ഒരുക്കങ്ങൾ ചെയ്തിട്ടാണ് മുഖ്യമന്ത്രി പോയത്. ഇന്നയിന്ന കാര്യങ്ങൾ ചെയ്താൽ നമുക്കു വേണമെങ്കിൽ ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം പുനരാലോചിക്കാമെന്നു ഞങ്ങൾ പറഞ്ഞാൽ അത് അന്ത്യശാസനമായി വ്യാഖ്യാനിച്ചുകൊണ്ട്, അങ്ങനെയാണെങ്കിൽ അതു പറഞ്ഞവരെ ശരിപ്പെടുത്തിത്തരാം എന്ന നിലപാടാണ് മുഖ്യമന്ത്രി എടുത്തിരിക്കുന്നത്. ശ്രീ. വെല്ലിംഗ്ടൻെറ പേരിൽ അന്വേഷണം നടത്തണമെന്നു ഞങ്ങൾ പ്രമേയം പാസ്സാക്കി. കോൺഗ്രസ്സും കേരള കോൺഗ്രസ്സും പിന്തുണ നൽകിയോ എന്നതു പ്രശ്നമല്ല. ഇന്ദിരാഗാന്ധിയുടെ പേരിൽ അവിശ്വാസപ്രമേയം വന്നാൽ നിങ്ങൾ അനുകൂലിക്കുമോ ഇല്ലേ എന്നു കണ്ടറിയണം. കോൺഗ്രസ്സുകാർ അനുകൂലിക്കുമോ എതിർക്കുമോ എന്നുള്ളതു നോക്കാതെ പ്രമേയം അവതരിപ്പിച്ചുവെന്നുള്ളതു ശരിയാണ്. "കന്ദർപ്പാ നീ കളിക്കേണ്ടെന്നോട് ഞാൻ ശിവഭക്തനാം" എന്ന രീതിയിൽ പ്രസംഗിച്ചുകൊണ്ടു കളിച്ചുനടന്ന വെല്ലിംഗ്ടൻെറ വാക്കുകൾ അനവർത്ഥമാക്കുമാററ്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തെ രക്ഷിക്കുന്നതിനുവേണ്ടി മാർക്സിസ്റ്റുകാർ മുന്നണിയെ തകർത്തു. പോളിററ് ബ്യൂറോ പറഞ്ഞു അന്വേഷണം വരികയാണെങ്കിൽ കൂട്ടത്തോടെ വരുമെന്ന്; അതിനു മുഖ്യമന്ത്രി വരട്ടെ എന്ന്. മുഖ്യമന്ത്രി വരുമ്പോൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് അവർ തീരുമാനിച്ചു. അതു ചെയ്യാതെ ഏതാനും ദിവസം നീട്ടിക്കൊണ്ടുപോയിരുന്നെങ്കിൽ ഐക്യമുന്നണി ജീവിക്കുമെന്ന അബദ്ധമല്ലാതെ വേറെ യാതൊന്നും വരികയില്ലായിരുന്നു. ഐക്യമുന്നണി ജീവിക്കുന്നതിനേക്കാൾ പോളിററ് ബ്യൂറോയുടെ അന്തസ്സു പാലിക്കുകയാണ് നല്ലതെന്നു നിങ്ങൾ തീരുമാനിച്ചു. അതിനു നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്, ആ തീരുമാനത്തെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. പക്ഷെ അഖിലേന്ത്യാ പാർട്ടി നയം സ്വീകരിക്കുന്നതും പോളിററ് ബ്യൂറോ ഇടപെടുന്നതും ഒരുപോലെയാണെന്നുള്ള അർത്ഥത്തിൽ മുഖ്യമന്ത്രി പ്രസംഗിക്കുകയുണ്ടായി. അതു ശരിയല്ല. അഖിലേന്ത്യാ പാർട്ടി നിർദ്ദേശം നൽകുന്നതു പോലെയാണോ ഇന്നയിന്ന കാര്യങ്ങളാണ് കേരളത്തിൽ നടക്കാൻ പോകുന്നത്; കുഞ്ഞു സാഹിബ് മാറിനിൽക്കണം എന്നു തീരുമാനിക്കുന്നത്; വെല്ലിംഗ്ടനെതിരായി മാത്രം അന്വേഷണമില്ല എന്നു തീരുമാനിക്കുന്നത്? നിങ്ങളുടെ പോളിററ് ബ്യൂറോ പറയുന്നതല്ലാതെ ഒന്നും ഈ രാജ്യത്തു നടക്കുകയില്ല, നിങ്ങൾ നിശ്ചയിക്കുന്ന മാതിരിയല്ലാതെ ഒന്നും ഈ രാജ്യത്തു നടക്കുകയില്ല എന്നുള്ള ഒരു ബോധം ജനങ്ങളിലുണ്ടാക്കി, ഞങ്ങൾ ഇതിന്റെയെല്ലാം കൂടെ ഓടുന്നവർ മാത്രമാണെന്നുള്ള ഒരു സ്ഥിതിവിശേഷം വരുത്തിത്തീർക്കുന്നതിനെയാണ്, അല്ലാതെ പോളിററ് ബ്യൂറോ നയം സ്വീകരിക്കുന്നതിനെ സംബന്ധിച്ച കാര്യങ്ങളെയോ നിങ്ങൾക്കു ഉപദേശം നൽകുന്ന കാര്യങ്ങളെയോ അല്ല ഞങ്ങൾ എതിർക്കുന്നത്. പഞ്ചായത്ത്‌രാജ് ബിൽ റെഡിയായിരിക്കുമ്പോൾ അതല്ല വേറൊരു ബില്ലാണ് എടുക്കേണ്ടതെന്നും, ഇന്ന ബിൽ എടുത്തില്ലെങ്കിൽ ഞാൻ സഭയുടെ ഗേററിൽ സത്യാഗ്രഹം അനുഷ്ഠിച്ചുകളയുമെന്നും പറയാമോ എന്നുള്ളതിനെപ്പററിയൊക്കെ എനിക്കു സാങ്കേതികമായി സംശയമുണ്ട്. ഏതായാലും അതൊക്കെ നമ്മുടെ സഭ വളരെ ഔദാര്യപൂർവം കൈകാര്യം ചെയ്തുകഴിഞ്ഞ സ്ഥിതിക്ക് ഇപ്പോൾ ഞാൻ അതിനെപ്പററി ഒന്നും പറയുന്നില്ല. ഇതൊന്നും അന്തസ്സിന്റെ പ്രശ്നങ്ങളല്ല എന്നാണ് തീരുമാനിച്ചിരുന്നത്.

ഞാൻ മങ്കടയിൽനിന്നു ജയിച്ച് ഈ നിയമസഭയിൽ വന്നതു മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടിയുടെ ഔദാര്യം കൊണ്ടാണെന്നു അപ്പുറത്തിരിക്കുന്ന ചില സുഹൃത്തുക്കൾ പറയുകയുണ്ടായി. മങ്കട നിയോജകമണ്ഡലം എന്റെ മറെറാരു സ്നേഹിതൻ ശ്രീ. പാലൊളി മുഹമ്മദുകുട്ടി നേരിയ ഭൂരിപക്ഷത്തോടെ ജയിച്ചുവന്ന നിയോജകമണ്ഡലമായിരുന്നുവെന്നും ആ മണ്ഡലത്തിൽനിന്നും ഞാൻ ഐക്യമുന്നണിയുടെ സ്ഥാനാർത്ഥിയായി ജയിച്ചുവന്നു എന്നുള്ളതും സത്യമാണ്. അതിനുമുമ്പും ഞാൻ വേറെ നിയോജകമണ്ഡലങ്ങളിൽ സ്ഥാനാർത്ഥിയായി നിന്നും ജയിച്ച് ഇവിടെ വന്നിട്ടുണ്ട്. കോൺഗ്രസ്സും കമ്മ്യൂണിസ്ററു പാർട്ടിയും കൂടി ഒന്നിച്ച് എന്നെ എതിർത്തപ്പോഴും ഞാൻ ജയിച്ചുവന്നിട്ടുള്ള ചരിത്രം ശ്രീ. നമ്പൂതിരിപ്പാടു മറന്നിട്ടുണ്ടായിരിക്കയില്ല. (പലപ്പോഴും അദ്ദേഹം 1964 നു അപ്പുറത്തുള്ള ചരിത്രം മറന്നു പോകാറുണ്ട്) എനിക്കെതിരായി അന്നു കോൺഗ്രസ്സും കമ്മ്യൂണിസ്ററു പാർട്ടിയും ഐക്യമുണ്ടാക്കി പ്രവർത്തിച്ചപ്പോഴും ഞാൻ താനൂരിൽനിന്നു ജയിച്ചുവന്നിട്ടുള്ളതാണ്. മങ്കടയിൽനിന്നു കമ്മ്യൂണിസ്ററു പാർട്ടിയുടെ സഹായത്തോടുകൂടി വന്നുവെന്നുള്ളതു ഒരു ചരിത്രസത്യം തന്നെയാണ്. പക്ഷെ ഈയിരിക്കുന്ന കമ്മ്യൂണിസ്ററ് മെമ്പർമാർക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ]

അവരുടെ ഹൃദയത്തിൽ കൈവെച്ചുകൊണ്ടു പറയാമോ മുസ്ലീം ലീഗ് സഹായിച്ചില്ലായിരുന്നെങ്കിൽ അവരെല്ലാം ജയിക്കുമായിരുന്നുവെന്ന്; ഇത്രയും സീററു കിട്ടുമായിരുന്നുവെന്ന്? അങ്ങനെ പറയാമെങ്കിൽ ഈ വർഷത്തെ ഏററവും വലിയ നുണ പറഞ്ഞതിനുള്ള സമ്മാനം ഞാൻ അവർക്കു കൊടുക്കേണ്ടതായിവരും. അവർക്കു പറയാൻ കഴിയുകയില്ല. നാം അന്യോന്യം സഹായിച്ചുവെന്നുള്ളതാണ് സത്യം. അപ്പോൾ നിങ്ങൾ സഹായിച്ചതും ഞങ്ങൾ നിങ്ങളെ സഹായിച്ചതും ഒന്നുമല്ല ഇപ്പോഴത്തെ പ്രശ്നം. രണ്ടോ മൂന്നോ സീററു കിട്ടിയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു പാർട്ടിയുടെ അന്തസ്സിനെപ്പററി പറയാനല്ല നമ്മൾ ഇവിടെ വന്നിട്ടുള്ളത്. കമ്മ്യൂണിസ്ററു പാർട്ടിക്ക് നിയമസഭയുടെ ആദ്യകാലങ്ങളിൽ എത്ര സീററുണ്ടായിരുന്നു? ഞങ്ങളുണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾക്കു ഇത്രയും സീററ് കിട്ടുകയില്ലായിരുന്നുവെന്ന്, ഐക്യമുന്നണിയുണ്ടാക്കിക്കഴിഞ്ഞ ശേഷം പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. ഇ. എം. ജോർജ്ജ്: 1967–ലെ ഐക്യമുന്നണികൊണ്ടു മാന്യത ലഭിച്ചത് മാർക്സിസ്ററു പാർട്ടിക്കാണെന്നു ജനാബ് സി. എച്ച്. മുഹമ്മദുകോയ പ്രസംഗിച്ചില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശ്രീ. ജോർജ്ജ് എല്ലാ ദിവസത്തേയും പത്രം വായിക്കാത്തതുകൊണ്ടുള്ള തകരാറാണ്. ജോലിത്തിരക്കിനിടയിൽ ചില ദിവസത്തെ പേപ്പർ മാത്രം വായിക്കും. അതുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്. എ. കെ. ജി. പറഞ്ഞിട്ടുണ്ട് മുസ്ലീം ലീഗിന് നിങ്ങൾ മാന്യത നൽകിയെന്ന്. അതിനു മറുപടിയാണു ഞാൻ പറഞ്ഞത്. നമ്മൾ ഒരുമിച്ചു നിന്നപ്പോൾ പിണ്ടി-പീക്കിംഗ് ഏജൻറുമാർ ആണെന്നൊക്കെ ആളുകൾ പറഞ്ഞിരുന്നില്ലേ? മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് അന്നു മാന്യതയുണ്ടായിരുന്നോ? പൊതുജനങ്ങൾക്കു നിങ്ങൾ സ്വീകാര്യരായിരുന്നില്ല. നമ്മൾ യോജിച്ചപ്പോൾ പിണ്ടി-പീക്കിംഗ് ഏജൻറുമാർ എന്നു പറഞ്ഞപ്പോൾ നിങ്ങൾ ഞങ്ങൾക്കു മാന്യതയുണ്ടാക്കിത്തന്നോ? ഞങ്ങൾ അത്ര മാന്യത കുറഞ്ഞവരൊന്നുമല്ല. ഇൻഡ്യയുടെ രാഷ്ട്രീയചരിത്രത്തിന്റെ എല്ലാ നാഴികക്കല്ലുകളിലും ഞങ്ങൾ പല സംഘടനകളുമായി ഐക്യമുണ്ടാക്കി പ്രവർത്തിച്ചിട്ടുണ്ട്. ഈ രാജ്യത്തെ ചരിത്രത്തിൽ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും പലവിധത്തിലുമുള്ള കൂട്ടുകെട്ടുകളുമുണ്ടാക്കി പല സ്ഥാനങ്ങളിലും കയറിയിരിക്കുകയും ഇറങ്ങിപ്പോകുകയും ചെയ്തിട്ടുള്ളവരാണ് ഞങ്ങൾ. അതുകൊണ്ട് തീരെ മാന്യത കുറഞ്ഞ കൂട്ടരുമായല്ല നിങ്ങൾ സംബന്ധം ചെയ്തത് എന്നു നിങ്ങൾ മനസ്സിലാക്കിയാൽ മതി. വൃദ്ധികൊണ്ടു ഞങ്ങളും പറയണ്ട മന്തുകൊണ്ടു നിങ്ങളും പറയണ്ട എന്നു പൊന്നാനിയിൽ ഒരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണിത്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം നമുക്ക് അന്യോന്യം പ്രത്യേകമായി ഒന്നും പറയേണ്ടതില്ല. മാന്യത നിങ്ങൾക്കുണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങൾക്കും ഉണ്ടായിട്ടുണ്ട്.

മദ്ധ്യസ്ഥതയെപ്പററി ഇവിടെ പറഞ്ഞു. ഞങ്ങളുടെ പേരിൽ എന്തു ആരോപണം വേണമെങ്കിലും പറഞ്ഞുകൊള്ളു. പ്രചരണതന്ത്രങ്ങൾ ചിലർ വിശ്വസിച്ചേക്കാം. പക്ഷെ ഞങ്ങൾ വാക്കു പാലിക്കുന്നവരാണ്. ഞങ്ങൾ പറയുന്നതുപോലെ പ്രവർത്തിക്കുകയും വാക്കു പാലിക്കുകയും ചെയ്യുന്നവരാണെന്ന് കേരളത്തിലെ എല്ലാ കക്ഷിക്കാർക്കും, ഞങ്ങളുടെ ശത്രുക്കൾക്കും മിത്രങ്ങൾക്കും വിശ്വാസമുണ്ട്. ഞങ്ങൾ മദ്ധ്യസ്ഥത

LIBRARY ARCHIVES Kerala Legislative Assembly

വഹിച്ചിരുന്നു. ഒരു കാര്യത്തിലും ഞങ്ങൾ കക്ഷി പിടിച്ചിട്ടില്ല. മദ്ധ്യസ്ഥത വഹിക്കുന്നവർ അങ്ങനെയാണ് വേണ്ടത്. ചിലർ മോശക്കാരും കൊള്ളരുതാത്തവരുമാകുന്നു എന്ന രീതിയിൽ പെരുമാറുകയല്ല മദ്ധ്യസ്ഥത സംബന്ധിച്ച നയം. അന്യോന്യം ആരോപണങ്ങൾ ഉന്നയിക്കുന്നതു തെററാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അഴിമതിയന്വേഷണത്തിനു ഇടക്കാല മെഷീനറി വേണമെന്നു ഞങ്ങൾ പറഞ്ഞതിനെപ്പററി തർക്കമുണ്ടായിട്ടുണ്ട്. കോ-ഓർഡിനേഷൻ കമ്മിററി തർക്കിച്ചു. പോളിററ് ബ്യൂറോയുടെ സമ്മതം കൂടാതെ തീരുമാനിക്കാൻ കഴിയുകയില്ലെന്ന നിലപാടായിരുന്നു. ഞാൻ ഒരു പ്രമേയം അവതരിപ്പിച്ചു. ശ്രീ. അബു ആ അഭിപ്രായക്കാരനായിരുന്നു. ഭരണഘടനാവിദഗ്ദ്ധനായ മത്തായി മാഞ്ഞൂരാനൊഴികെ ബാക്കിയുള്ളവരെല്ലാം നിയമസഭാക്കമ്മിററിയായിരിക്കും നല്ലതെന്നുള്ള അഭിപ്രായക്കാരായിരുന്നു. 'ഞാൻ അതിൻെറ തത്വത്തോടു ഒരതിരുവരെ യോജിക്കുന്നു' എന്നു മുഖ്യമന്ത്രി കോ-ഓർഡിനേഷൻ കമ്മിററിയിൽ സമ്മതിച്ചു. അങ്ങനെ പറഞ്ഞതിനുശേഷമാണ് വലിയേട്ടൻമനോഭാവമുള്ള ശ്രീ. കണാരൻ അടുത്ത മീററിംഗിൽ ഒരു പാംഫ്ലെററ് പ്രസിദ്ധപ്പെടുത്തിയത്; ഇടക്കാല മെഷീനറിയെപ്പററി ഞങ്ങളാലോചിക്കുകയില്ല അതൊരു പ്രശ്നമേയല്ല എന്നു പറഞ്ഞത്. ഇടക്കാല മെഷീനറി ആവശ്യമില്ല. പബ്ലിക്ക്മെൻ ഇൻക്വയറി ബിൽ പത്തു ദിവസത്തിനകം പാസ്സാക്കിത്തരാമെന്നാണ് പറഞ്ഞത്. ബിൽ കഠിനമായ സ്പീഡിൽ പോകുകയുമായിരുന്നു. അപ്പോൾ സെലക്ട് കമ്മിററിയിൽ ഒരു ഘട്ടത്തിൽ ശ്രീ. സി. ബി. സി. വാര്യർ പറഞ്ഞു നമുക്ക് ഇപ്പോൾ പിരിയാം, ഇനിയും താമസമുണ്ട് എന്ന്. അപ്പോൾ ബിൽ പഞ്ചാബ് മെയിലിൻെറ സ്പീഡിൽ പോകുകയായിരുന്നു. ആഗസ്ററ് 15-ാം തീയതിക്കുമുമ്പ് ബിൽ പാസ്സാക്കിത്തരാമെന്ന്, എൻെറ അറിവു ശരിയാണെങ്കിൽ, ബഹുമാനപ്പെട്ട അബുവിൻെറ നേതാവായ ശ്രീ. ജോർജ്ജ് ഫെർണാണ്ടസിന് മുഖ്യമന്ത്രി എഴുതിക്കൊടുത്തിട്ടുണ്ട്. ആ അറിവു ശരിയായിരിക്കാം, തെററായിരിക്കാം. എന്നാൽ അതു പാസ്സാക്കിയിരുന്നെങ്കിൽ ഇടക്കാല മെഷീനറി വേണമെന്നാവശ്യപ്പെടുമായിരുന്നോ? അതു പാസ്സാക്കുന്നതിനിടയിൽ എന്താണ് ചെയ്തത്? അതെല്ലാം അവിടെ നിൽക്കട്ടെ. ബില്ലു സംബന്ധിച്ചു എന്താണു പറഞ്ഞത്? മുഖ്യമന്ത്രി ബില്ലിന് അതീതനായിരിക്കണം, എക്സിക്യൂട്ടീവ് പൗവേഴ്സ് ഇല്ലാത്ത എം. എൽ. എ. മാർ അതീതൻമാരായിരിക്കണം എന്നൊക്കെയാണ് പറഞ്ഞത്. അന്യോന്യം ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ ലംഘിച്ചുകൊണ്ട് ആദ്യമായി ആരാണ് നിയമസഭയിൽ ആരോപണങ്ങൾ ഉന്നയിച്ചത്? ഞങ്ങൾ ഉന്നയിച്ചിട്ടുണ്ടോ? ഇന്നലെ വളരെ ആവേശപൂർവം പ്രസംഗിച്ച ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ള ഞങ്ങളുടേതടക്കമുള്ള എല്ലാ മന്ത്രിമാർക്കുമെതിരായി, അന്നു പ്രസക്തിയില്ലാഞ്ഞിട്ടുപോലും ആരോപണങ്ങളെല്ലാം വായിച്ചിട്ടു ഓടിക്കളയുകയാണ് ചെയ്തത്. വാസ്തവത്തിൽ അന്ന് അങ്ങനെ കൊണ്ടുവരേണ്ട യാതൊരാവശ്യവുമുണ്ടായിരുന്നില്ല. വെല്ലിംഗ്ടൻെറ പേരിൽ ഞങ്ങൾ ആരോപണം കൊണ്ടുവന്നതിന് ഇങ്ങനെയാണോ പ്രതികാരം ചെയ്യുന്നത്? മററു പാർട്ടികളുടെ പേരിലും ആരോപണങ്ങൾ കൊണ്ടുവന്നു. ആ ആരോപണങ്ങൾ നേരത്തെ കൊണ്ടുവന്ന ആരോപണങ്ങൾ തന്നെയാണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അതു വേറെ ആരോപണങ്ങൾ കിട്ടാത്തതുകൊണ്ടാണ്. പണ്ടൊരു മന്ത്രവാദി പുത്തൻകലം ഇല്ലെങ്കിൽ പഴുത്ത മത്തൻ കൊണ്ടു ഒപ്പിക്കാം എന്നു പറഞ്ഞതു പോലെ, പുതിയ ആരോപണങ്ങൾ കിട്ടിയില്ലെങ്കിൽ പഴയതുകൊണ്ടു ഒപ്പിക്കാമെന്ന മട്ടിലാണ്--ഇന്ദുലേഖയില്ലെങ്കിൽ മാധവി മതി എന്ന മട്ടിലാണ്—ആരോപണങ്ങൾ എടുത്തുകൊണ്ടുവന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ]

ആരോപണം തേടിപ്പോയ മാർക്സിസ്ററുകളുടെ അഴിമതിയെപ്പററി ഒന്നും പറയാനില്ലേ? അവരുടെ കാറുകളൊക്കെ പെപ്പെപ്പേ....എന്നു പറയുന്നതിനു പകരം അഴിമതി....അഴിമതി....എന്നാണ് ശബ്ദിക്കുന്നത്. അതിനെപ്പററി ഞാനൊന്നും പറയുന്നില്ല. അവർ നാടിൻെറ നാനാഭാഗങ്ങളിലും, അമ്മികൊത്താനുണ്ടോ എന്നു വിളിച്ചുചോദിക്കുന്നതുപോലെ, അഴിമതിയാരോപണമുണ്ടോ, തോമസിൻെറ പേരിൽ അഴിമതിയാരോപണമുണ്ടോ, മുഹമ്മദുകോയയുടെ പേരിൽ അഴിമതിയാരോപണമുണ്ടോ എന്നു വിളിച്ചുനടന്നു 'ആരോപണങ്ങൾ' ശേഖരിച്ചശേഷം പൂർവകാല നിബന്ധനകളെയെല്ലാം ലംഘിച്ചുകൊണ്ടു നിയമസഭയിൽ ആരോപണങ്ങളുന്നയിച്ചശേഷം, അങ്ങനെ മന്ത്രിമാരുടെയെല്ലാവരുടേയും പേരിൽ കരിവാരിത്തേച്ചശേഷം, ഐക്യം ഐക്യം എന്നു പറയുന്നതിനു എന്താണർത്ഥം? അതെല്ലാം സ്വയം ന്യായീകരിച്ചുകൊണ്ടു, ഇതുസംബന്ധിച്ചു സംസാരിക്കാനോ കൂടിയാലോചന നടത്താനോ ഘടകകക്ഷികളെ വിളിക്കാൻ നേരമില്ലാതെ, വെല്ലിംഗ്ടൻെറ പേരിൽ ആരോപണമുന്നയിച്ചോ, എന്നാൽ പിടി! എന്നു പറഞ്ഞുകൊണ്ടു ഐക്യമുന്നണിയുടെ അകാല നിര്യാണത്തിന് ഇടയാക്കിയിട്ടു അതിൻെറ ഉത്തരവാദിത്വം ഞങ്ങൾ വഹിക്കണമെന്നു പറഞ്ഞാൽ അതിനു ഞങ്ങൾ തയ്യാറില്ല, അതിൻെറ ഉത്തരവാദിത്വം നിങ്ങൾ തന്നെ വഹിക്കാതെ നിവൃത്തിയില്ലെന്നു പറയാൻവേണ്ടിമാത്രമാണ് ഞാൻ എഴുന്നേററുനിന്നത്.

ബഹുമാനപ്പെട്ട അബുവിൻെറ പ്രസംഗം ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. ബഹുമാനപ്പെട്ട ഭാരതിയുടെ പ്രസംഗവും ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. അത് ഫലിതമാണെന്നു പറഞ്ഞാൽ ശരിയാകുകയില്ല, എന്താണെന്നു ഞാൻ പറയുന്നില്ല, പറയാൻ പ്രയാസമാണ്. എസ്. എസ്. പി. ക്കാരെ ആരെയൊക്കെയോ മാർക്സിസ്ററുകാർ കൊന്നിട്ടുണ്ട്, അഞ്ചാളുകളെ അവർ അങ്ങോട്ടും കൊന്നിട്ടുണ്ട്, ബാക്കിയുള്ളതൊക്കെ ശരിപ്പെടുത്തും അതിനുശേഷം ഞങ്ങൾ മുന്നണിയിൽ ധീരമായി നിൽക്കുകയാണ് എന്നൊക്കെ പറഞ്ഞപ്പോൾ, വാസ്തവത്തിൽ കർത്താവേ ഇവരോടു പൊറുക്കണമേ, ഇവരറിയുന്നില്ല ഇവരെന്താണു ചെയ്യുന്നതെന്നു പറയാൻ തോന്നിപ്പോയി.

ശ്രീ. കെ. കെ. അബു: വ്യഭിചാരികളും കള്ളന്മാരും കൊള്ളക്കാരും പങ്കാളിത്തം വഹിക്കുന്ന മന്ത്രിസഭയിൽ ഇരിക്കണമെന്നാണോ പറയുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിൽ വ്യഭിചാരം മുതലായ പദങ്ങൾ ഞാൻ ശ്രീ. അബുവിനുതന്നെ മടക്കിത്തരുന്നു.

ശ്രീ. കെ. കെ. അബു: ഒരു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരു ചോദ്യത്തിനു വഴങ്ങി. ഇനി ചോദ്യമൊന്നും വേണ്ട.

മന്ത്രിസഭയിൽ ഇരുന്നുകൊണ്ടു പ്രമേയം പാസാക്കാൻപാടില്ല എന്നു ആർക്കു പറയാൻ കഴിയും. അഴിമതിയാരോപണത്തെപ്പററി അന്വേഷണം നടത്തണമെന്നു പ്രമേയം പാസ്സാക്കിക്കഴിഞ്ഞശേഷം, ആ പ്രമേയം അംഗീകരിച്ചോ ഇല്ലയോ എന്നതിനെക്കുറിച്ച് എത്ര ദിവസം തർക്കിച്ചു? കോ-ഓർഡിനേഷൻ കമ്മിററിയിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പറയുന്നതു എല്ലാവർക്കുമെതിരായി അന്വേഷണം നടത്തണമെന്നാണ്. ശ്രീ. പി. ആർ. കുറുപ്പിനും കൂട്ടർക്കും എതിരായി അന്വേഷണം നടത്തുന്നതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

മററുള്ളവർക്കെതിരായിട്ടും നടത്തേണ്ടതല്ലേ ? എന്നു ചോദിക്കുന്നു എങ്കിൽ അതു മുഖവിലയ്ക്കു സ്വീകരിക്കുന്നു. എസ്. എസ്. പി. യുടെ വാക്കുകൾ മുഖവിലയ്ക്കു സ്വീകരിക്കാമോ എന്നുള്ളതിന്റെ ഒരു പരീക്ഷണമാണിത്. എല്ലാവരും അന്വേഷണത്തിനു വിധേയമായി നിൽക്കുകയാണ്. കുറെ ആളുകളുടെ പേരിൽ മാത്രം അഴിമതി അന്വേഷണം നടത്തരുതെന്നു പറഞ്ഞാൽ എസ്. എസ്. പി. അതിനെതിരായി കൈപൊക്കുമോ? അതു ചരിത്രം രേഖപ്പെടുത്താൻ പോകുകയാണ്. അഴിമതിക്കെതിരായി ചെയ്ത ഗിരിപ്രഭാഷണങ്ങൾക്ക് പിന്നിൽ, അഴിമതിക്കാരെ മന്ത്രിസഭയിൽ ഇരുത്താനുള്ള സൗകര്യമുണ്ടോ എന്നുള്ള ആലോചനയോടുകൂടി, അഴിമതിക്കാരുടെ പിന്നിൽ നിൽക്കാനുള്ള ആലോചന എസ്. എസ്. പി. ക്ക് ഉണ്ടായിരുന്നോ എന്ന് ആരും തെററിദ്ധരിക്കത്തക്ക രീതിയിൽ ബഹുമാനപ്പെട്ട ഭാരതിയുടെ പാർട്ടി പ്രവർത്തിക്കുകയില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഞങ്ങൾ ചെയ്ത പ്രസ്താവന ജോർജ്ജ് ഫെർണാണ്ടസ് ചെയ്ത പ്രസ്താവനയുടെ ചുരുക്കം മാത്രമാണ്. അദ്ദേഹം പറയാത്തതൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. ഇവർ പലരുടെയും കൂറു ജോർജ്ജ് ഫെർണാണ്ടസിനോടാണോ? അതോ തൽക്കാലമായ ഗുണമുണ്ടാക്കുന്ന ആളുകളോടാണോ? അതിനെപ്പററിയെല്ലാം ഏതാനും മണിക്കൂറുകൾക്കകം തീരുമാനിക്കാൻ കഴിയുമെന്നുള്ളതുകൊണ്ടു ഇപ്പോൾ ക്രൂരമായി ഒന്നും ഞാൻ പറയുന്നില്ല. എസ്. എസ്. പി. സ്നേഹിതന്മാരാണ് ഇവിടെ ആദ്യത്തെ അനൈക്യത്തിന്റെ വിത്തു പാകിയത്. മി. അബുവിന്റെ ഭാഷയിൽ ആത്മാവില്ലാതായിത്തീർന്ന മുന്നണി ഇന്നു ഈ സ്ഥിതിയിലായിരിക്കുകയാണ്. അഖിലേന്ത്യാ പ്രമേയമനുസരിച്ചു കച്ചിൽ സത്യാഗ്രഹത്തിനുപോകാൻ കൂട്ടാക്കാതെ അവർ ഭിന്നിപ്പുണ്ടാക്കി ഇതിന്റെ ആത്മാവു നഷ്ടപ്പെടുത്തി. ആത്മാവില്ലാത്ത മുന്നണിയുടെ പ്രേതത്തിനു കാവൽക്കാരായി ശ്രീ. അബുവും മററും എത്രകാലം ഈ മുന്നണിയിൽ നിൽക്കുമെന്നു തീരുമാനിക്കേണ്ടതു അവർതന്നെയാണ്. അതിനെപ്പററി വിധിയെഴുതേണ്ടത് ചരിത്രവും.

ഞങ്ങൾ സ്ഥാപിത താല്പര്യക്കാരാണെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിയ ശിഷ്യനായ ചാത്തുണ്ണിമാസ്ററർ പറയുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഞങ്ങൾക്കു സ്ഥാപിത താൽപര്യമുണ്ടെന്ന്. ഞങ്ങൾക്കു രണ്ടു കക്ഷികൾക്ക് കൂട്ടു സ്ഥാപിതതാൽപര്യമാണുണ്ടായിരുന്നത് എന്നു ജനസംഘം വാദിച്ചിരുന്നു. അവർക്കു സ്ഥാപിത താൽപര്യ മുണ്ടായിരുന്നുവെന്നു മററു ചിലർ പറയുന്നതു പ്രകാരാന്തരേണ ചാത്തുണ്ണിമാസ്ററർ സമ്മതിക്കുകയാണ് ചെയ്തിരിക്കുന്നത്. മുസ്ലീം ലീഗിൽ കുറെ ജൻമിമാരുണ്ട്, പ്രമാണിമാരുണ്ട്, മുതലാളിമാരുണ്ട്. ഞങ്ങൾ ഭൂപരിഷ്കരണ ബില്ലിലെ ഏതെങ്കിലും വ്യവസ്ഥയെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നത് ഞങ്ങളുടെ കക്ഷിയിൽ എത്ര ജൻമിമാരും പ്രമാണിമാരും ഉണ്ടെന്നുള്ളതിനെ ആശ്രയിച്ചല്ല. ജന്മിമാരും പ്രമാണിമാരുമുണ്ടായിരിക്കാം. എന്നാൽ ഏറനാടിലും വള്ളുവനാട്ടിലുമുള്ള അദ്ധ്വാനിക്കുന്ന പാവപ്പെട്ട അനേകായിരം കർഷകർ ഞങ്ങളുടെ പിന്നിലുണ്ടെന്നു അറിയാവുന്നതുകൊണ്ടാണ് ഞങ്ങൾ ഭൂപരിഷ്കരണ ബില്ലിനെ അനുകൂലിക്കാൻ തീരുമാനമെടുത്തതു. മുസ്ലീംലീഗിൽ മാത്രമേ ജൻമിമാരുള്ളോ? ഏലംകുളം മനയ്ക്കലെ നമ്പൂതിരിപ്പാടിന്റെ പാർട്ടിയിൽ ജൻമിമാരില്ലേ ? നായനാരും സി. ബി. സി. വാര്യരുമൊക്കെ എത്രയോ ഭൂമിയുടെ ജൻമാവകാശമുള്ളവരല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഒരുപേഴ്സണൽ എക്സപ്ലനേഷന് അനുവാദം നൽകണം.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ശ്രീ. വാര്യരുടെ അച്ഛൻ കുടിയിറക്കിയതും അപ്പോൾ ശ്രീ. വാര്യർക്ക് വിഷമം തോന്നിയതും ഒക്കെ വാര്യരുടെ സ്നേഹിതന്മാർക്കെല്ലാം അറിയാം.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: വിഷമമെങ്കിലും ഉണ്ടായി.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വിഷമം മാത്രമേ ഉണ്ടാകുകയുള്ളു. ഞാൻ അതിനെപ്പററി കൂടുതൽ ഒന്നും പറയുന്നില്ല. ഞങ്ങളുടെ പാർട്ടിയിൽ ജൻമിമാരുണ്ട്. മമ്മു കേയി വലിയ ജൻമിയാണെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ കൈവശമുള്ള ഭൂസ്വത്തുക്കൾ ആരെങ്കിലും കൈമാററാൻ തയ്യാറുണ്ടോ? പാർട്ടി എടുക്കുന്ന തീരുമാനമാണ് പാർട്ടിയുടെ തീരുമാനം. എത്ര ജൻമിമാർ പാർട്ടിയിലുണ്ടെന്നു വച്ചിട്ടല്ല പാർട്ടി തീരുമാനമെടുക്കുന്നത്. വാസ്തവത്തിൽ ഭൂമി എന്തെങ്കിലും ഉള്ളവർ ഇതുമാതിരിയുള്ള ബില്ലിനെ അനുകൂലിക്കുന്നതിലാണ് അർത്ഥമുള്ളത്, ത്യാഗമുള്ളത്. അല്ലാതെ മുകളിലോട്ടു നോക്കിയാൽ ആകാശവും താഴോട്ടു നോക്കിയാൽ ഭൂമിയും ഉള്ളവർ ഭൂപരിഷ്കരണ ബില്ലു പാസ്സാക്കിയാൽ എന്തു വിശേഷം? കുറെയൊക്കെ വിട്ടുവീഴ്ച ചെയ്യാൻ ഉള്ളവർ അതു പാസ്സാക്കുന്നതിലാണ് വിശേഷമുള്ളത്.

ഞങ്ങൾക്ക് നിക്ഷിപ്ത താൽപര്യമുണ്ടെന്നു നിങ്ങൾ പറഞ്ഞാൽ അതു ഈ രാജ്യത്തു വിലപ്പോകുകയില്ല. അതു നിങ്ങൾ നിയമസഭയിൽ പറയണമായിരുന്നോ? പ്ലാററ്ഫാറങ്ങളിൽ പറഞ്ഞാൽ പോരായിരുന്നോ? അതൊക്കെ നമുക്കുപിന്നെ പറയാം. കൂടുതൽ സീററുകൊണ്ടോ മന്ത്രിസ്ഥാനം കൊണ്ടോ അഹങ്കാരംകൊണ്ടോ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഞങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്കൊന്നും നിങ്ങൾ മറുപടിപറഞ്ഞിട്ടില്ല. മധ്യസ്ഥൻ എന്നുള്ള നിലയിൽ മാത്രമേ ഞങ്ങളുടെ പാർട്ടി പ്രവർത്തിച്ചിട്ടുള്ളു. ആരേയും ആക്ഷേപിക്കുന്നത് മധ്യസ്ഥന്റെ ചുമതലയല്ലായിരുന്നു. എന്നിട്ടും ആക്ഷേപിക്കേണ്ടിടത്ത് ആക്ഷേപിച്ചു. മധ്യസ്ഥത എന്നു പറഞ്ഞാൽ മാർക്സിസ്ററുപാർട്ടി പറയുന്നതുപോലെ കേൾക്കുകയല്ല. ബാഫഖിതങ്ങളുടെ പ്രസ്താവന നമ്പൂതിരിപ്പാടിനെ വേദനിപ്പിച്ചുവെന്നു പറഞ്ഞു. ഏ. കെ. ജി. അടക്കമുള്ളവരുടെ പ്രസ്താവനകൾ ഞങ്ങളെയും വേദനിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പ്രചരണങ്ങൾകൊണ്ടു കാര്യം നേടാമെന്നാണെങ്കിൽ അതു നടക്കുകയില്ല എന്നു വിനയപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭ മുമ്പാകെ 17-ാം തീയതി നടത്തിയ പ്രസ്താവനയ്ക്ക് ആധാരമായ കോഴിക്കോടു പ്രമേയം ബഹുമാനപ്പെട്ട ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാതെ ഈ ചർച്ചകൾ അവസാനിപ്പിക്കുന്നത് ശരിയല്ല എന്നുള്ളതാണ് ആ പ്രമേയം ഈ സഭ മുമ്പാകെ വായിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നത്. ഞാൻ ആ പ്രമേയം വായിക്കുകയാണ്:

"ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പററി ഒരന്വേഷണം നടത്തണമെന്ന നിയമസഭയുടെ പ്രമേയം നടപ്പിലാക്കുന്ന കാര്യത്തിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി സ്വീകരിച്ചിരിക്കുന്ന പ്രമേയം ഐക്യമുന്നണിഭരണത്തിന്റെ സുഗമമായ പ്രവർത്തനത്തെ അപകടത്തിലാക്കിയിരിക്കുന്നു. പ്രമേയം പാസ്സായി നിമിഷങ്ങൾക്കകംതന്നെ മുൻ തീരുമാനപ്രകാരം കൂടാനിരുന്ന മന്ത്രിസഭായോഗം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മന്ത്രി ശ്രീമതി ഗൗരി തോമസ് ഏകപക്ഷീയമായി മാററി വയ്ക്കുകയുണ്ടായി. മാർക്സിസ്ററു പാർട്ടിയും കെ. ടി. പി., കെ. എസ്. പി. മന്ത്രിമാരും ചേർന്ന് ഒരു ഗൂഢാലോചന നടത്തി ഐക്യമുന്നണിയുടെ സ്പീക്കർക്കെതിരായി അവിശ്വാസ പ്രമേയത്തിനു നോട്ടീസ് നൽകി. നിയമസഭാ നടപടികൾ സമാധാനപരമായി നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിവിശേഷം മനഃപൂർവ്വം സൃഷ്ടിച്ച് ആരെയും പ്രകോപിപ്പിക്കത്തക്കവണ്ണമുള്ള അട്ടഹാസങ്ങളും അസഭ്യങ്ങളും നിയമസഭയിൽ ഉയർത്തി. ജീവനെപ്പോലും ഭീഷണിപ്പെടുത്തിക്കൊണ്ടുള്ള വെല്ലുവിളികൾ തൊഴിൽ കാര്യമന്ത്രിയിൽനിന്നും ഉണ്ടായി. ഖേദം പ്രകടിപ്പിക്കണമെന്നുള്ള എല്ലാ കക്ഷിനേതാക്കന്മാരുടെയും അഭ്യർത്ഥനപോലും ലേബർ മന്ത്രി നിഷേധിച്ചും അതിനപ്പുറവും കടന്ന് രാജ്യത്ത് ഒരു ആഭ്യന്തരയുദ്ധത്തിനുതന്നെ തൊഴിൽമന്ത്രി പരസ്യമായി ആഹ്വാനം ചെയ്തു.

നിയമസഭാ സമ്മേളനരംഗത്ത് ഈ വിധ നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ ഭരണരംഗത്ത് നിയമസമാധാനം അപകടത്തിലാകുന്ന സംഭവങ്ങൾക്ക് രാജ്യത്തുടനീളം മാർക്സിസ്റ്റ് കമ്മ്യൂണിസ്ററു പാർട്ടി വ്യക്തമായും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. ഗവൺമെൻറു ഭൂമിയും സ്വകാര്യഭൂമിയും ബലമായി കൈയ്യേറുവാനുള്ള മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിപ്രവർത്തകരുടെ പരസ്യാഹ്വാനവും തുടർന്നുള്ള കൈയേററവും പല സ്ഥലത്തും പരസ്പര സംഘട്ടനങ്ങൾക്കും കലാപത്തിനും വഴിതെളിച്ചു. തൊഴിൽ സമരങ്ങൾപോലും വിഭാഗീയ രാഷ്ട്രീയ പോരുകൾക്കുള്ള രംഗങ്ങളായി മാറുകയാണ് ചെയ്തത്. പോലീസ് തികച്ചും ഒരു കക്ഷിയുടെ താൽപര്യത്തിനുവേണ്ടി നിലകൊള്ളുവാൻ ബാധ്യസ്ഥരാണെന്ന നില പല രംഗങ്ങളിലും ഉറപ്പിക്കപ്പെട്ടു. ഒരു ജനാധിപത്യ ഗവൺമെൻറിന്റെ സാമാന്യ മര്യാദകളുടെ മൂടുപടംപോലും വലിച്ചെറിഞ്ഞു ട്രാൻസ്പോർട്ടു നിയമനങ്ങളിലും സർക്കാർ ഭൂമി വിതരണത്തിലും സ്വജനപക്ഷപാതവും അഴിമതിയും അനുസ്യൂതമായി തുടർന്നുവരുന്നു. അപേക്ഷപോലും ക്ഷണിക്കാതെ സ്വന്തം കക്ഷിക്കാരെ എവിടെയെല്ലാം തിരുകികയററുവാൻ കഴിയുന്നോ അവിടെയെല്ലാം ദിവസേന നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതി ആരോപണങ്ങളെപ്പററി അന്വേഷണം ആവശ്യപ്പെട്ടതുകൊണ്ട് മററു മന്ത്രിമാരുടെ പേരിലെല്ലാം അഴിമതി ആരോപണങ്ങൾ ക്ഷണിച്ചുവരുത്തി സഹോദര പാർട്ടികളെ കരിതേയ്ക്കുവാനുള്ള ഹീനമായ ശ്രമവും ഇതോടൊപ്പം നടന്നു. മത വികാരങ്ങളെ ഇളക്കിവിടുന്നതിനുപോലും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയും അനുയായികളും നിർലജ്ജം തയ്യാറായി.

ഭൂനിയമബില്ലും മററു ജനോപകാരപ്രദമായ നിയമനിർമ്മാണങ്ങളും പാസ്സാകണമെന്നുള്ളതുകൊണ്ട് അങ്ങേയററത്തെ സഹിഷ്ണതയാണ് ഞങ്ങൾ പ്രകടിപ്പിച്ചത്. ഐക്യമുന്നണിയും ഗവൺമെൻറും ഇന്ന് എവിടെയാണ് നിൽക്കുന്നത്? നയപരിപാടികൾക്കു രൂപം കൊടുക്കേണ്ട ഏകോപന സമിതി കൂടാറില്ല. മന്ത്രിസഭാ പ്രവർത്തനം സ്തംഭിച്ച് ഭരണസ്തംഭനത്തിനുതന്നെ വഴിതെളിച്ചിരിക്കുന്നു. നിയമസഭയിൽ വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

നയപരമായ കാര്യങ്ങളിൽ ഐക്യമുന്നണിയുടെ ഘടകകക്ഷികൾക്കു ഒരു യോജിച്ച സമീപനമില്ല. അതേയവസരത്തിൽ ഇതരഘടകകക്ഷിയണികളിൽ പ്രലോഭനങ്ങളുമായി ഭിന്നിപ്പ് ഉണ്ടാക്കുവാനുള്ള ഹീനമായ ശ്രമങ്ങൾ അധികാരക്കൊതി മൂത്ത മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയിൽ നിന്നും ഉണ്ടായിരിക്കുന്നു. ഐക്യമുന്നണി രൂപീകരിച്ച കാലത്ത് ജനങ്ങളോടുചെയ്ത പ്രതിജ്ഞകൾ ലംഘിക്കപ്പെട്ടിരിക്കുന്നു. ഒരു സൽഭരണം പോയിട്ട് ഒരു ഭരണംപോലും ഇന്ന് ഇല്ലാതായിരിക്കുന്നു. ഘടകകക്ഷികളുടെ അഭിപ്രായങ്ങളെ തുടർച്ചയായി അവഗണിച്ചതിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ മാത്രം അഭിപ്രായം ഇതര കക്ഷികൾ അംഗീകരിക്കണമെന്നുള്ള മേധാവിത്വ മനോഭാവത്തിലധിഷ്ഠിതമായ വിഭാഗീയ പ്രവണതയാണ് ഈ സ്ഥിതിവിശേഷം ഉളവാക്കിയിരിക്കുന്നത്. കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെപ്പററി മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ പോളിററ്ബ്യൂറോ പാസ്സാക്കിയ പ്രമേയം ഐക്യമുന്നണിയെ വെട്ടിമുറിക്കുവാൻ അവസാനമായി എടുത്തിരിക്കുന്ന വാളാണ്. ഈ വാൾ ശ്രീ. ഇ. എം. എസ്സിനെ ഏൽപ്പിച്ചിരിക്കുകയാണ്.

ഈ സന്ദർഭത്തിൽ ഐക്യമുന്നണി നേതാവ് എന്ന നിലയിൽ മുഖ്യമന്ത്രി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ മുന്നോട്ടു വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഘടക കക്ഷികളുടേയും സ്വന്തം അണികളുടെയും നിയമസഭയുടെയും അഭിപ്രായത്തെ മാനിച്ച് ശ്രീ. വെല്ലിംഗ്ടൻെറ പേരിൽ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് ജുഡീഷ്യലന്വേഷണത്തിന് ഒക്ടോബർ 18-ാം തീയതിക്കകം ഉത്തരവിടേണ്ടതാണ്.

ഇതുകൊണ്ടുമാത്രം പ്രശ്നപരിഹാരമാവുകയില്ല. തുടർന്ന് താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമുണ്ടാക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.

(1) നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷത്തുനിന്നും ഭരണകക്ഷികളിൽനിന്നും അഴിമതി ആരോപിക്കപ്പെട്ട എല്ലാ മന്ത്രിമാരെപ്പററിയും നിഷ്പക്ഷമായ അന്വേഷണത്തിന് വേണ്ട ഏർപ്പാട് ഏകോപന സമിതി യോഗംകൂടി ആവിഷ്ക്കരിക്കുക.

(2) അരിയുടെ മൊത്തക്കച്ചവടം ഒന്നടങ്കം ഫുഡ് കോർപ്പറേഷനെ ഏൽപ്പിക്കുക; റൈസ് മില്ലുകൾ ഏറെറടുക്കുക, വൻകിട ജൻമിമാരിൽ നിന്നും മിച്ചമുള്ള നെല്ല് ഗവൺമെൻറ് എടുക്കുക; ഭൂവിതരണക്കമ്മിററികൾ മുഖാന്തിരം ഭൂമി പതിവ് നടത്തുക; അങ്ങനെയല്ലാത്ത ഭൂപതിവുകൾ റദ്ദു ചെയ്യുക, അനധികൃതമായ ഭൂമി കൈയ്യേററം നിറുത്തുക, പോലീസ് അക്രമങ്ങളെപ്പററി അന്വേഷണം നടത്തുക തുടങ്ങി ഏകോപനസമിതി തീരുമാനമെടുത്ത കാര്യങ്ങൾ അടിയന്തിരമായും നടപ്പിൽ വരുത്തുക.

(3) ഭൂനയ ബിൽ, കടാശ്വാസബിൽ, പഞ്ചായത്തുരാജ്ബിൽ, ട്രേഡ് യൂണിയൻ ബിൽ, അഴിമതി നിവാരണ ബിൽ എന്നിവ ഈ സമ്മേളനത്തിൽ തന്നെ പാസ്സാക്കുക.

(4) ഘടകകക്ഷികൾ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏകോപനസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

(5) സ്പീക്കർക്കെതിരായി നോട്ടീസ് നൽകിയിട്ടുള്ള അവിശ്വാസ പ്രമേയം പിൻവലിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(6) ട്രാൻസ്പോർട്ട് കോർപ്പറേഷനടക്കം എല്ലാ കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടുക.

(7) ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ അടുത്തകാലത്തു നടന്നിട്ടുള്ള ക്രമരഹിതമായ നിയമനങ്ങളെപ്പററി അന്വേഷണം നടത്തുക.

(8) ഭരണയന്ത്രം പ്രത്യേകിച്ച് പോലീസ് സ്വന്തം പാർട്ടി താൽപര്യത്തിനുവേണ്ടി വിനിയോഗിക്കുന്ന സമ്പ്രദായം നിർത്തലാക്കുക.

ഈക്കാര്യങ്ങളിൽ വ്യക്തവും തൃപ്തികരവുമായ തീരുമാനങ്ങൾ എത്രയും വേഗം ഉണ്ടായില്ലെങ്കിൽ ഐക്യമുന്നണിയുടെ തുടർന്നുള്ള നിലനിൽപ് ജനങ്ങളോടു നൽകിയ വാഗ്ദാനത്തിനുതന്നെ എതിരാകയാൽ ഇ. എം. എസ്സിൻെറ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിന് ഞങ്ങളുടെ കക്ഷികൾ നൽകിയ പിന്തുണ പിൻവലിക്കുവാൻ ഞങ്ങൾ നിർബന്ധിതരാണെന്നു പ്രഖ്യാപിക്കുന്നു.

സർ, ഈ പ്രമേയമാണ് സഖാവ് ഇ. എം. എസ്സിനെ ഈ ഐക്യമുന്നണി വെട്ടിപ്പിളർക്കുന്നതിനും അവർക്ക് താൻ ഇങ്ങനെ ചെയ്യാൻ പോകുന്നുവെന്ന് സൂചനപോലും നൽകാതെ തൻെറ സഹമന്ത്രിമാർക്കെതിരായി അന്വേഷണ ഉത്തരവു പുറപ്പെടുവിക്കുന്നതിനും ഇവിടെ ഈ സഭാതലത്തിൽ വന്ന് ഘടക കക്ഷികൾ അന്ത്യശാസനം പുറപ്പെടുവിച്ചിരിക്കുന്നുവെന്നു പറയാനും പ്രേരിപ്പിച്ചത്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ "ആ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന പദ്ധതിനോടും യോജിക്കുന്നു; എന്നാൽ ആദ്യഭാഗത്തിൽ ഞാൻ യോജിക്കുന്നില്ല. അവസാനഭാഗം അന്ത്യശാസനമെന്നു കാണുകയും ചെയ്യുന്നതിനാൽ ഞാൻ ഇത് ആകെ തിരസ്ക്കരിക്കുന്നു" എന്നുള്ള പ്രഖ്യാപനമാണ് നടത്തിയത്. കാര്യങ്ങളോട് യോജിപ്പ്, കാരണങ്ങളോട് യോജിപ്പ് ഇല്ലായ്മ. സർ, കാര്യങ്ങളെ കാർണങ്ങളിൽനിന്നും വേർപെടുത്തികാണുന്ന ഈ കാഴ്ചപ്പാട് മാർക്സിസ്ററുപാർട്ടി ഉപേക്ഷിക്കണം. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, സംഭവഗതികളുടെ കാരണമായി കലാശിച്ച സംഗതികളെക്കുറിച്ച് ആലോചിക്കുന്ന സമീപനം മാർക്സിസ്ററു പാർട്ടി സ്വീകരിക്കണം. എന്തെങ്കിലും ആക്ഷേപങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നു ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുവാനുള്ള മനോഭാവം മാർക്സിസ്ററു പാർട്ടിക്കില്ലെന്നുള്ളതാണ് ഐക്യമുന്നണിയുടെ ചരമപ്രസംഗത്തിന് വഴിതെളിച്ച സംഭവഗതികളിലേക്ക് കാര്യങ്ങൾ എത്തിച്ചത്. ഞങ്ങൾ ഈ പ്രമേയം പാസ്സാക്കിയത് 8, 9 തീയതികളിൽ മാർക്സിസ്ററു പാർട്ടി പോളിററ് ബ്യൂറോ കൽക്കട്ടായിൽ ചേർന്ന് ഇങ്ങനെയൊരു തീരുമാനമെടുത്തുകഴിഞ്ഞിരിക്കുന്നതിനാലും അതു ആഭ്യന്തര മന്ത്രി ശ്രീമാൻ കൃഷ്ണനിലൂടെ നടപ്പിൽ വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ളതിനാലും ആണ്. എന്നാൽ ശ്രീമാൻ കൃഷ്ണനെക്കൊണ്ടു ചെയ്യിപ്പിക്കുന്നതു ശരിയല്ല, ഒരു ഹത്യയാണെങ്കിലും അതു ബ്രാഹ്മണനിൽക്കൂടിയായിരിക്കണമെന്നു മാർക്സിസ്ററു പാർട്ടി കരുതിയതുകൊണ്ടായിരിക്കണം സഖാവ് ഇ. എം. എസ്സിനെ വരുത്തിക്കളയാമെന്നും അദ്ദേഹത്തെക്കൊണ്ട് ഇതു ചെയ്യിക്കാമെന്നും അവസാനമായി ഒരു തീരുമാനമെടുത്തത്. അദ്ദേഹം എന്നു വരുമെന്ന് സഭയ്ക്ക് നിശ്ചയമില്ലായിരുന്നു. പതിനാറാം തീയതിയോ പതിനെട്ടാം തീയതിക്കകമോ വരുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ടാണ് ഈ പ്രമേയത്തിൻെറ രീതിയിൽ മാററം വന്നിരിക്കുന്നത്.

<u>ശ്രീ. കെ. എം. ജോർജ്ജ്:</u> 'മരണം കള്ളനെപ്പോലെ വരുമെന്ന്' എഴുതപ്പെട്ടത് കേട്ടിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: എനിക്ക് നിശ്ചയമില്ല. വല്ലവരുമൊക്കെ പറഞ്ഞുകേട്ടിട്ടേയുള്ളു. ഏതായാലും മാർക്സിസ്റ്റു പാർട്ടി ഈ കാര്യങ്ങൾ നേരത്തെ തീരുമാനിച്ചതാണ്. നിയമസഭ ശ്രീ. വെല്ലിംഗ്ടന് എതിരായിട്ട് പ്രമേയം പാസ്സാക്കിയ് നിലയ്ക്കു ശ്രീമാൻ വെല്ലിംഗ്ടനെതിരായിട്ടുള്ള അന്വേഷണ ഉത്തരവ് 18–ാം തീയതിക്കു മുമ്പു പുറപ്പെടുവിക്കേണ്ടതായിരുന്നു. പോളിററു ബ്യൂറോയുടെ തീരുമാനം നടപ്പാക്കുന്നതിനു മുമ്പായി മുഖ്യമന്ത്രിയും ഐക്യമുന്നണിയുടെ നേതാവുമെന്ന നിലയിൽ അങ്ങ് ഈ കാര്യത്തെപ്പററി ഘടക കക്ഷികളുമായിട്ട് ആലോചിക്കേണ്ടതായിരുന്നു. ഈ തീരുമാനം നടപ്പാക്കുന്നതിൽ സഖാവ് ഇ. എം. എസ്സിന് വളരെ വേദനയുണ്ടെന്ന് എനിക്കു അറിയാം. അതറിയണമെങ്കിൽ അദ്ദേഹത്തിൻെറ പതിനേഴാം തീയതിയിലെ പ്രസ്താവന വായിച്ചു നോക്കിയാൽ മതി. ഞാൻ ആ പ്രസ്താവന മുഴുവൻ പരിശോധിച്ചു നോക്കിയതിൽ അത്ഭുതകരമായ ഒരു സ്ഥിതിവിശേഷമുണ്ട്. ഈ പ്രസ്താവനയിൽ ' മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ' എന്നൊരു വാക്ക് ഇല്ല. അതാണ് ഈ പ്രസ്താവനയുടെ ഒരു പ്രത്യേകത. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് എന്തു പറയുവാനുണ്ട്, മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ അഭിപ്രായമെന്താണ് എന്ന് ഈ പ്രസ്താവനയിൽ ഇല്ല. ' ഞാൻ ', ' എനിക്ക് ' എന്നുള്ളതല്ലാതെ ' മാർക്സിസ്ററു പാർട്ടി ', ' മാർക്സിസ്ററു പാർട്ടിക്ക് ' എന്നു കാണാനില്ല. എണ്ണി നോക്കിയതിൽ ' ഞാൻ, എനിക്ക്, എൻെറ ' എന്നുള്ള പ്രയോഗങ്ങളാകട്ടെ 45 സ്ഥലത്തുണ്ട്. ഇത് ഞാൻ പറയുന്നത് മറെറാന്നിനുമല്ല, അങ്ങയുടെ മാനസിക വിക്ഷോഭം കാര്യങ്ങൾ വസ്തുനിഷ്ഠമായി കാണാതെ വ്യക്തിനിഷ്ഠമായി കാണാൻ അന്നത്തെ സാഹചര്യം അങ്ങയെ പ്രേരിപ്പിച്ചു എന്നും ആ പ്രേരണ മൂലമാണ് അങ്ങ് ഈ പ്രസ്താവന ചെയ്തത് എന്നും തെളിയിക്കുവാനാണ്. ഉദാഹരണത്തിന് ചില കാര്യങ്ങൾ പറയാം. " അതിന് തയാറാണ് എങ്കിൽ, ഏതെങ്കിലും തരത്തിൽ അധികാരത്തിൽ തുടരുന്നതിന് മററു പലേടത്തും അംഗീകരിക്കപ്പെട്ടിട്ടുള്ളതുപോലുള്ള കുൽസിത മാർഗ്ഗങ്ങൾ ' ഞാൻ ' ഏതായാലും അംഗീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല ". അതിൽ ' ഞാൻ ' എന്നുള്ളതിൻെറ മുമ്പിൽ " എൻെറ പാർട്ടിയുടെ അഭിപ്രായം എന്തുതന്നെ ആയാലും " എന്നുള്ളത് വ്യംഗ്യമാണ്. " സുദീർഘ സമരങ്ങളിലൂടെ രൂപംപ്രാപിച്ച ഐക്യമുന്നണിയും ഈ ഗവൺമെൻറും നിലനിൽക്കുന്നതു അത്യാവശ്യമാണെന്ന ഉറച്ച വിശ്വാസമുള്ള ഒരുവനാണ് ഞാൻ " ഇതിൽ ഞങ്ങൾക്കു അഭിപ്രായവ്യത്യാസമില്ല. " അതുകൊണ്ട് മുന്നണിയെ രക്ഷിക്കുന്നതിന് അതിൻെറ ഘടക കക്ഷികളുമായി അങ്ങേയററത്തെ വിട്ടുവീഴ്ച ചെയ്യുവാൻ ഞാൻ സദാ തയാറായിരിക്കും ". അങ്ങ് ഇതിനെല്ലാം തയ്യാറായിരുന്നു. അങ്ങ് ഇല്ലാത്ത സമയത്ത് ഇവിടെ എന്തു സംഭവങ്ങൾ ഉണ്ടായി എന്ന് അങ്ങ് മനസ്സിലാക്കണം. അങ്ങ് പോയി കഴിഞ്ഞതിനുശേഷം മാർക്സിസ്ററു പാർട്ടിക്ക് ബുദ്ധിപരമായ പാപ്പരത്വം അനുഭവപ്പെട്ടു. സംസ്ഥാനത്തായാലും കേന്ദ്രത്തിലായാലും മാർക്സിസ്ററു പാർട്ടി ഈ ബുദ്ധിപരമായ പാപ്പരത്വമാണ് കാണിച്ചിട്ടുള്ളത്. നിയമസഭയിൽ ഞങ്ങൾക്കനുഭവപ്പെട്ടത് മാർക്സിസ്ററു പാർട്ടിയുടെ ബുദ്ധിപരമായ നേതൃത്വം മത്തായി മാഞ്ഞൂരാനിലേക്ക് മാററിയിരിക്കുന്നതായിട്ടാണ്. അത് നിയമസഭയിൽ മാത്രമല്ല, അങ്ങ് അറിയാത്തതുകൊണ്ട് പറയുന്നതാണ്; മാർക്സിസ്ററു പാർട്ടിയുടെ ' പൊതു വേദി ' വരെ മത്തായി മാഞ്ഞൂരാന് തീറെഴുതി കൊടുത്തു. മററുള്ള ആളുകളെ ആക്ഷേപിക്കുന്നതിനുള്ള അവകാശവും അദ്ദേഹത്തിനാണ് വിട്ടുകൊടുത്തത്. അദ്ദേഹമാണ് ഈ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റു പാർട്ടിയുടെ വക്താവായി നടന്നത്. കൂടെ വെല്ലിംഗ്ടനും നടന്നു, അതേപ്പററി കാര്യമാക്കാനില്ല. തൃശ്ശൂരിലെ വടക്കനെച്ചനായിരുന്നു മാർക്സിസ്റ്റു പാർട്ടിയുടെ നയപരിപാടികൾക്കു വ്യാഖ്യാനങ്ങൾ നൽകിയിരുന്നത്.

ആഗസ്ററ് 22-ാം തീയതി ഒരു പ്രമേയം വന്നു. ഈ നിയമസഭയിൽ ഭരണഘടനയും ചട്ടങ്ങളും ഉദ്ധരിച്ചുകൊണ്ടു എന്തൊക്കെയാണ് നടന്നത് ? അഞ്ചു മണിക്കൂർ നേരമാണ് ആ ചർച്ച നടന്നത്. സഖാവ് ഇമ്പിച്ചിബാവ, ഭരണഘടന ഉദ്ധരിച്ച് എത്ര വാചാലമായിട്ടാണ് സംസാരിച്ചത്. സഖാവ് മത്തായി മാഞ്ഞൂരാൻ ഭരണഘടനാവകുപ്പുകൾ വ്യാഖ്യാനിച്ചു. എന്നാൽ മുഖ്യമന്ത്രി ഈ കാര്യത്തിൽ എന്താണ് ഇപ്പോൾ ചെയ്തിരിക്കുന്നത്, "ഞാൻ അങ്ങനെ ഈ പ്രശ്നത്തെ സമീപിക്കുന്നില്ലെന്ന്" പറഞ്ഞ് അവരെ സെൻഷ്വർ ചെയ്തിരിക്കുകയാണ്. ഒക്ടോബർ 3-ാം തീയതിയിലെ പ്രമേയം വന്നപ്പോൾ എനിക്കു വ്യക്തമായി അറിയാൻ കഴിഞ്ഞത് പ്രമേയം വോട്ടിനിടുകയാണെങ്കിൽ പ്രമേയത്തെ എതിർത്ത് വോട്ടു ചെയ്യരുത് എന്ന നിർദ്ദേശമാണ് മാർക്സിസ്റ്റു പാർട്ടി അവരുടെ സാമാജികൻമാർക്ക് നൽകിയിരുന്നതെന്നാണ്. ആ പ്രമേയം വോട്ടിനിട്ട അവസരത്തിൽ പ്രമേയത്തിന് എതിരായി ഒരാളും കൈപൊക്കിയില്ല. പ്രമേയം പാസ്സായോ ഇല്ലയോ എന്നുള്ളതാണ് തർക്കം. ആ തർക്കം മാത്രമല്ല, പ്രമേയം പാസ്സായിക്കഴിഞ്ഞപ്പോൾ മാർക്സിസവും ലെനിനിസവും ഓർമ്മയുള്ള പഴയ ആളുകൾ പുറത്തുപോയി. നിയമസഭ പിരിഞ്ഞതിനുശേഷവും ചിലതു നടന്നു. മത്തായി മാഞ്ഞൂരാൻ വെല്ലിംഗ്ടനെ പിടിച്ചിരുത്തി സമാശ്വസിപ്പിച്ചു. അത് അറിയാതെ അതിൽ ഏതോ വിപ്ലവമുണ്ടെന്നു കരുതി വേറെ ചില ആളുകളും കൂടി അവിടെ ഇരുന്നു. ഇതിനിടയിൽ പെരുമ്പാവൂർ മെമ്പർക്ക് ഒരു ഭൂതോദയം ഉണ്ടായി. സ്പീക്കറെ നീക്കംചെയ്യാൻ ഒരു പ്രമേയത്തിനു നോട്ടീസ് നൽകുമെന്ന് പ്രഖ്യാപിച്ചു. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി യഥാർത്ഥത്തിൽ ഇങ്ങനെയൊരു തീരുമാനമെടുത്തിരുന്നില്ല. മത്തായി മാഞ്ഞൂരാനും വെല്ലിംഗ്ടനുമായി ആലോചിച്ച് മാർക്സിസ്റ്റു പാർട്ടി പ്രശ്നങ്ങൾ കൈകാര്യംചെയ്ത് മോശമാക്കുകയാണ് മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യകാലത്ത് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യങ്ങളൊന്നും അറിയാത്തതിന്റെ ഫലമായിട്ട് പാർട്ടിയുടെ തീരുമാനപ്രകാരം സഹമന്ത്രിമാരുടെ നേരെ ഈമാതിരിയുള്ള അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ അങ്ങ് ഈ തീരുമാനമെടുക്കുന്നതിനു മുമ്പ് അങ്ങയുടെ സഹപ്രവർത്തകരുമായി ഒന്ന് ആലോചിക്കാമായിരുന്നില്ലെ ?

സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ഞാൻ 1967 മാർച്ച് 6-ാം തീയതി രാവിലെ നടന്ന ഒരു കാര്യത്തിലേക്കു ക്ഷണിക്കുകയാണ്. നാം അന്ന് വയലാർ പുന്നപ്ര രക്തസാക്ഷി മണ്ഡപത്തിൽ അഭിവാദനങ്ങൾ അർപ്പിക്കാൻ പോയിരുന്നു. സഖാവ് എം. എൻ. ഉണ്ടായിരുന്നു; സഖാവ് ടി. വി. യുണ്ടായിരുന്നു; ഞാനുണ്ടായിരുന്നു; അങ്ങും സഖാവ് കെ. ആർ. ഗൗരിയുമുണ്ടായിരുന്നു. അന്നു നാം അവിടെ പോയപ്പോൾ സഖാവ് വെല്ലിംഗ്ടൺ ഉണ്ടായിരുന്നില്ല, സഖാവു മത്തായി മാഞ്ഞൂരാനുമുണ്ടായിരുന്നില്ലെന്നാണെന്റെ ഓർമ്മ. അവർക്കു അവിടെ പ്രവേശനം തന്നെ ലഭിക്കുമായിരുന്നില്ല. അന്ന് സഖാവ് ടി. വി. തോമസും, സഖാവ് കെ. ആർ. ഗൗരിയും ഭാര്യാഭർത്താക്കൻമാരായിരുന്നു. വയലാറിൽനിന്നു നാം പുന്നപ്രയിൽ വന്നു. പുന്നപ്ര രക്തസാക്ഷി മണ്ഡപത്തിലും സത്യപ്രതിജ്ഞ ചെയ്തു. അന്നു നാം അവിടെ പ്രതിജ്ഞ എടുത്തത്,

2/14—2

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

നിങ്ങൾ വളർത്തിയെടുത്ത പ്രസ്ഥാനത്തെ ഞങ്ങൾ കെട്ടിപ്പടുക്കും' എന്നായിരുന്നു. അതിന്റെ തലേദിവസം ഞാൻ ചന്ദനത്തോപ്പിലും പോയിരുന്നു. സഖാക്കൾ രാമനും, സുലൈമാനും രണ്ടു രക്തസാക്ഷികളായി അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലമാണ് ചന്ദനത്തോപ്പ്. ഒരുപക്ഷേ അവർ അങ്ങേക്കു രക്തസാക്ഷികളല്ലെന്നു തോന്നിയേക്കാം. രക്തസാക്ഷികളേയും രണ്ടു രീതിയിലാണല്ലോ നാം കാണുക. കശുവണ്ടി മുതലാളിമാർക്കെതിരായി സമരം നടത്തിയ രംഗത്തു പോലീസിന്റെ ക്രൂരമർദ്ദനത്തിനു വിധേയരായി ചന്ദനത്തോപ്പിൽ രക്തസാക്ഷിത്വം വരിച്ചവരാണു സഖാക്കൾ രാമനും സുലൈമാനും. സഖാവ് അച്യുതാനന്ദൻ വിമോചനസമരത്തിന്റെ കാര്യം വളരെ വിറയലോടെ ആവേശത്തോടെ സംസാരിക്കുകയുണ്ടായി. കണ്ണൻദേവൻ കമ്പനിയിലെ ഒരു സമരത്തിൽ ഗർഭിണിയായ പാപ്പമ്മാളെ വെടിവെച്ചു കൊലപ്പെടുത്തിയത് വിമോചന സമരം നടത്തിയതിനാണോ? സഖാക്കൾ സുലൈമാനും രാമനും രക്തസാക്ഷികളായതും വിമോചനസമരത്തിന്റെ ഫലമായിട്ടാണോ? ആ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. സർ, ഇന്നത്തെ സ്ഥിതി എന്താണ്? അങ്ങു ആരെയാണ് വെട്ടിവീഴ്ത്തിയിരിക്കുന്നത്? വയലാർ പുന്നപ്രയിലെ രക്തസാക്ഷികളുടെ പ്രിയപ്പെട്ട നേതാക്കൻമാരെയാണ് അങ്ങ് നിഷ്ക്കരുണം വെട്ടിവീഴ്ത്തിയിരിക്കുന്നത്. ആ വെട്ട് വയലാറിലെയും പുന്നപ്രയിലെയും രക്തസാക്ഷി മണ്ഡപങ്ങളിലെ ശവകുടീരങ്ങളിലാണ് ഏററിരിക്കുന്നത്. ഇന്നാണെങ്കിൽ അപ്പുറത്ത് ശ്രീ. വെല്ലിംഗ്ടനെ ഞാൻ കാണുന്നുണ്ട്; ശ്രീ. അബുവിനെ കാണുന്നുണ്ട്. അബു ജാഹിലാണോ, അബു ബേക്കറാണോ എന്നു നിശ്ചയമില്ല. അവരുടെയെല്ലാം പിൻതുണ ഇന്ന് അങ്ങേക്കുണ്ട്. അതിലേക്കു ഞാൻ കടക്കുന്നില്ല.

സർ, ഐക്യമുന്നണി എന്താണ്, എന്തിനാണെന്നതിനെപ്പററി അപ്പുറത്തിരിക്കുന്ന ചിലയാളുകളെ ധരിപ്പിക്കേണ്ടതായിരിക്കുന്നു. ഐക്യമുന്നണി ഉണ്ടാക്കിയതും വളർത്തിയതും ഏതാനും ആളുകൾക്ക് എം. എൽ. എ. മാരാകാനും, കുറച്ചുപേർക്ക് മന്ത്രിമാരാകാനും, ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ അഞ്ചോ ആറോ പേർക്കു ജോലികൊടുക്കാനും, ഇഷ്ടമുള്ളവർക്ക് ഇഷ്ടംപോലെ പുറമ്പോക്കു ഭൂമി പതിച്ചുകൊടുക്കാനുമായിട്ടല്ല.

ശ്രീമതി കെ. ആർ. ഗൗരി: നാലഞ്ചു പേർക്കു കാൺട്രാക്ററു കൊടുക്കാനെന്നുകൂടി പറയണം.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഫയലുകൾ കൈവശമുണ്ടല്ലോ ഉത്തരവിടാം. ഇന്നു പത്തുമണിക്കു മുൻപു തന്നെ ആർഡറിടാം, സംശയിക്കേണ്ടാ.

ശ്രീ. ബേബി ജോൺ: അങ്ങനെ ആർഡറിടാൻ മടിക്കേണ്ടാ, വേണമെങ്കിൽ അതുവരെ പിൻതുണ നൽകാൻ തയ്യാറാണ്.

ശ്രീ.ടി.കെ. ദിവാകരൻ: സർ, ഐക്യമുന്നണിയുടെ ലക്ഷ്യം, ചിലർക്ക് എം. എൽ. എ. മാരാകാനും, ഏതാനുംപേർക്കു മന്ത്രിമാരാകാനും അവസരം ഉണ്ടാക്കുക എന്നതായിരുന്നുവെന്നു ചിലർ ധരിച്ചിട്ടുണ്ട്. സർ, ചിലർ ഭാവിക്കാറുണ്ട്, പറയാറുണ്ട്, 'ഗതികിട്ടാ പ്രേതങ്ങളെപ്പോലെ അവിടെയും ഇവിടെയും നടന്നിരുന്ന ചിലരെ ഞങ്ങൾ വിളിച്ചു എം. എൽ. എ. മാരും, മന്ത്രിമാരും ആക്കിയപ്പോൾ അവൻമാരെല്ലാം ഇപ്പോൾ ഞെളിഞ്ഞുനടക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്" എന്ന്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചെറിയ ഒരു സൂചന നൽകുകയുണ്ടായി. ഇപ്പുറത്തിരിക്കുന്ന ചില ആളുകൾക്ക് ഒരു സീററുപോലും കിട്ടുമോ എന്ന കാര്യം സംശയമായിരുന്നുവെന്ന്. അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട മററു ചിലരും ഈ അഭിപ്രായം പറയുകയുണ്ടായി. സർ, ഞങ്ങൾ ഐക്യമുന്നണിയെ കാണുന്നത് അങ്ങനെയല്ല. ഏതാനും എം. എൽ. എ. മാർക്കോ മന്ത്രിമാർക്കോ കുറച്ചുനാൾ കഴിഞ്ഞു കൂടാൻ വേണ്ടിയല്ല ഐക്യമുന്നണി രൂപംകൊണ്ടത്. കേരളത്തിലെ, ഭാരതത്തിലെ, കോടിക്കണക്കിനു ദരിദ്രലക്ഷങ്ങളുടെ സാമ്പത്തിക ദുരിതത്തിനും തീരാദുഃഖത്തിനും അല്പമെങ്കിലും പരിഹാരം ഉണ്ടാക്കണമെങ്കിൽ, ഇന്നത്തെ രാഷ്ട്രീയ പരിതഃസ്ഥിതിയിൽ കോൺഗ്രസ്സിനെ അധികാരത്തിൽനിന്നു മാററി ആ സ്ഥാനത്ത് ഇൻഡ്യയിലെ ഇടതുപക്ഷ ജനാധിപത്യശക്തികളുടെ ഒരു ഭരണകൂടം എവിടെയെല്ലാം ഉണ്ടാക്കാൻ കഴിയുമോ അവിടെയെല്ലാം ഉണ്ടാക്കുകയും, എവിടെയെല്ലാം ആ ശക്തികളെ വളർത്തിക്കൊണ്ടുവരാൻ കഴിയുമോ അവിടെയെല്ലാം വളർത്തുകയും ചെയ്യുക എന്നുള്ളതാണ് ഐക്യമുന്നണിയുടെ ലക്ഷ്യം. അതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. പക്ഷേ, വേറേ ചിലയാളുകൾക്ക് ഐക്യമുന്നണി എം. എൽ. എ. മാരാകാൻവേണ്ടി മാത്രമാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്കു ഐക്യമുന്നണി എന്നു പറയുന്നത്, വെറും പാർലമെൻററി മാർഗ്ഗത്തിൽകൂടി അധികാരത്തിൽ വരികയെന്നതു മാത്രമാണ്. അവരുടെ ആ കാഴ്ചപ്പാടുകൊണ്ടാണ് ഇന്ന് ഈ തകർച്ചയുണ്ടായിട്ടുള്ളതും. ഐക്യമുന്നണി പ്രവർത്തനത്തിൻെറ ഒരു ഭാഗം മാത്രമാണ് നിയമസഭാ പ്രവർത്തനവും മന്ത്രിസഭയുമെല്ലാം. അതിനപ്പുറത്ത് പാടങ്ങളിലും, വ്യവസായശാലകളിലും മററു തൊഴിൽരംഗത്തുമെല്ലാം ഐക്യമുന്നണിക്കു ചില പ്രവർത്തനങ്ങളുണ്ട്. ആ നിലയിൽ ഐക്യമുന്നണിയെ വളർത്തിയെടുക്കണമെന്ന അടിസ്ഥാനത്തിലാണ് കേരളത്തിൽ ഐക്യമുന്നണി രൂപം കൊണ്ടത്. കേരളത്തിലെ ഐക്യമുന്നണി, ഭാരതത്തിലെ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു ആശാദീപവും, സമരശക്തി വളർത്തുന്ന ആയുധവുമായിട്ടാണ് ഞങ്ങൾ കണക്കാക്കിയിരിക്കുന്നത്. അല്ലാതെ ഏതെങ്കിലും ഒരു കക്ഷിക്കുമാത്രം ഒരു വിഭാഗത്തിനുമാത്രം പ്രയോജനപ്പെടുത്താവുന്ന തരത്തിൽ സങ്കുചിതമായ ഒരു വൃത്തത്തിലേക്കിറങ്ങി ചിന്തിക്കുന്ന ഒരു കാഴ്ചപ്പാട് ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കില്ല.

സർ, ആർ.എസ്.പി. എവിടെ നിൽക്കുന്നു എന്ന തരത്തിൽ ചില സൂചന ഇവിടെ ഉണ്ടായി. അതു വ്യക്തമാക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഒരു ചെറിയ പാർട്ടിയാണ് ഞങ്ങളുടേതെന്നു സമ്മതിക്കുന്നു. അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരും ഇപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരുംകൂടി മുൻപു ഞങ്ങളെ ശരിപ്പെടുത്താൻ നോക്കി. സർ, ഞങ്ങൾ അന്നു അതിനെ നേരിട്ടുനിന്നു, ഞങ്ങൾ എങ്ങും പോയില്ല. ഞങ്ങളുടേതു വളരെ ചെറിയ ഒരു പ്രസ്ഥാനമാണ്. രാഷ്ട്രീയ ഭാഗ്യാന്വേഷികളായി തിരഞ്ഞെടുപ്പിൻെറ നിലാവെളിച്ചത്ത് ഉടുപ്പും തുന്നിക്കൊണ്ടു മന്ത്രിയാകാനും എം.എൽ.എ.മാരാകാനും ഞങ്ങൾ വന്നിട്ടില്ല. ഞങ്ങളുടെ പൂർവ്വകാലചരിത്രം പരിശോധിച്ചാൽ, സന്ദർഭത്തിനൊത്തു സമരംചെയ്ത് ചോരയും നീരും നൽകി വളർത്തിയെടുത്ത ഒരു പ്രസ്ഥാനമാണ് ഞങ്ങളുടേതെന്നു മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചോദ്യം സാർവ്വദേശീയസ്വഭാവം ഞങ്ങൾക്കുണ്ടോ എന്നാണ്. സോവിയററു റഷ്യയുമായി ഇൻറർനാഷണൽ ബന്ധമില്ലാത്ത കുറവാണ് ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

സംബന്ധിച്ചിടത്തോളം പറയുന്നത്. സോവിയററു റഷ്യയുമായി ഇൻറർനാഷണൽ ബന്ധമില്ലാത്ത ഒരു മാർക്സിസ്ററു-ലെനിനിസ്ററു പ്രസ്ഥാനമുണ്ടോ എന്നാണു മുൻപു ഞങ്ങളെപ്പററി ചോദിച്ചിരുന്നത്. അതിന് ഉത്തമമായ ഉദാഹരണം ഇൻഡ്യൻ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിതന്നെ. യാതൊരു വിദേശ കമ്മ്യൂണിസ്ററു പ്രസ്ഥാനവുമായി ബന്ധപ്പെടാതെതന്നെ ഈ മണ്ണിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു അതിൻെറ അടിസ്ഥാനത്തിൽ മാർക്സിസം-ലെനിനിസത്തെ വസ്തുനിഷ്ഠമായി അപഗ്രഥനംചെയ്തു സ്വീകരിക്കാൻ കഴിയുമെന്നുള്ളതിന് ഉത്തമദൃഷ്ടാന്തം സഖാവ് ഇ. എം. എസ്സിൻെറ പാർട്ടിതന്നെയാണ്. ആ കാര്യം വളരെ നേരത്തേതന്നെ ഞങ്ങൾ പറഞ്ഞു എന്ന വ്യത്യാസം മാത്രമേയുള്ളു.

1957-ൽ ഞങ്ങൾ എവിടെയായിരുന്നു എന്നു ചോദിച്ചു. 1957-നു മുൻപ് 1948-ലും, 52-ലും, 54-ലും തിരുവിതാംകൂറിലും തിരു-കൊച്ചിയിലും ഐക്യമുന്നണിപ്രസ്ഥാനം ഞങ്ങൾ കെട്ടിപ്പടുത്തിരുന്നു. സഖാവു ടി. വി. തോമസ് പ്രതിപക്ഷനേതാവും ഞാൻ പ്രതിപക്ഷത്തിൻെറ ഉപനേതാവുമായിരുന്നു. അന്നത്തെ ഐക്യമുന്നണിക്കു ചോരയും നീരും കൊടുത്ത് അന്തസ്സും കെട്ടുറപ്പും വളർത്താൻ ഞങ്ങൾ അങ്ങേയററം സഹായിച്ചിരുന്നു. 1957-ലാണെങ്കിൽ നിങ്ങൾ രണ്ടുകൂട്ടരും ചേർന്നാണ് ഞങ്ങളെ അകററി നിറുത്തിയത്. സഖാവ് എം. എൻ. ഗോവിന്ദൻ നായർ, ദൽഹിയിൽനിന്ന് സഖാവ് ഇ. എം. എസ്സിനെ കൊണ്ടുവന്നു മുഖ്യമന്ത്രിയാക്കാൻവേണ്ടിയാണോ അന്നു ഞങ്ങളെ മാററിനിറുത്തിയതെന്നറിഞ്ഞുകൂടാ. അന്നു പുറത്തുനിന്ന ഞങ്ങൾക്കുണ്ടായ അനുഭവം എന്തായിരുന്നു, സർ? കുണ്ടറ സിറാമിക്ക് തൊഴിലാളികൾ 117 ദിവസം നീണ്ടുനിന്ന ഒരു സമരം നടത്തി. അതു സംബന്ധിച്ച് ഒരു പരിഹാരം ഉണ്ടാക്കാൻ ഒരു കാൺഫറൻസു വിളിച്ചുകൂട്ടാൻപോലും അന്നത്തെ ഗവൺമെൻറു തയ്യാറായില്ല. ഒരു കാൺഫറൻസു വിളിച്ചുകൂട്ടാൻവേണ്ടി തൊഴിലാളികൾ സെക്രട്ടറിയററു പടിക്കൽ കുത്തിയിരുന്നു. അവർ കൊണ്ടുവന്ന ചുവപ്പു കൊടി വെളുത്തിട്ടും ഒരു കാൺഫറൻസു വിളിച്ചുകൂട്ടിയില്ല. അതിനെ തുടർന്നു ഞാൻ നിരാഹാര സത്യാഗ്രഹം നടത്തി. ആ അദ്ധ്യായത്തിലേക്കൊന്നും പ്രവേശിക്കുന്നില്ല. വിമോചന സമരത്തിലെ ഞങ്ങളുടെ പങ്കു എന്തായിരുന്നു? ഒററയ്ക്കുനിന്നു ഈററപ്പുലികളെപ്പോലെ പൊരുതി. രക്തംകൊടുത്തും, അടിയേററും, എല്ലൊടിഞ്ഞും അങ്ങേയററം ധീരമായിട്ടുതന്നെ സമരംചെയ്തു. എന്നാൽ അന്നത്തെ നിങ്ങളുടെ ഗവൺമെൻറിനെ ഡിസ്മിസ് ചെയ്യരുതെന്നു ഞങ്ങൾ പ്രധാനമന്ത്രി നെഹ്രുവിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഞങ്ങൾ നിങ്ങളോടു പറഞ്ഞു നിങ്ങൾ രാജിവയ്ക്കണം, ഏകകക്ഷി താല്പര്യംമൂലം ജനങ്ങളിൽനിന്നും ഒററപ്പെട്ട് നാട്ടിൻെറ നാനാഭാഗങ്ങളിലും, ലാത്തി പ്രയോഗിച്ചും വെടിവച്ചും ഭരണം നടത്തുന്നതു ശരിയല്ലെന്ന്. ഭൂനയബില്ലും, വിദ്യാഭ്യാസബില്ലും പാസ്സാക്കിയിട്ട് നിങ്ങൾ അധികാരത്തിൽനിന്നിറങ്ങി പോരാനാണ് ഞങ്ങൾ പറഞ്ഞത്. ഈ രണ്ടു പ്രശ്നത്തിൽ ഉപതെരഞ്ഞെടുപ്പിനെ നേരിട്ടാൽ ആർ. എസ്. പി. നിങ്ങൾക്കു പിൻതുണ നൽകുന്നതാണെന്നും പ്രഖ്യാപിച്ചു. ഇതൊക്കെയാണ് 1957-ൽ നടന്നത്. 1965-ൽ ഇടതുപക്ഷ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ കഴിയാതെ പോയതെന്തുകൊണ്ടാണ്? 1965-ൽ നിങ്ങൾ— ഇപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററു പാർട്ടിയും അപ്പുറത്തിരിക്കുന്ന പാർട്ടിയും—രണ്ടായി പിളർന്നു. മുസ്ലീം ലീഗിനെ ചേർത്തു ഐക്യമുന്നണിയുണ്ടാക്കാൻ ഞങ്ങൾ എതിർത്തു എന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്കു മുസ്ലിം ലീഗിനെപ്പററി, ഒരു ചെറിയ പാർട്ടിയായതുകൊണ്ടു ഞങ്ങൾ മലബാറിൽ പ്രവർത്തിച്ചു പരിചയമില്ലാത്തവരായതുകൊണ്ടു കേട്ടുകേൾവിമാത്രമേയുണ്ടായിരുന്നുള്ളു. സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും മററും മുൻകാലങ്ങളിൽ പറഞ്ഞുകേട്ട അറിവുമാത്രമേ ഞങ്ങൾക്കു മുസ്ലിം ലീഗിനെപ്പററി ഉണ്ടായിരുന്നുള്ളു. പല ആലോചനകളും നടത്തിയതിനുശേഷം ഞങ്ങൾ പറഞ്ഞു ഒരു വർഗ്ഗീയ സംഘടനയെന്ന നിലയ്ക്കു അവരുമായി കൂട്ടുചേരാൻ ഞങ്ങൾക്കു വിഷമമുണ്ടെന്ന്. രാഷ്ട്രീയമായി യോജിക്കാൻ വിഷമമാണെന്നു ആത്മാർത്ഥമായി ഞങ്ങൾ പറഞ്ഞു. അങ്ങനെ ഐക്യമുന്നണിയായിട്ടല്ലാതെ മാർക്സിസ്ററു പാർട്ടി അന്നു തിരഞ്ഞെടുപ്പിൽ മൽസരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ചോദിക്കുകയുണ്ടായി, അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ ശ്രീ. കരുണാകരൻ മുതൽ ടി. കെ. ദിവാകരൻ വരെ ഒന്നുചേർന്നാണോ, അതോ ശ്രീ. ടി. കെ. ദിവാകരൻ തൊട്ടു ശ്രീ. കെ. എം. ജോർജ്ജുവരെയുള്ളവർ ചേർന്നാണോ ഐക്യം എന്ന്. സർ, 1965–ൽ മാർക്സിസ്ററു പാർട്ടി ഉണ്ടാക്കിയ തിരഞ്ഞെടുപ്പു സഖ്യം എവിടെ തുടങ്ങി, എവിടെ അവസാനിച്ചു എന്നു പറയാൻ കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. ചില നിയോജക മണ്ഡലങ്ങളിൽ ഒററയ്ക്കു മൽസരിച്ചു, മററുചില നിയോജക മണ്ഡലങ്ങളിൽ ശ്രീ. ബാഫക്കി തങ്ങളിന്റെ തോളിൽ കൈയുമിട്ടു നിൽക്കുന്നതു കാണാമായിരുന്നു. ഏതാനും നിയോജക മണ്ഡലങ്ങളിൽ ശ്രീ. ബാഫക്കി തങ്ങളിന്റെ തോളിൽ ഇട്ടിരുന്ന കൈ ശ്രീ. കെ. എം. ജോർജിന്റെ തോളിലും, ശ്രീ. മന്നത്തു പത്മനാഭന്റെ ചങ്ങനാശ്ശേരി പെരുന്ന എൻ. എസ്. എസ്. വരെയും നീണ്ടുനിൽക്കുന്നതും കണ്ടതാണ്. 1965–ൽ നടന്ന സത്യമല്ലേ ഇത്? അപ്പോൾ എവിടെ തുടങ്ങിയെന്നും എവിടെ അവസാനിച്ചുവെന്നും നിശ്ചയമില്ലാതിരിക്കുന്നത് ആർക്കാണ്?

സർ, ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. ഇന്നത്തെ കേരളാ കോൺഗ്രസ്സായിരുന്നോ അന്നത്തെ കേരളാ കോൺഗ്രസ്സ്? അന്നത്തെ കേരളാ കോൺഗ്രസ്സെന്നു പറഞ്ഞാൽ, എൻ. എസ്. എസ്., പള്ളി തുടങ്ങിയ എല്ലാ അവസരവാദികളുടെയും ആശീർവാദവും അനുഗ്രഹവും ഉണ്ടായിരുന്നു. 1967-ൽ പള്ളിയും, ശ്രീ. മന്നത്തു പത്മനാഭനും കേരളാ കോൺഗ്രസ്സിനെ എതിർത്തിരുന്നില്ലേ? ആ നിലയിൽ വേണം കേരളാ കോൺഗ്രസ്സിനെ നാം ഇന്നു അപഗ്രഥനം ചെയ്യാൻ. 1967–ലെ കേരളാ കോൺഗ്രസ്സിന്റെ സ്ഥിതി തികച്ചും ഭിന്നമായിരുന്നു. 1967–ലെ മുസ്ലിം ലീഗിന്റെ കാര്യം പറഞ്ഞാൽ, അതിവിപ്ലവകാരികളായ മാർക്സിസ്ററുകാരുടെ കൂട്ടുകെട്ടുമൂലം ചില മാററങ്ങൾ വന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. രാഷ്ട്രീയ പ്രസ്ഥാനത്തിൽ ഗുണകരമായുണ്ടാകുന്ന മാററങ്ങളും, മററുതരത്തിലുണ്ടാകുന്ന വ്യതിയാനങ്ങളും, അവ മററു പാർട്ടി അണികളിലുണ്ടാക്കുന്ന ആഘാതങ്ങളും കണക്കിലെടുത്തുകൊണ്ട് അനുയോജ്യമായ നയങ്ങൾ ആവിഷ്കരിക്കുക എന്നുള്ളത് ഒരു പതിവാണ്. മുസ്ലിം ലീഗിന്റെ മദിരാശി പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ നയത്തിനു കാര്യമായ മാററം വന്നിട്ടുണ്ടെന്നു മനസ്സിലാക്കാനും ഞങ്ങൾക്കു കഴിഞ്ഞു. മാത്രമല്ല, 1965–ൽനിന്ന് 1967 ആയപ്പോഴേക്കും മാർക്സിസ്ററു പാർട്ടിയുടെ സഹശയനംകൊണ്ട്—അഥവാ—സഹയാത്രകൊണ്ടു കുറെയൊക്കെ പുരോഗമനം അവർക്കുണ്ടായിട്ടുള്ളതായും ഞങ്ങൾ മനസ്സിലാക്കി.

സഖാവ് ഇ. എം. എസ്. കേരളാ കോൺഗ്രസിനെ കോൺഗ്രസിനെ പരാജയപ്പെടുത്താൻ ഗുരുതരമായി കാണുന്ന നടപടിയെ പററിയും ആലോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ചിച്ചിട്ടില്ലേ. 1965-ലെ തെരഞ്ഞെടുപ്പു കഴിഞ്ഞ് ശ്രീമാൻ ജോർജ്ജും സഖാവ് ഇ. എം. എസ്സും എറണാകുളത്തു ചന്ദ്രശേഖരന്റെ വീട്ടിൽ വച്ചു കൂടിയാലോചന നടത്തുന്നതിനും മന്ത്രിസഭയുണ്ടാക്കുന്നതിനും ശ്രമിച്ചിട്ടില്ലേ. 1967-ൽ ഇൻഡ്യ ഒട്ടാകെയുള്ള പൊതുതെരഞ്ഞെടുപ്പാണ്. 1965-ൽ കേരളത്തിൽ മാത്രമുള്ള ഉപതെരഞ്ഞെടുപ്പായിരുന്നു. കോൺഗ്രസ് മൂന്നു കൊല്ലമായി തകർന്നിട്ടുള്ളതും കൂടി കണക്കിലെടുത്തുകൊണ്ട് 1967-ൽ ഐക്യമുന്നണിയിൽ രൂപീകരിക്കുകയാണ് നല്ലതെന്നു ഏഴു കക്ഷികൾ തീരുമാനിച്ചു. നിങ്ങൾ ചെയ്ത തെററു നിങ്ങൾ തിരുത്തി. ഞങ്ങൾ ഞങ്ങളുടെ തെററും തിരുത്തി. എന്നല്ലാതെ 1965-ൽ അങ്ങനെയല്ലായിരുന്നോ, അതിനുമുമ്പ് പൂജ്യം പാർട്ടിയല്ലായിരുന്നോ, ആളെ കിട്ടുമായിരുന്നോ എന്ന ചോദ്യത്തിലുള്ള സ്വരം അത്ര നല്ലതല്ല. ഈ രീതിയിലാണ് ഞങ്ങൾ 1967-ൽ ഉണ്ടായ ഐക്യമുന്നണിയെ കാണുന്നത്. മുസ്ലീംലീഗുമായി ഉള്ള അനുഭവംകൊണ്ടു ഒരു കാര്യം മനസ്സിലായി. മാർക്സിസത്തിലും ലെനിനിസത്തിലും അവർക്ക് വിശ്വാസമുണ്ടെന്നു പറയുകയല്ല. പക്ഷേ ഒരു രാഷ്ട്രീയം അവർക്ക് ഉണ്ട്—നേരെവാ, നേരെപോ. അതിൽ ഞങ്ങൾ വിശ്വസിക്കുന്നു. മാർക്സിസവും ലെനിനിസവും അതിന്റെ കൂടെ ചാണക്യസൂത്രവും ഉണ്ട് നിങ്ങൾക്ക്. ഞങ്ങൾക്കു ചാണക്യസൂത്രം അറിഞ്ഞുകൂടാ. ഈ കാര്യത്തിൽ കുറച്ചു അവരുടെകൂടി ഞങ്ങൾ നിൽക്കുന്നുണ്ട്, എന്നിരുന്നാലും ഈ കാഴ്ചപ്പാട് കുറെക്കൂടി പുനപ്പരിശോധന ചെയ്യേണ്ടതായിരുന്നു എന്നാണ് എനിക്കു പറയുവാനുള്ളത്. എന്റെ പാർട്ടിക്കു ഐക്യമുന്നണിയോടുള്ള കടമയെപ്പററിയും ഇന്നത്തെ സാമൂഹ്യബന്ധങ്ങളെപ്പററിയും, ജനാധിപത്യക്രമത്തിൽ ഈ ഗവൺമെൻറിനു ചെയ്യാനുള്ള കടമകളെപ്പററിയും ഏറെക്കുറെ ബോദ്ധ്യം ഉണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ പാർട്ടിയുടെ കാഴ്ചപ്പാടിനോട് ഏററവും അടുത്തു നിൽക്കുന്ന ഒരു കക്ഷിയാണ് ആർ. എസ്. പി. മാർക്സിസം-ലെനിനിസം തത്വങ്ങളിൽ വിശ്വസിക്കുന്ന ഒരു പാർട്ടി ബൂർഷ്വാ പാർലമെൻററി മാർഗ്ഗത്തിൽക്കൂടി അധികാരത്തിൽ വരുന്നതിനെപ്പററി ഉള്ള കാഴ്ചപ്പാടിലാണ് യോജിപ്പുള്ളത്. എന്നാൽ ഒരു കേന്ദ്രഭരണത്തിൽ ഒരു മാർക്സിസ്ററു ലെനിനിസ്ററു പാർട്ടി ബൂർഷ്വാ പാർലമെൻററി മാർഗ്ഗത്തിൽകൂടി അധികാരത്തിൽ വരുമ്പോൾ സ്വീകരിക്കേണ്ട എല്ലാ സമീപനവും ഒരു പഞ്ചായത്തിലും മുനിസിപ്പാലിററിയിലും പ്രായോഗികമാണോ ? ഇവിടെ പഞ്ചായത്തും മുനിസിപ്പാലിററിയും എന്നതിനെക്കാൾ കുറെക്കൂടി വളർന്ന സംസ്ഥാന ലവലിൽ നടപ്പാക്കുന്ന വിവിധ കക്ഷികൾ ഉൾപ്പെട്ട കൂട്ടുമന്ത്രിസഭ ഉണ്ടാക്കുമ്പോൾ ഉള്ള മാർഗ്ഗങ്ങളെപ്പററിയാണ്. അങ്ങനെയുള്ള ഐക്യമുന്നണി നിലവിൽ വരുമ്പോൾ ഈ മാർക്സിസം ലെനിനിസം എങ്ങനെ പ്രയോഗത്തിൽ വരണമെന്നുള്ള അങ്ങയുടെ കാഴ്ചപ്പാട് നിർഭാഗ്യവശാൽ പോളിററ്ബ്യൂറോയ്ക്കില്ലാതെപോയി. അവിടെയാണ് തകരാറുണ്ടായത്, അല്ലാതെ വേറെയൊരിടത്തും അല്ല. അങ്ങേയ്ക്കു ആഗ്രഹം ഉണ്ട് ഈ ഐക്യമുന്നണി നിലനിർത്തണമെന്ന്. അങ്ങയുടെ സമീപനമല്ല, പോളിററ് ബ്യൂറോ എടുക്കുന്ന തീരുമാനത്തിലുള്ളത്. പോളിററു ബ്യൂറോ എടുത്തിട്ടുള്ള തെററായ നയമെന്താണെന്നറിയാൻ ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ള പത്രാധിപരായുള്ള 'ദേശാഭിമാനിയിൽ' 'ഐക്യമുന്നണിയിലെ കുലംകുത്തികൾ' എന്ന തലക്കെട്ടിൽ എഴുതിയിട്ടുള്ള ലേഖനത്തിന്റെ അവസാനഭാഗം ഞാൻ വായിക്കാം. പാറുക്കുട്ടി മൂപ്പിലമ്മയുടെ സ്വകാര്യവനം ഏർപ്പാടിലെ ചില കാര്യങ്ങൾ ദേശാഭിമാനിയുടെ അച്ചുകളിൽക്കൂടി തെളിയുന്നുണ്ടെങ്കിലും അതു വായിക്കാതിരിക്കുവാൻ നിവൃത്തിയില്ല. "ഐക്യമുന്നണിക്കുള്ളിൽ അതിന്റെ അസ്ഥിവാരം തകർക്കാൻ കടന്നുകൂടിയ 'അന്യപദാർത്ഥം', ശസ്ത്രക്രിയ എപ്പോഴും വേദനയുള്ളതാണ്, ഇത്തിരി

LIBRARY ARCHIVES Kerala Legislative Assembly

വേദന സഹിച്ചിട്ടായാലും എത്ര കടുത്ത ശസ്ത്രക്രിയകൊണ്ടായാലും ഐക്യമുന്നണിക്കുള്ളിലെ ഈ അന്യപദാർത്ഥങ്ങളെ പുറംതള്ളേണ്ടിയിരിക്കുന്നു''. 22-ാം തീയതിയിലെ പ്രമേയം ചർച്ചചെയ്യുന്നതിനു മുമ്പ് എഴുതിയിരുന്നതാണ്. ഈ അഭിപ്രായമാണ് പോളിററുബ്യൂറോക്കുള്ളത്. ഇതു നടപ്പിലാക്കണമെങ്കിൽ അങ്ങ് ഇരുന്നാൽ നടപ്പാക്കുകയില്ല. അങ്ങേക്കു ഈ കാര്യത്തിൽ സ്വതന്ത്രമായി വിവേചനം നടത്താനുള്ള അവസരം ഉണ്ടായിരുന്നില്ല. അങ്ങ് ആകെക്കൂടി നോക്കുമ്പോൾ ഒരു കാര്യത്തിൽ സമാധാനിക്കുവാൻ അങ്ങേയ്ക്കു കഴിയും: ഇത് ഇവിടെ തകർക്കുന്നതിനുള്ള ഉത്തരവാദിത്വം ഞാൻ ഇല്ലാതിരുന്ന സമയത്തു ഇവിടുത്തെ ബുദ്ധിഹീനമായ നേതൃത്വം ഏറെറടുത്തു. അതിനുത്തരവാദികളായ എ. കെ. ഗോപാലനും, പോളിററു ബ്യൂറോയുമാണ് ഇതു തകർത്തതെന്നു അങ്ങേയ്ക്കു പറയുവാൻ കഴിയും. ഇതിനെ ഒരു ഇന്നർ പാർട്ടി സ്ട്രഗിൾ ആയിട്ടു മാററാൻ കഴിയും. ഈ കാര്യത്തിൽ എല്ലാവിധ പിന്തുണയും ഞങ്ങളുടെ പാർട്ടി അങ്ങേയ്ക്കു നൽകുന്നതാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഐക്യമുന്നണിയുടെ നേർക്കു അങ്ങേയ്ക്കുള്ള കാഴ്ചപ്പാടും അങ്ങയുടെ നേതൃത്വത്തിൻെറ കാഴ്ചപ്പാടും തമ്മിൽ വ്യത്യാസം ഉണ്ട്. ആ വ്യത്യസ്തമായ കാഴ്ചപ്പാടിൽ നമ്മുടെ ഭാവി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങയുടെ പാർട്ടിയുടെ ബുദ്ധിപരമായ നേതൃത്വം മാഞ്ഞൂരാനിലേക്ക് വിട്ടുകൊടുത്തു. അതാണ് ഈ സമീപകാലത്തു ഇത്ര വേദനാജനകമായ ശസ്ത്രക്രിയയ്ക്കു അങ്ങയെ പ്രേരിപ്പിക്കുന്നതും അങ്ങ് ചെയ്യുന്നതിനും ഇടയാക്കിയ സാഹചര്യം. ഒരു ശസ്ത്രക്രിയ ആവശ്യമാണെന്നു കാലേകൂട്ടി മാർക്സിസ്ററു പാർട്ടി തീരുമാനം എടുത്തിട്ടുണ്ടായിരുന്നു. അതിൻെറ ഉത്തരവാദിത്വം ആരുടെ പേരിൽ വയ്ക്കണം, എവിടെയെല്ലാം വയ്ക്കണം എന്നുള്ള ശ്രമമാണ് ആഗസ്ററ് ഇരുപത്തി രണ്ടാം തീയതി മുതൽ ഒക്ടോബർ 17-ാം തീയതിവരെ ഉണ്ടായിരുന്നത്. ഇവിടെ കുരുക്ഷേത്രത്തെപ്പററി പറഞ്ഞു. എനിക്കു പുരാണമൊന്നും അറിഞ്ഞുകൂടാ. ഞങ്ങളുടെ കുരുക്ഷേത്രം തെരഞ്ഞെടുപ്പു മാത്രമല്ല. അതിൽനിന്നും വ്യാപകമായി തെരുവീഥികളിലും പാടങ്ങളിലും തൊഴിലാളികൾ പണിയെടുക്കുന്ന ഫാക്ടറികളിലും എല്ലാം പരന്നുകിടക്കുകയാണ് ഞങ്ങളുടെ കുരുക്ഷേത്രം. അവിടെ നമ്മൾക്കു ചിലപ്പോൾ തോളോടുതോൾ ചേർന്നു സമരം നടത്തേണ്ടിവരും. അതുകൊണ്ട് ഈ പിരിയുന്ന അവസരത്തിലും നമുക്ക് ഈ കാര്യത്തിൽ സത്യസന്ധമായ ഒരു സമീപനം ഉണ്ടായിരിക്കണം. ഈ കാര്യത്തിൽ ഈ തീരുമാനമാണോ ഉണ്ടാകേണ്ടിയിരുന്നതെന്നു പുനഃപ്പരിശോധന ചെയ്യാനുള്ള അവസരം ഉണ്ടാക്കണം. ഇങ്ങനെയുള്ളവരെ പുറത്താക്കുകയായിരിക്കുമെന്നു അവരുടെ മുമ്പിൽ അങ്ങ് പറഞ്ഞിട്ടുണ്ടെന്നിരുന്നാലും ശാന്തമായി ഒന്നാലോചിക്കുന്നതാണ് നല്ലത്. അതുകൊണ്ട് മക്കളേയും മരുമക്കളേയും കുടുക്കുവാൻവേണ്ടി മരണ കിടക്കയിൽ കിടന്നും ആപ്പു അടിക്കാൻ അഭ്യർത്ഥിച്ച 'പാണ്ടിമണിയനെ 'പോലെ പെരുമാറരുത്. ഈ ഐക്യമുന്നണി തകർത്തതിനുള്ള ഉത്തരവാദിത്വം മാർക്സിസ്ററേതര ഘടക കക്ഷികൾക്കാണെന്നു പറയുന്ന നയം ശരിയല്ല. ഈ ചർച്ചയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുടെ പേരിലോ, ചർച്ചയുടെ അവസാനത്തിൽ അവതരിപ്പിക്കപ്പെടുന്ന ഏതെങ്കിലും പ്രമേയം പാസ്സാകുന്നതുകൊണ്ടോ അങ്ങ് രാജിവയ്ക്കേണ്ടതില്ല. പാണ്ടിമണിയൻെറ ആപ്പായി ഈ സംരംഭത്തെ കാണരുത്. യഥാർത്ഥത്തിൽ മൊട്ടുസൂചികൊണ്ടുള്ള ഒരു ചെറിയ പോറൽ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു. അതിനെ ആപ്പായിട്ടുതന്നെ എടുക്കുമെന്നുള്ള സമീപനം ശരിയല്ല. രാഷ്ട്രീയമായ തെററായ നടപടിയാണ്, അവിശ്വാസപ്രമേയമായി കാണും, രാജിവയ്ക്കും എന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

പറയുന്നതു ചിന്താശൂന്യമായ നടപടിയാണ്. അങ്ങനെ കാണരുതെന്നു മാത്രമേ ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളു.

ശ്രീ. കെ. എം. ജോർജ്ജ്: സർ, സുപ്രധാനമായ ഈ വിനാഴികയിൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ സംബന്ധിച്ചു യാതൊന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഇങ്ങനെയൊരു മുഖവുര കൊടുക്കുവാനുള്ള കാരണം അദ്ദേഹം രാഷ്ട്രീയ ചരിത്രത്തിൽ ഒരു വലിയ അദ്ധ്യായം എഴുതിച്ചേർത്ത ആളാണ്. അദ്ദേഹം ഇതിനുമുമ്പു പറഞ്ഞിട്ടുള്ളതുപോലെ ചരിത്രപരമായ വിലയിരുത്തൽ, ഭാവി ചരിത്രകാരൻമാർ ചരിത്രം എഴുതിക്കൊള്ളും. അദ്ദേഹം ഒരവസരത്തിൽ വസ്തുനിഷ്ഠമായി പറഞ്ഞതു ഞാൻ ഓർക്കുന്നുണ്ട്. അദ്ദേഹം ഈ രാജ്യത്തു ചെയ്തിട്ടുള്ള സേവനങ്ങളെ സംബന്ധിച്ചിടത്തോളം ഏററവുമധികം സ്മരിക്കപ്പെടാൻ പോകുന്നതിനെപ്പററി നൻദിയോടുകൂടി സ്മരിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഇപ്രകാരം സൂചിപ്പിക്കുന്നത്. അതെന്തിനെപ്പററിയാണെന്നു ഞാൻ എൻെറ പ്രസംഗത്തിൽ പിന്നാലെ പറഞ്ഞുകൊള്ളാം. ഈ കഴിഞ്ഞ 17-ാം തീയതി ഈ നിയമസഭയിൽ അദ്ദേഹം ചെയ്ത പ്രസ്താവന സഹമന്ത്രിമാരിൽ നാലുപേരുടെ മേൽ അന്വേഷണ ഉത്തരവു പുറപ്പെടുവിച്ചുകൊണ്ടു ചെയ്തിട്ടുള്ള പ്രഖ്യാപനം തീർച്ചയായിട്ടും ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ യഥാർത്ഥ സ്വഭാവം എന്താണെന്നു തെളിയിക്കുകയാണ്. ഈ 31 മാസത്തെ ഭരണകാലത്തും അതിനുമുമ്പ് 1957-59 ഭരണകാലത്തും ആർക്കും അതു മനസ്സിലാക്കുവാൻ അവസരം കിട്ടിയില്ല. ഇപ്പോൾ ഈ ഭരണകാലത്തും ഘടക കക്ഷികൾക്കുപോലും അതു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഐക്യമുന്നണിയുടെ ഈ നേതൃത്വത്തിൻെറ യഥാർത്ഥമായ വ്യക്തമായ അദ്ദേഹത്തിൻെറ വിശ്വരൂപം ഈ കേരളത്തിലും ഭാരതത്തിൽ തന്നെയും പ്രദർശിപ്പിക്കുവാൻ കഴിഞ്ഞു എന്നതുകൊണ്ട് ചരിത്രപരമായി വലിയ വ്യത്യാസങ്ങളും മാററങ്ങളും വരുത്തുവാൻ അതു വഴിതെളിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ട് ആ നിലയിൽ അദ്ദേഹം വലിയൊരു സേവനമാണ് നമ്മോടു ചെയ്തിട്ടുള്ളത്. പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നുപോലും നോക്കാതെ വെറും തെരുവുതെണ്ടികളെപ്പോലെ മുള്ളായുടെ മുമ്പിലേക്കു മൂന്നു മന്ത്രിമാരെ എറിഞ്ഞുകൊടുക്കുവാൻ ആലോചനാബോധം ഇല്ലാത്ത ആളാണോ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ? അല്ല. പോളിററു ബ്യൂറോയുടെ തീരുമാനം നടപ്പിലാക്കുവാൻ വേണ്ടിയാണ് അദ്ദേഹം അതു ചെയ്തത്. പോളിററുബ്യൂറോ കൊടുത്ത വാളുകൊണ്ടു വെട്ടിവീഴ്ത്തുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചില്ലായിരുന്നുവെങ്കിൽ ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഒരിക്കലും അതു ചെയ്യുമായിരുന്നില്ല. അഴിമതി ആരോപണങ്ങളെ സംബന്ധിച്ച് നേരത്തെ ഉണ്ടായിരുന്ന അഭിപ്രായം, അഴിമതി ആരോപണം ആരുടെ പേരിൽ വന്നാലും മുഖംനോക്കാതെ അന്വേഷണം നടത്തുമെന്നും ശിക്ഷ നൽകുമെന്നും ഉള്ളതാണ്. മാർക്സിസ്ററു പാർട്ടിയുടെ അഭിപ്രായവും അതു തന്നെയാണ്. അതു പറയുമ്പോൾ ന്യായമായ സംശയം തോന്നിപ്പോവുകയാണ്, എന്തുകൊണ്ടു മാർക്സിസ്ററു പാർട്ടി അഴിമതി അന്വേഷണം നടത്തുന്നതിനു ശരിയായ ഒരു മെഷിനറി വേണമെന്നുള്ള വാദം, ഒരു ഘടക കക്ഷിയായ എസ്. എസ്. പി. കൊണ്ടുവന്നപ്പോൾ സ്വീകരിച്ചില്ല ? വളരെ ചിന്താർഹമായ ഒരു കാര്യമാണത്. മാർക്സിസ്ററു പാർട്ടി അഴിമതി ആരോപണം വന്നാൽ, അതു ആർക്കെതിരായി വന്നാലും മുഖംനോക്കാതെ ഉത്തരവിടും അന്വേഷണത്തിന്. 17-ാം തീയതിയിലെ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വന്നപ്പോൾ അന്നു അഴിമതിക്കു കൂടുതൽ വ്യക്തമായ

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങൾക്കു വിധേയമായിട്ടുള്ള തന്റെ പാർട്ടിയിൽപ്പെട്ട ഒററയൊരാളെപ്പോലും ഈ അന്വേഷണപരിധിയിൽ ഉൾപ്പെടുത്തുവാനുള്ള സൻമനസ്സ് അദ്ദേഹത്തിനില്ലാതെപോയി. അങ്ങനെ ചെയ്യാനുള്ള ന്യായമെന്താണെന്നു വിനയപൂർവ്വം ഞാൻ അങ്ങയോടു ചോദിക്കുകയാണ്. നാലു മന്ത്രിമാരിൽ മൂന്നു മന്ത്രിമാരുടെ പേരിലും ബ്ലാങ്കററു ഉത്തരവു പുറപ്പെടുവിക്കുവാൻ കഴിഞ്ഞ അങ്ങേയ്ക്ക്, അതിനു പ്രഥമദൃഷ്ടി നോക്കേണ്ടോ, മററു ന്യായങ്ങൾ അന്വേഷിക്കേണ്ട, അതിനു കഴിയുമ്പോൾ എന്തുകൊണ്ട് ഒരാൾ തന്റെ പാർട്ടിയിലേതുംകൂടി ഇരിക്കട്ടെ എന്നു വിചാരിക്കുവാനുള്ള സൻമനസ്സ് ഇല്ലാതെപോയി ? അതിന്റെ അർത്ഥം എന്താണ് ? എത്ര ചെറിയ കുററക്കാരനായാലും എത്ര വലിയ കൊലപാതകം ചെയ്തവനായാലും കുററപത്രം വായിച്ചു കേട്ടിട്ട് എന്തെങ്കിലും പറയാനുണ്ടോ എന്നു ചോദിക്കുകയും കുററപത്രം വായിച്ചുകേട്ടു എന്റെ അഭിപ്രായം ഇന്നതാണെന്നു പറയുവാനുള്ള, കുററം ചെയ്തെന്നു പറയുന്നവർക്കു എന്താണ് പറയുവാനുള്ളതെന്നു കേൾക്കുവാൻ ഒരവസരം നൽകുക എന്നത് സൂര്യനു താഴെയുള്ള എല്ലാ രാജ്യങ്ങളിലുമുള്ള ഏർപ്പാടാണ്, അതല്ലാതുള്ള ഏർപ്പാടു ഒരുകാലത്തും ഉണ്ടായിട്ടില്ല. ഈ അന്വേഷണവിധേയരായവർ ആരാണെന്നുള്ള കാര്യം കേരളത്തിലെ ജനങ്ങളോടു പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ശ്രീ. എം. എനേയും ശ്രീ. ടി. വി. യേയും ശ്രീ. ടി. കെ. യേയും പോലെയുള്ള ഈ രാജ്യത്തെ തൊഴിൽ മേഖലയിൽ പ്രവർത്തിച്ചു സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞ കമ്മ്യൂണിസ്ററു പാർട്ടി സ്ഥാപകൻമാരുടെ നേതാക്കൻമാരാണ്. ഈ നേതാക്കൻമാരെ വെറും ചാരക്കുഴിയിൽ കിടക്കുന്ന ചില്ല പട്ടികളെപ്പോലെ മുള്ളായുടെ മുമ്പിലേക്കെറിഞ്ഞുകൊടുക്കുകയും തന്റെ പാർട്ടിയിൽപ്പെട്ട ആരുടെമേലും അന്വേഷണ ഉത്തരവു ഇടാനുള്ള നർമ്മബോധം കാണിക്കുകയും ചെയ്തതിൽനിന്നും അങ്ങ് എത്ര മര്യാദക്കാരനായാലും അങ്ങയുടെ പൂച്ചസന്യാസിവേഷം ഇപ്പോൾ പുറത്തായതാണ്. ഇൻഡ്യൻ രാഷ്ട്രീയരംഗത്തു അങ്ങേയ്ക്കു നേടിത്തന്ന സ്ഥാനം ഉപയോഗിച്ചു നയവഞ്ചകനായി പെരുമാറിയ മറെറാരു നേതാവു കാണാൻ കഴിയുകയില്ല. വളരെ സത്യവാനും ശ്രേഷ്ഠനുമായ അങ്ങയുടെ പ്രതിബിംബം തകർന്നു തരിപ്പണമായിരിക്കുകയാണ് ഈ കഴിഞ്ഞ 17-ാം തീയതി. അങ്ങ് ജർമ്മനിയിൽ പോയത് മരിക്കാനല്ല, ആരോഗ്യവാനായി വരുവാനാണ്, അങ്ങ് വരികയും ചെയ്തു അതിൽ സന്തോഷമുണ്ട്. എന്നിരുന്നാലും രാഷ്ട്രീയമായി അങ്ങ് മരിച്ചിരിക്കുന്നു എന്നുള്ളതാണ് വസ്തുത. തീർച്ചയായിട്ടും അങ്ങ് അത്യധികം അഭിമാനിച്ചു കേരളത്തിൽ ഞങ്ങൾ മുന്നണിയുണ്ടാക്കി, ബംഗാളിലും ഞങ്ങൾ മുന്നണിയുണ്ടാക്കി, ആഴ്ചതോറും ഓടുമായിരുന്നു ബംഗാളിലേക്ക് മുന്നണിയുണ്ടാക്കാൻ. ഇവിടെയുള്ള കാര്യം നോക്കുവാൻ നേരമില്ല. ഇവിടെ മുന്നണിയുണ്ടാക്കി ശരിപ്പെടുത്തി കഴിഞ്ഞു. ബംഗാളിൽ മുന്നണിയുണ്ടാക്കാൻ കഴിഞ്ഞു, അങ്ങനെ പല സ്ഥലത്തും മുന്നണിയുണ്ടാക്കി അവസാനം ഡൽഹിയിൽ റെഡ്ഫോർട്ടിൽ കൊടികൊണ്ടുചെന്നു നാട്ടുമെന്നു പ്രഖ്യാപിച്ചു. കേരളത്തിലേയും ബംഗാളിലേയും മുന്നണി തകർന്നു തരിപ്പണമായതു കണ്ടോ ? ആറു മാസത്തിനു മുൻപ് പ്രസ് ക്ലബ്ബിൽവച്ച് അങ്ങയോടു പറഞ്ഞു ഞങ്ങൾ, ഞങ്ങൾ അഞ്ചുപേരും കോൺഗ്രസ് 9 പേരുമല്ലേയുള്ളു, ചെറിയ പാർട്ടിക്കാരല്ലേ എന്നു പുച്ഛരിച്ചു തള്ളി. ശരിയാണ്, ഞങ്ങൾ ചെറിയ പാർട്ടിക്കാരാണ്, നിസ്സാരരാണ്. ഞങ്ങൾ പറഞ്ഞു 1960-ൽ ശ്രീ. പി. ടി. ചാക്കോയുടെ നേതൃത്വത്തിൽ ഒന്നിച്ചുനിൽക്കാൻ സഖ്യം ഇട്ടതാണ്. പിന്നീടു ഞങ്ങൾക്കെതിരായി നിന്നു ഞങ്ങളെ ഈ മൂലയിൽകൊണ്ടിരുത്തിയെങ്കിൽ 1972-ൽ ഞങ്ങൾക്കെതിരായി ഉപയോഗിച്ച അതേ അടവുകൊണ്ടുതന്നെ അങ്ങയെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

തോററു തുന്നംപാടിക്കാം എന്നു ഞങ്ങൾ പറഞ്ഞപ്പോൾ അതു വെറുതെ പറയുകയാണ്, സത്യസന്ധമായി പറയുകയല്ല എന്നു അങ്ങു വിചാരിച്ചു. മൂവാററുപുഴ പള്ളിമൈതാനത്തുവെച്ച് അങ്ങ് ഇലക്ഷനുവേണ്ടി പ്രസംഗിച്ച അവസരത്തിൽ പറയുകയുണ്ടായി, കെ. എം. ജോർജ്ജ് താരതമ്യേന നല്ലവനാണ്, പക്ഷേ ബുദ്ധിയില്ലാത്തവനാണെന്ന്. ഇല്ലെങ്കിൽ എൻെറ കൂടെ കൂടുമായിരുന്നെന്ന്. ഞാൻ അതു സമ്മതിക്കുന്നു. എനിക്ക് ബുദ്ധി കുറവാണ്. 1964-ലെ തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം കോഴിയുടെ പുറകെ കുറുക്കൻ നടക്കുന്നതുപോലെ എൻെറപുറകിൽ നടന്നതാണ്, യോജിച്ചു മന്ത്രിസഭയുണ്ടാക്കാമെന്നും പറഞ്ഞ്. ഞാൻ ഒരു തികഞ്ഞ ഈശ്വരവിശ്വാസിയാണ്. അതിൽ ഉറച്ചുനിൽക്കുന്നതുകൊണ്ടാണ് കാര്യങ്ങൾ വ്യക്തമായിട്ടു കാണാനുള്ള ദൈവാധീനം ഉണ്ടാകുന്നതും. അല്ലാതെ മറെറാന്നുമല്ല. 1964-ൽ ശങ്കർ മന്ത്രിസഭക്കെതിരായി വോട്ടുചെയ്തപ്പോൾ കേരളാ കോൺഗ്രസ് അങ്ങയുടെ ഭാഗത്തു യോജിച്ചു നിൽക്കുകയായിരുന്നു. ശ്രീ. ടി. കെ. പറഞ്ഞതു കുറെ ഭാഗം ശരിയാണ്. മുസ്ലീംലീഗ് എന്ന ചെറിയ പാർട്ടിയെ കൂട്ടുകൂടിയതാണ് ഞങ്ങളുടെ ഭാഗത്തുള്ള തെററായി കാണുന്നത്. മുസ്ലീംലീഗും ഞങ്ങളെപ്പോലെ ഈശ്വരവിശ്വാസമുള്ള പാർട്ടിക്കാരാണ്. ഞങ്ങൾ അവരുമായി ബന്ധം ഉണ്ടാക്കിയാൽ അതു ഉറച്ചതുതന്നെയായിരിക്കും, വിശേഷിച്ചും ഞങ്ങൾ കത്തോലിക്കർ ഒരിക്കൽ കല്യാണം കഴിച്ചാൽ പിന്നെയൊട്ടു ഉപേക്ഷിക്കുകയുമില്ല. ആ ബന്ധം ഇന്നുമുണ്ട്. നേരത്തെയുണ്ടായിരുന്നതായി ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിനു അറിയുകയും ചെയ്യാം. 1965-ലെ ഇലക്ഷൻ കഴിഞ്ഞു ഒരുവിഭാഗം ആളുകൾ മുൻമന്ത്രി ശ്രീ. ചന്ദ്രശേഖരൻെറ വീട്ടിൽ പോയതും മന്ത്രിസഭ രൂപീകരണത്തെ സംബന്ധിച്ച സംസാരമുണ്ടായതും ശരിയാണ്. അത്യാവശ്യമായി അദ്ദേഹത്തിൻെറ വീട്ടിൽ ചെല്ലണമെന്നും ശ്രീമാൻ ഇ. എം. എസ്. രണ്ടര മണിക്കു വരുമെന്നും അതിനുമുമ്പായി കുറച്ചു രാഷ്ട്രീയകാര്യങ്ങൾ പറയാമെന്നും എന്നെ അറിയിച്ചതനുസരിച്ചു ഞാൻ അദ്ദേഹത്തിൻെറ വീട്ടിൽ പോയിരുന്നു. എന്നെ മന്ത്രിസഭ രൂപീകരിക്കുന്നതിനെ സംബന്ധിച്ചുള്ള ആലോചനയിൽ ഉൾപ്പെടുത്തുവാൻ സൻമനസ്സ് കാണിച്ച നമ്പൂതിരിപ്പാടിൻെറ ഔദാര്യത്തിൽ എനിക്കു സന്തോഷമുണ്ട്, നൻദിയുണ്ട്. ഞാൻ ചെന്നു കുറെ കാര്യങ്ങളെല്ലാം പറഞ്ഞിട്ട് എനിക്കു അദ്ദേഹവുമായി ഒന്നും പറയാനില്ലെന്നും കേരളത്തിലെ മുഖ്യമന്ത്രിപദമല്ല, ഇൻഡ്യയിലെ പ്രധാനമന്ത്രി പദം തന്നാലും മാർക്സിസ്ററുപാർട്ടിയുമായി കൂടിച്ചേരുവാൻ തയ്യാറില്ല എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അവിടെ എത്തുന്നതിനു ഒരു മിനിട്ടിനുമുമ്പേ സ്ഥലം വിടുകയാണ് ചെയ്തത്. ഇന്നു ഇവിടെ ഇരിക്കുന്ന ഒരു മാന്യമെമ്പർ എൻെറ വീട്ടിൽ അർദ്ധരാത്രിയ്ക്കു വന്നു എന്നെ എഴുന്നേൽപ്പിച്ചു വരാന്തയിൽ കയറി ഇരുന്നു ഞാനുമായി സംസാരിച്ചു. ഹോം ഡിപ്പാർട്ടുമെൻറ് ഒഴികെ ഏതു വകുപ്പു വേണമെങ്കിലും കേരളാ കോൺഗ്രസ്സിനു തരാമെന്നും മന്ത്രിസഭാ രൂപീകരണത്തിൽ യോജിച്ചു നിൽക്കാമെന്നും അങ്ങനെ കോൺഗ്രസ്സിനോട് വിരോധമല്ലേ, വിരോധമുള്ളവർക്ക് ഒന്നിച്ചു നിന്നുകൂടെ എന്നെല്ലാം ചോദിച്ചു. ഞങ്ങൾക്ക് കോൺഗ്രസ്സിനോട് വിരോധമില്ല. കോൺഗ്രസ്സിലെ ചില തെററായ നയങ്ങളോടുള്ള വിരോധമേയുള്ളൂ. ഈ കഴിഞ്ഞ ഇലക്ഷനാണ് ശരിക്കു വിലപേശിയാൽ നാലു മന്ത്രിസ്ഥാനവും നാൽപ്പതു മെമ്പർഷിപ്പും തരാമെന്നു പറഞ്ഞു എന്നെ സമീപിച്ചിട്ടുണ്ട്. ആൾ, ഇവിടെത്തന്നെ ഇരിപ്പുണ്ട്. ഞാൻ പേർ പറയുകയില്ല. പറയുകയില്ലെന്നു വാക്കുകൊടുത്തിട്ടുള്ളതാണ്. ഞാൻ പറഞ്ഞു ഞങ്ങൾ ഇങ്ങനെ നിന്നുകൊള്ളാം എന്ന്. ഈശ്വരവിശ്വാസം ഇല്ലാത്തവർക്കു

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യവിശ്വാസികളാകാൻ സാധിക്കുകയില്ല. ജനാധിപത്യവിശ്വാസത്തിന്റെ മൂലക്കല്ല്, അതിന്റെ അടിത്തറ ഈശ്വരവിശ്വാസമാണ്. ജനാധിപത്യവിശ്വാസം എന്നാൽ എന്താണെന്നു എന്റെ സ്നേഹിതൻ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കേരളാ കോൺഗ്രസ്സിനെ പുച്ഛിക്കേണ്ട ആവശ്യമൊന്നുമില്ല. കിട്ടാത്ത മുന്തിരിങ്ങാ പുളിക്കുമെന്നു കുറുക്കൻ പറഞ്ഞതുപോലെ തിരുമേനിക്ക് ആവശ്യമെങ്കിൽ പറഞ്ഞുകൊള്ളൂ. പക്ഷേ എല്ലാവരുടേയും മുമ്പിൽവച്ച് അതു പറയുവാൻ കൊള്ളുകയില്ല.

വൈരനിര്യാതന ബുദ്ധിയോടുകൂടി മററു പാർട്ടികളെ വെട്ടിവിഴുങ്ങുന്ന നയമാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്കുള്ളതെന്ന് പൂർവ്വ യൂറോപ്യൻ രാജ്യങ്ങളായ ചെക്കോസ്ലോവാക്യ, റൂമേനിയ മുതലായ രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയും ഉൾപ്പെട്ടു എവിടെയെല്ലാം ഐക്യമുന്നണി മന്ത്രിസഭ രൂപീകരിച്ചിട്ടുണ്ടോ അവിടെയെല്ലാംതന്നെ മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടി മേൽക്കോയ്മയ്ക്കുവേണ്ടി ശ്രമിക്കുന്നതു കാണാം. വലിയ കുളത്തിലെ വലിയ മീൻ ആ കുളത്തിലെ ചെറിയ മീനുകളെ വെട്ടിവിഴുങ്ങും. അതുപോലെ ഈ മന്ത്രിസഭയിലെ വലിയ മീനായ നമ്പൂതിരിപ്പാട് ചെറിയ മീനുകളായ മററുള്ളവരെ വെട്ടിവിഴുങ്ങിയിരിക്കുകയാണ്. തിരുമേനിയെ പൂച്ചെണ്ടുമായി കാത്തുനിൽക്കുന്നവരുടെ അനുഭവം എന്താണ്? ഇന്ന് ഓർഡറിട്ടല്ലൊ പന്ത്രണ്ടെണ്ണംകൂടി ഉൾപ്പെടുത്താൻ. വെല്ലിംഗ്ടൺ എവിടെയെങ്കിലും പോകട്ടെ, മത്തായി എവിടെയെങ്കിലും പോകട്ടെ ഇതാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി. അവർ അവരുടെ താൽപര്യം നോക്കും. മററുള്ളവരെ അവസരം വരുമ്പോൾ സ്വീകരിക്കാനും, ആവശ്യം കഴിയുമ്പോൾ നിഷ്ക്കരുണം തള്ളാനും അവർക്ക് ഒരു മടിയുമില്ല. ചാരക്കുഴിയിലെ ചില്ലപ്പട്ടിയെപ്പോലെ ഷോ കാസ് നോട്ടീസു പോലും കൂടാതെ എം. എൻ. ഗോവിന്ദൻ നായർക്കും ടി. വി. തോമസ്സിനുമെതിരായി ഉത്തരവു പാസ്സാക്കിയിരിക്കുകയാണ് നമ്പൂതിരിപ്പാടു തിരുമേനി. ഇതിന് ഞങ്ങളെപ്പോലെ നിർഭാഗ്യവാൻമാരായ കേരളത്തിലെ മക്കൾ പകരം ചോദിക്കും. തെരുവിൽവെച്ചു കണ്ടോളാമെന്നാണ് കുറച്ചു നാളായി മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയുടെ മുദ്രാവാക്യം, തെരുവിൽവെച്ചു കണ്ടോളാമെന്നു പറയുന്നതിനേക്കാൾ എത്രയോ അന്തസ്സുള്ളതാണ് ശ്രീ. ടി. വി. തോമസ്സ് കുരുക്ഷേത്രത്തിൽവെച്ചു കണ്ടോളാമെന്നു പറഞ്ഞത്. ഇതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം എന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിലേയും ബംഗാളിലേയും മുന്നണി പൊളിഞ്ഞതിന് യഥാർത്ഥത്തിലുള്ള കാരണക്കാർ ആരാണ്? 1967-ലെ നാലാമത്തെ പൊതുതിരഞ്ഞെടുപ്പിനുശേഷം ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഒരു സത്യം മനസ്സിലായി, അതായത് ഏകകക്ഷിക്കു മാത്രമായി സംസ്ഥാനങ്ങളിലോ കേന്ദ്രത്തിലൊ ഭരിക്കാൻ സാദ്ധ്യമല്ലെന്ന്. ഈ സത്യം ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സും ജനങ്ങളും മനസ്സിലാക്കിയതിൽ വലിയ സന്തോഷമുണ്ട്. ജനങ്ങൾക്ക് ഗുണകരമായ, പുരോഗമനപരമായ, സാമ്പത്തികനീതി കൈവരുത്തുന്ന സമാനധർമ്മത്തോടുകൂടിയ പാർട്ടികൾ ഒരുമിച്ചു കൂടിയല്ലാതെ ഈ രാജ്യത്ത് ഒരു നല്ല ഭരണം മുന്നോട്ടു കൊണ്ടുവരാൻ സാദ്ധ്യമല്ലെന്ന് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പാർട്ടികൾ ഒരുമിച്ചു കൂടിയില്ലെങ്കിൽ ഇവിടെ ഒരു നല്ല ഭരണം നടക്കുകയില്ലെന്നും ഒരു ഗവൺമെന്റും നിലനിൽക്കുകയില്ലെന്നുമുള്ള സത്യം 1967-ലെ നാലാമത്തെ പൊതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

തിരഞ്ഞെടുപ്പിനുശേഷം വ്യക്തമായിട്ടുണ്ട്. ഈ യാഥാർത്ഥ്യം നമ്പൂതിരിപ്പാട് പല അവസരങ്ങളിലും കാണിച്ചുവന്നിട്ടുണ്ട്. കേരളത്തിലും ബംഗാളിലും മുന്നണിയുണ്ടാക്കിയതിന്റെ ഉപജ്ഞാതാവും കാർമ്മികനും താനാണെന്ന് നമ്പൂതിരിപ്പാട് പ്രഖ്യാപിച്ചുകൊണ്ടു നടന്നിരുന്നു. എന്നാൽ ഇപ്പോൾ അതേ ബംഗാളിലും കേരളത്തിലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൊള്ളരുതായ്മകൾ കൊണ്ടും, ദുഷ്ചെയ്തികൾ കൊണ്ടും, അവർ അഴിച്ചുവിട്ട മേധാവിത്വം കൊണ്ടും, രാഷ്ട്രീയ കൊലപാതകങ്ങൾ കൊണ്ടും ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. അവർ അവരുടെ സഹോദരപാർട്ടികളെ വെട്ടി മുറിവേൽപിച്ചതിന്റെ ഫലമായി സഹോദരപാർട്ടികൾ കൈകാലുകൾ അററ വാസവദത്തയെപ്പോലെ പൊടിയണിഞ്ഞ് മണ്ണിൽ കിടന്നു പിടയുകയാണ്. ഈ മണ്ണിനോടു കൂറുള്ളതും, മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്നതും, ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതവുമായിട്ടുള്ള ജനാധിപത്യം, വ്യക്തികളുടെ പാവനമായ അവകാശങ്ങളെ അംഗീകരിക്കുന്ന ജനാധിപത്യം, ഈ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന പാർട്ടികൾ തമ്മിൽ ഒരുമിച്ചു കൂടിയെങ്കിലേ സഖ്യം നിലനിൽക്കുകയുള്ളു. നല്ല ഭരണം നടത്താൻ കഴിയുകയുള്ളു. ഈ യാഥാർത്ഥ്യം നമ്പൂതിരിപ്പാട് തെളിയിച്ചു കാണിച്ചതിനെപ്പററി ഇൻഡ്യൻ ചരിത്രകാരൻമാർ ഒരു പാരഗ്രാഫെങ്കിലും ചരിത്രത്തിൽ എഴുതും. ഞാൻ ഈ വക കാര്യങ്ങൾ പറഞ്ഞു നിങ്ങളെ നിന്ദിക്കുകയല്ല, അഭിനന്ദിക്കുകയാണ്.

ഈ അവസരത്തിൽ മററു ദീർഘമായ കാര്യങ്ങളെപ്പററി പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഞാൻ മറെറാരു രംഗത്തേയ്ക്കുകൂടി കടന്നുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. അഴിമതിയുടെ കാര്യത്തിൽ ഇത്രമാത്രം ബുദ്ധിസമ്പന്നമായ പോളിററ് ബ്യൂറോ കേരളത്തിലും ബംഗാളിലും ജർമ്മനിയിലുമിരുന്നു ഈ വെല്ലിംഗ്ടന്റെ കാര്യത്തിൽ ഇത്രമാത്രം പെടാപ്പാടുപെടുന്നതെന്തിനാണ്? കേരളത്തിലെ ഓരോ പൗരനും അന്വേഷിക്കേണ്ട ഒരു വിഷയമാണിത്. ശ്രീ. വെല്ലിംഗ്ടൺ വ്യക്തിപരമായി എന്റെ സഹോദരനാണ്, സ്നേഹിതനാണ്. ഈ ഒററയാനുവേണ്ടി നിസ്സാരൻമാരായ ഫാദർ വടക്കനും, വെല്ലിംഗ്ടണുംവേണ്ടി മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടി ഇത്രമാത്രം പെടാപ്പാടു പെട്ടത് എന്തിനാണെന്നുള്ളത് ഗൗരവമായ ഒരു ചോദ്യചിഹ്നമാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനു വന്ന ഗതികേടിൽ എനിക്ക് അതിയായ ഖേദമുണ്ട്. ഇത മാർക്സിസ്ററ് പാർട്ടി ആലോചിക്കാതെ ചെയ്തതല്ല, ശ്രീമതി ഗൗരിയുടെ ബുദ്ധിമോശം കൊണ്ടോ പിടിവാശികൊണ്ടോ വന്നതല്ല. മാർക്സിസ്ററുകമ്മ്യൂണിസ്ററ്പാർട്ടി വളരെ തന്ത്രപൂർവം ഈശ്വരവിശ്വാസമുള്ളവരെ പ്രത്യേകിച്ച് ക്രിസ്ത്യൻ സമുദായത്തെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലേയ്ക്കു കൊണ്ടുവരുന്നതിനുവേണ്ടിയും ഈശ്വര വിശ്വാസികളായ കത്തോലിക്കാ സമുദായത്തിന് കമ്മ്യൂണിസത്തോടുള്ള വിരോധം, കമ്മ്യൂണിസത്തോടുള്ള വെറുപ്പ്, തൊട്ടുകൂടായ്മ ഇല്ലാതാക്കുന്നതിനുംവേണ്ടിയാണ് ഫാദർ വടക്കനും, വെല്ലിംഗ്ടണുംവേണ്ടി ഇത്രമാത്രം പെടാപ്പാടു പെടുന്നത്. ശ്രീമാൻ വെല്ലിംഗ്ടൺ പൂച്ചെണ്ടുമായി കൂട്ടുനിന്നതുകൊണ്ട് ഇനി ഒരു കാര്യവുമില്ല, അവർ അവരുടെ കാര്യം കഴിഞ്ഞാൽ വെല്ലിംഗ്ടനെ കറിവേപ്പില പോലെ ദൂരെ എടുത്തുകളയും. ഇതാണ് ഇതിന്റെ പുറകിലുള്ള അടവ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാനാഭാഗം വിടുകയാണ്. ഒരു വെല്ലിംഗ്ടനോ ഒരു ഫാദർ വടക്കനോ വിചാരിച്ചാൽ രണ്ടായിരം കൊല്ലത്തെ ചരിത്ര പാരമ്പര്യമുള്ള ശ്രീയേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ക്രിസ്ത്യൻ സമുദായത്തെ നമ്പൂതിരിപ്പാടിന്റെ കെണിയിൽ വീഴ്ത്താൻ സാധിക്കുകയില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് എനിക്ക് ഈ അവസരത്തിൽ അദ്ദേഹത്തോടു പറയുവാനുള്ളത്. സാമൂഹ്യ സാമ്പത്തിക മണ്ഡലത്തിൽ നീതി ചെയ്യുന്നതിനുവേണ്ടി ജനാധിപത്യത്തെ നിലനിറുത്തുകയെന്നുള്ളത് ഈ രാജ്യത്തെ ഏതു സമുദായക്കാരുടേയും ആവശ്യമാണ്. അതിന് ഒരുകാലത്തും ക്രിസ്ത്യൻ സമുദായം എതിരാകുകയില്ല. ക്രിസ്ത്യൻ സമുദായത്തിന് കമ്മ്യൂണിസത്തോടുള്ള വെറുപ്പ്, വിരോധം ഇല്ലാതാക്കുന്നതിനുവേണ്ടി നിങ്ങൾ എന്തു വേഷം കാണിച്ചതുകൊണ്ടും വിശേഷമില്ലെന്നാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്. ഈ സന്ദർഭത്തിൽ എനിക്ക് ഒരു കാര്യമാണ് ഓർമ്മ വരുന്നത്. അതായത് എരുമയുടേയും പശുവിൻെറയും കുട്ടി ചത്തുപോകുകയാണെങ്കിൽ അതിനെ പിന്നെ കറക്കുന്നതിനുവേണ്ടി കുട്ടിയുടെ കോലം ഉണ്ടാക്കി കറക്കുന്നതിന് ഉപയോഗിക്കും. അതുപോലെ വെല്ലിംഗ്ടനേയും ഫാദർ വടക്കനേയും കോലം കെട്ടിച്ചു നമ്പൂതിരിപ്പാട് കൊണ്ടുനടന്നത് ക്രിസ്ത്യൻ സമുദായത്തെ മുഴുവൻ കിട്ടുമെന്നു വിചാരിച്ചാണ്. പക്ഷെ അതു സാധിച്ചില്ല, ഇനി സാധിക്കുകയുമില്ല.

മലപ്പുറം, മലനാട് ജില്ലകൾ രൂപീകരിക്കുന്നതിനുവേണ്ടി ആദ്യമായി മെമ്മോറാണ്ടം എഴുതിത്തന്നത് ഞാനാണ്. മലപ്പുറം ജില്ല അനുവദിച്ചു. മലനാടു ജില്ല അനുവദിക്കാൻ സാധിച്ചില്ലല്ലോ എന്നു പറഞ്ഞു വെല്ലിംഗ്ടൺ പരിദേവനം നടത്തുകയാണ്. മലപ്പുറം ജില്ല അനുവദിച്ചത് ഹിന്ദുമുസ്ലീം ലഹളയുണ്ടാകുന്നതിനും, അങ്ങനെ ഈ രാജ്യത്തെ കുട്ടിച്ചോറാക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടിയല്ലേ എന്നു ഞാൻ ചോദിക്കുകയാണ്. പക്ഷെ ഈ രാജ്യത്തെ ഉൽബുദ്ധരായ ഹിന്ദുസമുദായവും മുസ്ലീം സമുദായവും തിരുമേനിയുടെ കുടുക്കിൽ പെട്ടതുമില്ല, വർഗ്ഗീയ കലാപം ഉണ്ടായതുമില്ല. വർഗ്ഗീയകലാപം ഉണ്ടാക്കുന്നതിനുവേണ്ടി വളരെയധികം ശ്രമിച്ചുവെങ്കിലും അതു നടക്കാത്തതുകൊണ്ട് ഇപ്പോൾ ഇളിഭ്യരായി നിൽക്കുകയാണ്. ആരു പോയാലും രൂപീകരിച്ച ജില്ല പോകുകയില്ല, അതു നിലനിൽക്കുകതന്നെ ചെയ്യും.

ഭൂപരിഷ്ക്കരണനിയമം ഈ രാജ്യത്തു കൊണ്ടുവന്നത് ഇവിടത്തെ ജനങ്ങൾക്കു നീതി ചെയ്യാൻവേണ്ടിയല്ല, പിന്നോക്കപ്രദേശങ്ങളെ നന്നാക്കാൻ വേണ്ടിയല്ല, ഏതെങ്കിലും ഒരു വിഭാഗത്തെ നന്നാക്കാൻ വേണ്ടിയല്ല, ഈ രാജ്യത്തെ നന്നാക്കാൻവേണ്ടിയല്ല, നിങ്ങളെത്തന്നെ നന്നാക്കാൻ വേണ്ടിയാണ്. നിങ്ങൾ ചെയ്ത ഏററവും വലിയ പരിഷ്ക്കാരം ഈ രാജ്യത്ത് മൂന്നുതരം പൗരൻമാരെ സൃഷ്ടിച്ചുവെന്നുള്ളതാണ്. ഇത് പറഞ്ഞപ്പോൾ ഇമ്പിച്ചിബാവ ചിരിക്കുന്നതു കണ്ടില്ലേ? അദ്ദേഹത്തിൻെറ ക്രൂരമായ ചിരി ഒന്നു കാണട്ടെ. ഇമ്പിച്ചിബാവയുടെ 'എ' ക്ലാസ് പൗരൻമാരും, ഐക്യമുന്നണിയിൽനിന്നും മാറി ഇപ്പുറത്തു വന്നിരിക്കുന്ന 'ബി' ക്ലാസ് പൗരൻമാരും, ഞങ്ങളെപ്പോലെ പാവപ്പെട്ടവരായ 'സി' ക്ലാസ് പൗരൻമാരും ഇങ്ങിനെ മൂന്നുതരം പൗരൻമാരെ സൃഷ്ടിച്ചിരിക്കുകയാണ്. ഏ. കെ. ഗോപാലൻെറ ബന്ധുവും സി. എച്ച്. കണാരൻെറ മകളും 'എ' ക്ലാസ് പൗരൻമാരാണെന്ന് ചങ്കൂററത്തോടുകൂടി ഇമ്പിച്ചിബാവ പറഞ്ഞുവല്ലൊ. പൊന്നാനി സുൽത്താൻെറ ഭാവത്തോടുകൂടിയാണ് അന്ന് അദ്ദേഹം അതു പറഞ്ഞത്. ട്രാൻസ്പോർട്ടു കോർപ്പറേഷൻ പൊന്നാനി സുൽത്താൻെറ കുടുംബസ്വത്താണോ? അർദ്ധരാത്രിയിൽ 'എ' ക്ലാസ് പൗരൻമാരാണെന്നു പറഞ്ഞ് ആണുങ്ങളേയും പെണ്ണുങ്ങളേയും നിയമിക്കുന്ന പരിപാടി തുടരുകയാണെങ്കിൽ കുരുക്ഷേത്രത്തിൽവെച്ചോ മററു എവിടെവെച്ചു വേണമെങ്കിലും കാണാൻ ഞങ്ങൾ തയ്യാറാണ്. ഈ രാജ്യത്ത് മൂന്നുതരം പൗരൻമാരെ ഉണ്ടാക്കി നിയമസമാധാനം തകർത്തു, അഴിമതി ദേശസാൽക്കരിച്ചു, വിപ്ലവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

ത്തിനു കളമൊരുക്കി, ഭരണഘടന തകർക്കാൻ ശ്രമിച്ചു, കേന്ദ്രത്തെ എതിർക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇതെല്ലാം കഴിഞ്ഞിട്ട് നിങ്ങൾ നിങ്ങളുടെ കൂടെ നിന്നവരെ നശിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ ഇപ്പോൾ നിങ്ങൾതന്നെ മരിച്ചിരിക്കുകയാണ്. മരിച്ചതിനുശേഷം മൂന്നു ദിവസമായിട്ട് നിങ്ങൾ നിങ്ങളുടെചരമപ്രസംഗം നടത്തുകയാണ്. ഈചരമപ്രസംഗം നടത്തുന്ന അവസരത്തിൽ മറുഭാഗത്തുനിന്നും കേൾക്കുന്നത് നിങ്ങളുടെ സംസ്ക്കാരത്തിന്റെ ലക്ഷണമാണ്. ശ്രീമതി ഗൗരി ഈ അവസാന നിമിഷത്തിലും ഓർഡറുകൾ പാസ്സാക്കുകയാണ്. ഇന്നലെ രാത്രി അവർ പാസ്സാക്കിയ ഓർഡർ പ്രകാരം മുഹമ്മദുകുഞ്ഞ്, ശ്രീനിവാസൻ തുടങ്ങിയവരെ ഡിസ്ട്രിക്റ്റ് മുൻസിഫുമാരായി നിയമിച്ചിരിക്കുകയാണ്. അതുപോലെതന്നെ ഇന്നലെ രാത്രി ഇമ്പിച്ചിബാവ, നവംബറിൽ പെൻഷൻ പററാൻ പോകുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജനറൽ മാനേജർ ഹുസൈനെ മൂന്നു കൊല്ലത്തേയ്ക്കു കൂടി സർവീസിൽ തുടരുന്നതിനുള്ള ഓർഡർ ഇട്ടിരിക്കുകയാണ്. കാരണം ഇവരെല്ലാംതന്നെ പൊന്നാനി സുൽത്താന്റെ 'എ' ക്ലാസ് പൗരൻമാരിൽ പെട്ടവരല്ലേ? യാതൊരു കാരണവശാലും ഈ നിയമനങ്ങളിൽ ചീഫ് സെക്രട്ടറി മുതൽ ഇങ്ങോട്ടുള്ള ആരും തന്നെ കൂട്ടു നിൽക്കുകയില്ല. നിങ്ങളെ എവിടെവെച്ചു വേണമെങ്കിലും അഭിമുഖീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങൾ പ്രവർത്തിക്കുന്നത് ജനാധിപത്യമര്യാദയനുസരിച്ചല്ല, ഇത് ഭാരതമാണ്, കേരളമാണ്, നിങ്ങൾ സ്വപ്നം കാണുന്ന രാജ്യമല്ല, അതുകൊണ്ട് നിങ്ങൾ ജനാധിപത്യമര്യാദയനുസരിച്ച് പെരുമാറണം. നമ്പൂതിരിപ്പാട് പറയുന്നു രാജിവെയ്ക്കാമെന്ന്. രാജിവെയ്ക്കാമെന്ന് പറയണമോ? ഈ ഗവൺമെന്റ് നിങ്ങളുടെ കുടുംബസ്വത്താണോ? എനിക്കു പറയുവാനുള്ളത് നിങ്ങൾ രാജിവെയ്ക്കണം, അന്തസ്സായി രാജിവെയ്ക്കണം, രാജിവെച്ചിട്ട് ഇറങ്ങിപുറത്തു പോകണം, നിങ്ങൾ രാജിവെച്ചിട്ട് ഇറങ്ങിപ്പോകുമ്പോൾ ഒരു തുള്ളി കണ്ണീർ വീഴ്ത്താൻ ഇവിടെ ആളുകൾ കാണുകയില്ല. കാരണം നിങ്ങൾ ഈ രാജ്യത്തെ ലക്ഷോപലക്ഷം ജനങ്ങളുടെ ശാപത്തിന് പാത്രീഭൂതരായിരിക്കുകയാണ്. ജോലിക്കുവേണ്ടി പത്തേകാൽ രൂപ വീതം അടച്ച ലക്ഷക്കണക്കിന് യുവതീയുവാക്കൻമാർക്ക് ജോലി കൊടുക്കാത്തതുകൊണ്ട് അവരുടെ ശാപവും, മലബാറിലെ വനങ്ങളിൽനിന്നും അനധികൃതമായി വെട്ടിവീഴ്ത്തുന്ന ആയിരക്കണക്കിനു തടികൾ അലറിവീഴുന്നതിലുള്ള ശാപവും, ഇങ്ങനെ പലവിധത്തിലും, മലയാളമക്കളുടെ ശാപങ്ങളും പുറത്തുവെച്ചുകൊണ്ടാണ് നിങ്ങൾ ഇവിടെനിന്നും ഇറങ്ങിപ്പോകുന്നത്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് സമയമില്ലാത്തതുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

റവന്യൂമന്ത്രി (ശ്രീമതി കെ.ആർ. ഗൗരി): ഐക്യമുന്നണിയെ ഇന്നത്തെ നിലയിൽ എത്തിച്ചതിനും, ഐക്യമുന്നണി പ്രസ്ഥാനത്തെ പരാജയപ്പെടുത്തിയതിനും പ്രധാന ഉത്തരവാദികൾ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയാണെന്നും, അങ്ങനെ സംഭവിക്കാനുണ്ടായ കാരണം മാർക്സീസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ഒററയാൻ നയമാണെന്നും അതുപോലെ മാർക്സീസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ വൻപാർട്ടി മേധാവിത്വം കൊണ്ടാണെന്നുമുള്ള ആരോപണങ്ങൾ ഏതാണ്ട് രണ്ടുമൂന്നു ദിവസത്തെ ചർച്ചകൾക്കിടയിൽ കാൺഗ്രസ്സ് ഉൾപ്പടെയും ഐക്യമുന്നണിയിൽ നിന്ന് ഭിന്നിച്ച ശ്രീ. ദിവാകരൻ വരെ പ്രസംഗിച്ചവർ ഉന്നയിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏഴു പാർട്ടികൾ ചേർന്ന് ഒരു ഐക്യമുന്നണി പ്രസ്ഥാനം രൂപീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും, ഈ ഏഴു കക്ഷികളിലേയും നേതാക്കൻമാരായ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, ശ്രീ. സി. അച്ചുതമേനോൻ, ശ്രീ. സി. എച്ച്. മുഹമ്മദ്കോയ, ശ്രീ. കെ. കുഞ്ഞിരാമക്കുറുപ്പ്, ശ്രീ. ജി. ഗോപിനാഥൻ നായർ, ശ്രീ. ബി. വെല്ലിംഗ്ടൺ, ശ്രീ. മത്തായിമാഞ്ഞൂരാൻ എന്നിവർ ചേർന്ന് ഈ ഏഴു പാർട്ടികളുടേയും പേർ വച്ചുകൊണ്ട് ഒരു പ്രസ്താവന പുറപ്പെടുവിച്ച് ഐക്യമുന്നണികൾ പരിപാടി അംഗീകരിച്ച് തിരഞ്ഞെടുപ്പിനെ നേരിട്ട് വിജയിക്കുകയും, 1967 മാർച്ച് 6-ാം തീയതി ഗവൺമെൻറ് രൂപീകരിച്ച് അധികാരത്തിൽ വരുകയും ചെയ്തതാണ്. അങ്ങനെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഐക്യമുന്നണിയുടെ പ്രവർത്തനങ്ങൾ പരാജയപ്പെടുത്തുന്നതിനും തകർക്കുന്നതിനും വേണ്ടിയുള്ള നീക്കങ്ങൾ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ ഭാഗത്തുനിന്ന് അധികാരം ഏററതിനു ശേഷം രണ്ടാഴ്ചക്കകം തുടങ്ങിയതാണ്. മന്ത്രിസഭയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും വകുപ്പു വിഭജനത്തെ സംബന്ധിച്ചും ഉള്ള ആരോപണങ്ങൾ അന്നു മുതലേ തുടങ്ങിയതാണ്. അതും പരസ്യമായി മന്ത്രിസഭ പൊളിക്കാനും എതിരാളികൾക്ക് സന്തോഷിക്കാനും, തോൽപ്പിക്കപ്പെട്ട Congress-ം കേരളാ കോൺഗ്രസ്സുമായി കൂട്ടുകൂടി ആലോചന നടത്തിയും അവർ തുടങ്ങിയതാണ്. വകുപ്പു വിഭജനകാലത്ത് ഭക്ഷ്യവകുപ്പ് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ എടുക്കുവാൻ ഞങ്ങളുടെ പാർട്ടി അഭ്യർത്ഥിച്ചതാണ്. Chief Minister ആവശ്യപ്പെട്ടതാണ്. അതുവേണ്ടാ എന്ന് അദ്ദേഹം തീരുമാനിച്ചു, പററുകയില്ല എന്ന വിവരം അറിയിച്ചു. അതുകൊണ്ട് ആ വകുപ്പ് എടുക്കേണ്ടതായിട്ടുള്ള ഗതികേട് എന്നിൽ വന്നു. ആ ഗതികേട് എന്നിൽ വന്നതിനുശേഷം, ഞാൻ ആ വകുപ്പിൻെറ അധികാരം ഏറെറടുക്കുന്ന അവസരത്തിൽ ഭക്ഷ്യരംഗത്ത്, അതിനു മുമ്പിലത്തെ ആഴ്ചകളിൽ പോലും റേഷൻ കൃത്യമായി കൊടുക്കാതെയും, അതിനു മുൻപുതന്നെ റേഷൻ കൃത്യമായി കൊടുക്കാത്തതിൻെറ പേരിൽ കാൺഗ്രസ്സ് ഉൾപ്പെടെയുള്ള പാർട്ടികൾ ചേർന്ന് കേരളാ ബന്ത് നടത്തിയതിനുശേഷം ഈ രംഗത്തുള്ള ബുദ്ധിമുട്ടുകൾ മാററുന്നതിനുവേണ്ടി എന്തു ചെയ്യണമെന്നു ആലോചിക്കാൻ ഈ ഏഴു പാർട്ടികളുടേയും ഓരോ പ്രതിനിധികൾ കൂടിയിരുന്നു ചർച്ചചെയ്ത് ഭക്ഷ്യ രംഗത്ത് എടുക്കേണ്ട നടപടികൾ ആവിഷ്കരിച്ചു. ഐക്യമുന്നണി ഏകോപനസമിതി അതംഗീകരിച്ചു. ഇതു കഴിഞ്ഞതിനുശേഷം എന്തു നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നുള്ള കാര്യം ഞാൻ നിയമസഭയെ അറിയിച്ചു. ഞാൻ ഇതു സംസാരിച്ചതിൻെറ പിറെറ ദിവസത്തെ 'ജനയുഗം' പത്രത്തിൽ എഴുതി ഇത് ഗൗരിയുടെ നയമാണ്, ഐക്യമുന്നണിയുടെ നയമല്ല എന്ന്. കമ്മ്യൂണിസ്ററ് (വലത്) പാർട്ടിക്ക് നയത്തിൽ അഭിപ്രായവ്യത്യാസം കാണാം. പക്ഷേ പറയേണ്ടത് ആദ്യം പത്രത്തിലല്ല. ഏകോപനസമിതിയിലാണ് കൊണ്ടുവരേണ്ടത്. ചെയ്തതതല്ല. ഞങ്ങളെ താറടിക്കുന്നതിനുള്ള നടപടികളാണ് തുടങ്ങിയത്. ഐക്യമുന്നണി പൊളിക്കൽ—അതിൽ ഇന്നവർ വിജയിച്ചിരിക്കുന്നു. അവരുടെ പത്രം തന്നെ തെളിവാണ്. ശ്രീ. ദിവാകരൻ ഇവിടെ ആവേശകരമായി പ്രസംഗിക്കുന്നതുകേട്ടു; വയലാറിലെ രക്തസാക്ഷി മണ്ഡപത്തിൽ നിന്നും സത്യപ്രതിജ്ഞ എടുത്തുകൊണ്ടാണ് എല്ലാവരും ഇവിടേക്കു പുറപ്പെട്ടതെന്ന്. അന്നു ഞാനും ശ്രീ. T.V. തോമസും ഭാര്യാഭർത്താക്കൻമാരായിരുന്നു എന്നും ശ്രീ. ദിവാകരൻ പഴവങ്ങാടി മൈതാനത്ത് പ്രസംഗിച്ചപ്പോൾ പറഞ്ഞു. വയലാർ സമരകാലത്ത് വിദ്യാർത്ഥിനിയായ ഞാൻ ഇന്നു വയലാറിൻെറ പേരിൽ അഭിമാനംകൊണ്ട് നടക്കുന്നത് മനസ്സിലാകുന്നില്ല എന്ന്. ഞാൻ അന്നു ഒരു വിദ്യാർത്ഥിനിയായിരുന്നു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

അതുകഴിഞ്ഞതിനുശേഷം, ആ നാട്ടിൽ ദിവാകരന്റെ പാർട്ടിയോ നിങ്ങളുടെ ശ്രീകണ്ഠൻ നായരോ വയലാറിന്റെ കൊടി പൊക്കിപ്പിടിച്ചുകൊണ്ട് നടക്കാനില്ലാതിരുന്ന അവസരത്തിൽ, ദിവാകരന്റെ പാർട്ടിയിലെ ശ്രീ. എൻ. എസ്. പി. പണിക്കർ മാപ്പുപറഞ്ഞു. രാജി വച്ചതിനുശേഷം ശ്രീ. ശ്രീകണ്ഠൻ നായർ വഞ്ചിക്കപ്പെട്ട വേണാട് എഴുതിയശേഷം നിങ്ങൾ വലിച്ചെറിഞ്ഞ ചെങ്കൊടിയും പിടിച്ചുകൊണ്ട് വയലാറിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ വന്ന ഒരാളാണ് ഞാൻ. അങ്ങനെ പാർട്ടിയിൽ വന്നശേഷം ഞങ്ങൾ അധികാരം ഏറ്റെടുത്തപ്പോൾ വയലാറിലെ രക്തസാക്ഷി മണ്ഡപത്തിൽ പോയി പ്രതിജ്ഞ എടുത്തു. തീർച്ചയായും ഞങ്ങളുടെ കർത്തവ്യം ചെയ്യുമെന്ന് അവരോട് ഞങ്ങൾ പറഞ്ഞു. ഞാനും ശ്രീ. ടി. വി. തോമസ്സും ഭാര്യാഭർത്താക്കൻമാരായാണ് ഇങ്ങോട്ടു പോന്നതെന്ന് ഇവിടെ പറയുന്നത് കേട്ടു. ഇന്നു ദാമ്പത്യജീവിതത്തിൽ വന്ന ഉടവിന് കാരണം കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയാണെന്നു ദിവാകരൻ പറയുന്നതുകേട്ടു. നാണമില്ലല്ലോ ദിവാകരന് ഇതു പറയുവാൻ. ബന്ധമിങ്ങനെയാക്കാൻ ശ്രീ. ടി. വി. തോമസിന്റെ role എന്ത്, ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ role എന്തെന്നും ദിവാകരനറിഞ്ഞുകൂടെ. എന്നോടു പലപ്പോഴും സംസാരിച്ച ആൾ നിയമസഭാതലം കിട്ടിയപ്പോൾ ആളാകുകയാണ്. അല്ലെങ്കിൽ കള്ളമേ പറയു എന്നു നിർബന്ധമാണെന്നു തോന്നുന്നു. നിങ്ങൾക്ക് നിയമസഭയിൽ ഭൂരിപക്ഷമുണ്ടല്ലോ. Commission of Enquiry Act വച്ച് ഇതിനെപ്പററിയും അന്വേഷിക്കാൻ പ്രമേയം പാസാക്കാം. അല്ലെങ്കിൽ ബന്ധം ഒഴിഞ്ഞതായി പ്രമേയം പാസാക്കാം. ചർച്ചകളെ ഞങ്ങൾ ആവർത്തിച്ച് പറയുകയും കുത്തികുത്തിപ്പറയുകയും, ഉള്ളിലുള്ളത് ഒളിച്ചുവച്ചുകൊണ്ട് മററു ചില സംഗതികൾ പുറത്തുപറഞ്ഞ് മിടുക്കൻമാരാകാൻ നോക്കുന്ന ഈ മാന്യൻമാരെപ്പററിയും ഞാൻ കൂടുതലൊന്നും പറയുന്നില്ല. എനിക്കു നിങ്ങളെ പുച്ഛമാണ്.

ഐക്യമുന്നണിയെ പൊളിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എം. എൻ. ന്റെ പാർട്ടിയടക്കം മറെറല്ലാ കക്ഷികളും ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടാഴ്ചക്കകം തുടങ്ങിയതാണ്. ഐക്യമുന്നണിയിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ, ഐക്യമുന്നണി ചർച്ച ചെയ്തു ഒന്നിച്ചു തീരുമാനം എടുക്കേണ്ട കാര്യങ്ങൾ, ഐക്യമുന്നണിയിലെ അച്ചടക്കവും ഘടകപാർട്ടികൾ തമ്മിലുള്ള ഐക്യത്തേയുംപററിയുള്ള കാര്യങ്ങൾ ഇവയെയൊക്കെക്കുറിച്ച് ഇവിടെ വളരെക്കൂടുതൽ സംസാരിച്ചു. 1967 മാർച്ച് 6-ാം തീയതി ഈ ഗവൺമെന്റ് അധികാരമേറെറടുത്ത് അധികം താമസിയാതെ എന്തുണ്ടായി. അതു കഴിഞ്ഞ് അന്നുമുതൽ ഇന്നുവരെയുള്ള ജനയുഗം പത്രത്തിലെ ലേഖനങ്ങൾ എടുത്തുനോക്കിയാൽ ഐക്യമുന്നണിയെ പൊളിക്കുന്നതിനുവേണ്ടി ഇത്രയേറെ കരുതിക്കൂട്ടി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഭാഗത്തുനിന്നു മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നു കാണാൻ സാധിക്കും. ഇതിന്റെ രേഖകൾ അവരുടെ പ്രസ്സിൽത്തന്നെയുണ്ട്. ചെക്ക്പോസ്ററുകൾ മാററണമെന്ന അഭിപ്രായമുണ്ടായിരുന്നു. മററു പാർട്ടികളുടെ അഭിപ്രായം വച്ചുകൊണ്ട് ഞങ്ങൾ സമ്മതിച്ചു. നാട്ടിൽ നെല്ല് സംഭരണത്തിന് checkpost-ന്റെ നീക്കം തടസ്സം സൃഷ്ടിക്കുകയും വില ഉയരുകയും ചെയ്തപ്പോൾ ഭക്ഷ്യവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രി രാജിവയ്ക്കണമെന്നു ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി ആവശ്യപ്പെട്ടു. രാജിവയ്ക്കണമെന്നു കോഓർഡിനേഷൻ കമ്മിററിയിലല്ല, ആവശ്യപ്പെട്ടത്, പത്രങ്ങൾ മുഖേന

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അവർ എന്നും ശരിമാത്രം ചെയ്യുന്നവർ. അവരുടെ എക്സിക്യൂട്ടീവ് പ്രമേയം പാസാക്കി ആവശ്യപ്പെട്ടു. അതു കഴിഞ്ഞ് കേന്ദ്രത്തിൽനിന്ന് കേരളത്തിനാവശ്യമുള്ള അരി തരാത്തതിന്റെ പേരിൽ ഒരു ബന്ത് നടത്തി. ബന്ത് നടത്തിയതിന്റെ പിറ്റെദിവസത്തെ ജനയുഗവും, നവജീവനും പത്രങ്ങളിലെ ലീഡറെടുത്തു നോക്കുകയാണെങ്കിൽ ഇവിടത്തെ ഭക്ഷ്യവിതരണത്തിന്റെ തകരാറിന് ഉത്തരവാദി ഭക്ഷ്യമന്ത്രിയും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുമാണെന്നു പറഞ്ഞിരിക്കുന്നത് കാണാൻ സാധിക്കും. കോ ഓർഡിനേഷൻ കമ്മിറ്റി എഴുതി ഒപ്പിട്ട രേഖയിലെ കേന്ദ്രഗവൺമെന്റാണ് ഇതിനുത്തരവാദിയെന്നെഴുതിയ രേഖയിലെ മഷി ഉണങ്ങുന്നതിനു മുൻപാണ് ഇതുണ്ടായതെന്നുള്ള കാര്യംകൂടി ഓർക്കണം. കേന്ദ്രഗവൺമെന്റാണ് ഇതിനു ഉത്തരവാദിയെന്നും, കേരളത്തെപ്പോലുള്ള ഒരു കമ്മി സംസ്ഥാനത്തിനാവശ്യമായ അരി കേന്ദ്രത്തിൽനിന്ന് ചുരുങ്ങിയ വിലക്ക് കിട്ടുമാറാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ കേരളത്തിലെ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഐക്യമുന്നണി പരിപാടിയിൽ എഴുതിയ ആളുകൾ, ഇതിന്റെ ഉത്തരവാദിത്വം ഇവിടത്തെ ഭക്ഷ്യമന്ത്രിക്കും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കുമാണെന്നു പറഞ്ഞ് പഴി ചാരിയതിന്റെ പിന്നിൽ ഐക്യമുന്നണി തകർക്കലല്ലെങ്കിൽ ലക്ഷ്യമെന്താണ്. ഓണത്തിന് മൂന്ന് ഔൺസ് അരിപോലും കൊടുക്കാൻ കഴിയാതെ വന്നപ്പോൾ അതു എങ്ങനെയെങ്കിലും കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ച് രാത്രിയും പകലുമായി 24 മണിക്കൂർ നേരം പോർട്ടിലെ തൊഴിലാളികൾ ജോലി ചെയ്ത് ലോറികളിൽ അരി റേഷൻ കടകളിൽ എത്തിക്കുകയാണുണ്ടായത്, എന്നാൽ ഓണക്കാലത്ത് അരി കൊടുക്കാൻ കഴിയാത്തത് ഭക്ഷ്യമന്ത്രിയുടെ കൊള്ളരുതായ്മ കൊണ്ടാണെന്നും, 6 ഔൺസു കൊടുക്കാൻ രാജ്യത്തുനിന്നു ആവശ്യമുള്ള നെല്ല് സംഭരിക്കാത്തതുകൊണ്ടാണെന്നുമാണ് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി leader എഴുതി അവരുടെ പാർട്ടി സെക്രട്ടറി statement പുറപ്പെടുവിച്ചത്.

ഇതുമാത്രമല്ല, ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി ജനയുഗം പത്രത്തിൽ കൂടി എന്റെമേൽ അഴിമതി ആരോപണങ്ങൾ പോലും ഉന്നയിച്ചു. 1967 സെപ്റ്റംബർ 28-ാം തീയതിയിലെ ജനയുഗം പത്രത്തിൽ കായൽ രാജാവായ മുരിക്കന് ഞാൻ 75,000 പറ നെല്ല് ഇളവു ചെയ്തു കൊടുത്തു എന്ന വാർത്ത വന്നു. അതു വെറും ഉദ്യോഗസ്ഥ നിലവാരത്തിലുള്ള ഇളവല്ല എന്നും ഉന്നതതലത്തിൽ നിന്നുള്ള അനുഗ്രഹം ലഭിച്ചതുകൊണ്ടാണ് ഇങ്ങനെയൊരു ഇളവു കിട്ടിയിട്ടുള്ളതെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നായിരുന്നു പത്രവാർത്ത. ഈ നെല്ലിന് കരിഞ്ചന്തയിൽ ഏകദേശം ഏഴു ലക്ഷം രൂപാ വിലവരുമെന്നാണ് അറിയുന്നത്. ലക്ഷക്കണക്കിന് ഏക്കർ നിലമുള്ള കായൽ രാജാവായ മുരിക്കനാണ് ഈ അനുഗ്രഹം ലഭിച്ചിരിക്കുന്നത്. അത് ദേവീ പ്രസാദമായി ചിത്രീകരിച്ചു. ഈ അനുഗ്രഹത്തിന് ബദൽ അനുഗ്രഹം ഉണ്ടായതായി കുട്ടനാട്ടിൽ പറയപ്പെടുന്നു. ഈ വാർത്ത 1967 സെപ്റ്റംബർ 28-ാം തീയതിയിലെ ജനയുഗംപത്രത്തിൽ വന്നതാണ്. അന്നുമുതൽ ഇന്നുവരെയുള്ള ജനയുഗം പത്രവും നവജീവൻ പത്രവും എടുത്തു നോക്കിയാൽ മാർക്സിസ്റ്റു മന്ത്രിമാർക്കെതിരായ അഴിമതി ആരോപണങ്ങളുടെ കഥയെ അവർക്കുള്ളു. ഞങ്ങൾ ക്ഷമിച്ചു, കായികമായി ക്ഷമിക്കാനുള്ളത് കായികമായി ക്ഷമിച്ചു മാനസികമായിപ്പോലും അവർ എന്നെ ബുദ്ധിമുട്ടിച്ചു. ഇവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

മന്ത്രിപറയുന്നതു കേട്ടു, ആറളം ഫാം വരാത്തതിന് ഞാനാണ് കാരണക്കാരിയെന്ന് പത്രത്തിൽ ലേഖനം എഴുതി. അഗ്രികൾച്ചറൽ ലോണിനത്തിലുള്ള 92 ലക്ഷം രൂപ ലാപ്സാക്കിയതിന്റെ കുററം എന്റെ പേരിൽ വന്നു. അതുപോലെ മൊളാസസ് എന്റെ വകുപ്പിൽ നിന്ന് കൊടുക്കാനുള്ളത് മറെറാരു മന്ത്രിയുടെ വകുപ്പായി ചിത്രീകരിച്ചു മററു മന്ത്രിമാരുടെ വകുപ്പിൽ കൈയിടലായി ചിത്രീകരിച്ചു. ഇങ്ങനെ പല നുണകളും പറഞ്ഞുണ്ടാക്കി. 1964-ൽ പാർട്ടി രണ്ടായി. ഞങ്ങൾ പിരിഞ്ഞുപോന്നതിനുശേഷം അവരെക്കൊണ്ട് ചെയ്യാവുന്ന പലതും ചെയ്തു നോക്കി. മനുഷ്യൻ സഹിക്കാത്ത പലതും ചെയ്തു നോക്കി. അതു കഴിഞ്ഞതിനുശേഷം 1965-ൽ ഞങ്ങളെ ഈ നാട്ടിൽനിന്നു നശിപ്പിക്കാമെന്നു വിചാരിച്ചു. ശ്രീ. കരുണാകരന്റെ നേതാവായ നന്ദാക്ക്, അദ്ദേഹം സിൻഡിക്കേററാണോ അല്ലയോ എന്നറിഞ്ഞുകൂടാ. ഞങ്ങൾ ചൈനാ ചാരൻമാരാണെന്നും പറഞ്ഞുകൊണ്ട് 1965-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ എതൃക്കുന്നതിനുപകരം പ്രധാനമായും അവർ ഞങ്ങളെ എതൃത്തു. പക്ഷെ 1965-ലെ തിരഞ്ഞെടുപ്പു കഴിഞ്ഞു തിരിഞ്ഞുനോക്കിയപ്പോൾ ഈ നേതാക്കൻമാരും അവരുടെ നിഴലുമെ പിൻതുടരാനുണ്ടായിരുന്നുള്ളു. അതിനുശേഷമാണ് ഇപ്പോൾ കുരുക്ഷേത്രം പ്രഖ്യാപിച്ചിരിക്കുന്നത്. 1965-ലെ തിരഞ്ഞെടുപ്പു കഴിഞ്ഞു. ഇന്നത്തെ കുരുക്ഷേത്രക്കാർ കാണിച്ച ഉഷ്ണവും പുകച്ചിലും കണ്ട ഒരാളാണ് ഞാൻ. 85 സീററുകളിൽ നിന്നതിൽ 79-ലും കെട്ടിവച്ച കാശു നഷ്ടപ്പെട്ടവരാണ് ഈ വിവരം പറയുന്നത്. ഇന്നു രണ്ടാമതും പറഞ്ഞു തുടങ്ങിയിരിക്കുകയാണ്. 1965-നു ശേഷം പാഠംപഠിച്ചു. ഐക്യമുന്നണി വേണമെന്നായി. ഐക്യമുന്നണിയിൽ ചേർന്നു. തിരഞ്ഞെടുപ്പുകഴിഞ്ഞു. മന്ത്രിസഭയുണ്ടായി, അന്നു മുതൽ മന്ത്രിസഭ പൊളിക്കൽ പണിയും തുടങ്ങി. ധാരാളം അഴിമതി ആരോപണങ്ങൾ ഉന്നയിച്ചു. അഴിമതി ആരോപണത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു പ്രമേയം പാസാക്കി, അന്വേഷിച്ചാൽ അതിൽ പേടിക്കുന്ന ആളുകളൊന്നും ഞങ്ങളുടെ കൂട്ടത്തിലില്ല. ഇവിടെ നിന്നും വല്ലതും വീട്ടിലോട്ടു കൊണ്ടുപോകാൻ വന്നവരൊന്നും ഞങ്ങളുടെ കൂട്ടത്തിലില്ല. അപ്പുറത്തു കണ്ടേക്കാം.

ശ്രീ. ദിവാകരൻ സംസാരിച്ചപ്പോൾ പഴയകാലത്തെ കഥകളൊക്കെ പറയുന്നതുകേട്ടു. അദ്ദേഹത്തിന്റെ പാർട്ടി എടുത്തനിലപാട് എന്താണെന്നുള്ളത് ഞങ്ങൾ മറന്നുപോയിട്ടില്ല. അവരാരുടെ ഭാഗവും ചേർന്നിട്ടില്ല. ന്യായമായനില സ്വീകരിച്ചു. എന്നാൽ അവരുടെ ന്യായനിലപോലും നമ്മൾ തള്ളിപോലും. 1968 ഏപ്രിലിലോ മേയ് മാസത്തിലോ ആണെന്നു തോന്നുന്നു, ശ്രീകണ്ഠൻ നായർ ഐക്യമുന്നണി ഏകോപന സമിതിയിൽ ഒരു മെമ്മോറാണ്ഡം കൊണ്ടുവന്നത്. പതിമൂന്നോ പതിന്നാലോ ആരോപണങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ആ മെമ്മോറാണ്ഡം. അതിൽ ഒരു ആരോപണം, വലതു കമ്മ്യൂണിസ്ററു പാർട്ടി ഇലക്ട്രിസിററി ബോർഡ് contract ൽ 3 ലക്ഷം രൂപാ കൈക്കൂലി വാങ്ങിയെന്നു ഉന്നയിച്ചിരുന്നു. ഒരു റോട്ടറി പ്രസ് വാങ്ങിച്ചു എന്നുള്ളതായിരുന്നു. ഒടുവിൽ അതേപ്പററി ചർച്ച നടന്നു. അതിന്റെ കൂടെ എന്നെപ്പററി രണ്ടാരോപണവും ഉണ്ടായിരുന്നു. അതിൽ ഞങ്ങളുടെ പാർട്ടിയെപ്പററിയും, എന്നെപ്പററിയും അന്വേഷിക്കുന്നതിന് ഞങ്ങൾക്ക് വിരോധമില്ല എന്നു പറഞ്ഞു. എല്ലാം അന്വേഷിക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടു. എന്നാൽ ശ്രീമാൻ ശ്രീകണ്ഠൻനായർ മാറി വലതുപാർട്ടിയുടെ പേരിലുന്നയിച്ച ആരോപണം പിൻവലിച്ചു. അതെപ്പററി അന്വേഷിക്കണ്ടാ എന്നു പറഞ്ഞു. അദ്ദേഹം ആ ആരോപണം

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ചു. അതിനകത്തുണ്ടായിരുന്ന പല ആരോപണങ്ങളും പിൻവലിച്ചു. അതിൽ ഇല്ലാതിരുന്ന മുരിക്കന്റെ പ്രശ്നവും, കെന്നത്തിന്റെ ട്രാൻസ്ഫറും, കുഞ്ഞുസാഹിബ്ബിന്റെ ചിട്ടിയെപ്പററിയുള്ള ആരോപണവും മാത്രം അന്വേഷിക്കാൻ ഒടുവിൽ തീരുമാനിച്ചു. ശുദ്ധഗതിക്ക് ഞാൻ അന്വേഷണത്തെ ബഹുമാനിക്കാൻ വേണ്ടി എന്റെ കയ്യിലുള്ള രേഖകളെല്ലാം കൊണ്ടുപോയി കൊടുത്തു. 17-2-1967-ൽ ഭഗവാൻ സഹായിയുടെ ഗവൺമെൻറു കാലത്ത് ആലപ്പുഴ Collector പാസാക്കിയ ഉത്തരവാണെന്നു കമ്മററിക്ക് ബോദ്ധ്യം വന്നു. ആർക്കോ ഒക്കെ ഞാൻ എന്തോ കൊടുക്കാനായി ഇപ്പോൾ ആർഡർ ഇട്ടു എന്ന് ഇവിടെ പറയുന്നതുകേട്ടു.

ശ്രീ. ജോർജു പറയുന്നു ഞാൻ ആർക്കൊക്കെയോ ഇന്നലെ ആർഡർ കൊടുത്തു എന്ന്. ജോർജു വേണമെങ്കിൽ ഫയൽ എടുത്തു നോക്കിക്കൊള്ളണം. മന്ത്രിയാകാൻ പോകുകയല്ലെ. ഞാൻ അത്ര മോശക്കാരിയാണെന്നൊന്നും ധരിക്കേണ്ട. ഏതായാലും ഈ 17-ാം തീയതി കഴിഞ്ഞതിനുശേഷം വളരെ അർജൻറായിട്ടുള്ള ഡിപ്പാർട്ടുമെൻറിന് വേണമെന്നു പറയുന്നതല്ലാതെ വേറെ യാതൊരു ഫയലും അയക്കേണ്ട എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് ശ്രീ. ദിവാകരൻ പറഞ്ഞപ്പോൾ അന്നത്തെ രേഖകൾ കൊടുത്തു. അതു കഴിഞ്ഞതിനുശേഷം കെന്നത്തിന്റെ കാര്യം വന്നു. വിജിലൻസ് കമ്മീഷന്റെ ശുപാർശയിൻമേലാണ് transfer ചെയ്തത്. വിജിലൻസ് കമ്മീഷന്റെ റിപ്പോർട്ട് കൊണ്ടുചെന്നു കൊടുത്തു. അതിൽ ഒരു തെളിവും കണ്ടില്ല. ഹോൾസെയിൽ കടകൾക്ക് ലൈസൻസുകൾ നൽകിയതിനെപ്പററിയാണ് എന്റെ പേരിലുള്ള മറെറാരാരോപണം. ഞാൻ ഭക്ഷ്യമന്ത്രിയായിരുന്ന കാലത്ത് ഒരൊററ ഹോൾസെയിൽ കടയ്ക്കും ലൈസൻസ് കൊടുത്തിട്ടില്ല. ക്യാൻസൽ ചെയ്ത മൊത്തക്കടകളിൽ റേഷൻ വാങ്ങിയിരുന്ന റീട്ടെയിൽ കടകൾ നിലവിലിരുന്ന retail കടകളുമായി നിലനിറുത്തി അത്രേയുള്ളു. അന്വേഷണത്തിൽ തെളിവൊന്നുമില്ലെന്നു കണ്ടു. ആരോപണം കള്ളമാണെന്നു റിപ്പോർട്ടു വന്നു. ശ്രീ. M. N. Govindan Nair അദ്ധ്യക്ഷനായി പ്രമേയം അംഗീകരിച്ചു. അപ്പോൾ അച്യുത മേനവന് കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് അന്വേഷിക്കണം. അന്നേ എന്നെ കോടതിയിൽ കയററണമെന്നാണ് അവരുടെ ആഗ്രഹം. പിന്നീട് കുഞ്ഞുസാഹിബ്ബിന്റെ പേരിൽ ചിട്ടിയെ സംബന്ധിച്ചുള്ള ഒരു ആരോപണമുണ്ടായിരുന്നു. അത് അന്വേഷിച്ചില്ല. അതിൽ ശ്രീകണ്ഠൻനായർക്കു പരാതിയുമില്ല. ഇതിനെപ്പററി ശ്രീ. ബേബി ജോണിന്റെ പാർട്ടി ഇതുവരെ മിണ്ടിയിട്ടില്ല. അന്വേഷിക്കണമെന്ന് ശ്രീമാൻ ശ്രീകണ്ഠൻ നായർ പറഞ്ഞിട്ടുണ്ടോ? മിണ്ടിയിട്ടില്ല. എന്റെ പേരിൽ അന്വേഷണം നടത്തി തെളിവില്ല എന്നു കണ്ടപ്പോൾ Commission of Enquiries Act വച്ച് അന്വേഷിക്കണമെന്നു പറഞ്ഞ ദിവാകരന്റെ ധർമ്മബോധം മററു വലതു പാർട്ടിയുടെയും കുഞ്ഞിന്റെയും പേരിൽ എവിടെ പോയി?

ലീഗോ, ലീഗ് ആദ്യകാലത്ത് അങ്ങോട്ടുമിങ്ങോട്ടും നിന്നു നോക്കി. 1957-ൽ ഞങ്ങൾ അധികാരത്തിലിരുന്നിരുന്ന കാലത്ത് ഇന്നപ്പുറത്തിരിക്കുന്നവരെല്ലാം ഒന്നിച്ചുകൂടിയത് ഞങ്ങൾ കണ്ടതാണ്. മാണിയേയും, കെ. എം. ജോർജിനേയും സാധാരണക്കാരന്റെ പ്രതിനിധിയായി ഇന്ന് ടി. കെ. ദിവാകരൻ കണ്ടിരിക്കുകയാണ്. ഇതിന്റെ ആന്തരാർത്ഥം ഞങ്ങൾക്കു മനസ്സിലാകുന്നുണ്ട്. മനസ്സിലാക്കിത്തന്നെയാണ് സംസാരിക്കുന്നത്. സർ, കാർഷിക പരിഷ്കരണ നിയമത്തിന്റെ 3-ാം വായനയിൽ ഈ നിയമം തള്ളിക്കളയണമെന്ന് ആവശ്യപ്പെടാൻ ധൈര്യമുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

സഭയിൽ, ഭരണ കക്ഷിയിൽ ഭൂരിപക്ഷമില്ല എന്നു കണ്ടു പ്രതിപക്ഷത്തോടു ചേർന്നു വോട്ടു ചെയ്താൽ, ഐക്യമുന്നണിയെ പൊളിക്കൽ മാത്രമല്ല, സകല ജനാധിപത്യ തത്വസംഹിതയ്ക്കും എതിരാണെന്നും ഞങ്ങൾ ധരിക്കുന്നു. ഇതെല്ലാം ചെയ്തശേഷം ഞങ്ങളുടെ പാർട്ടി ഇന്നതു പോലെ തീരുമാനിച്ചു എന്നു ദിവാകരൻ സമർത്ഥിക്കുകയാണ്. ദിവാകരനായിരുന്നെന്നു തോന്നുന്നു ഞങ്ങളുടെ office സെക്രട്ടറി. നിയമസഭയിൽ വന്ന് പ്രതിപക്ഷവുമായി കൂട്ടുചേർന്നുനിന്നുകൊണ്ട് ഐക്യമുന്നണിയെ കൊലചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തി. ആ പ്രമേയത്തിനു പരസ്യമായി വോട്ടുചെയ്തു. ഇതാണ് ഈ സംസ്ഥാനത്തെ ഐക്യമുന്നണി പൊളിഞ്ഞതിന്റെ കഥ. അതുപോലെതന്നെ ഇവിടെ കുറെ അഴിമതി യാരോപണങ്ങൾ വന്നു. ഈ അഴിമതിയാരോപണങ്ങളിൽ പ്രധാനമായിട്ടുള്ളത് ഞാൻ ഭൂമി പതിച്ചുകൊടുത്തതിനെപ്പററിയാണ്. ഭൂമി പലർക്കും പതിച്ചുകൊടുക്കാൻ ഉത്തരവിട്ടിട്ടുണ്ട്. ശ്രീ. ബേബി ജോണിനും ഭൂമി കൊടുത്തു, ഭൂമി കൊടുക്കുന്നതിന് ചുമതലപ്പെട്ട മന്ത്രിയാണ് ഞാൻ. Report വരുത്തിയാണ് കൊടുക്കുന്നത്. Order ഇട്ടാൽ section 4 പ്രകാരമുള്ള Procedure നടത്തണമെന്ന് ഉദ്യോഗസ്ഥൻമാർക്കു നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടു തെററാണെങ്കിൽ appeal കൊടുക്കാം. Government-ന് revision അധികാരവുമുണ്ട്. ഭൂമി കൊടുത്തതിനെപ്പററി ഞാൻ വ്യക്തമായി പറഞ്ഞിരുന്നു, ഇങ്ങനെ ഭൂമി കൊടുത്തിട്ടുള്ള ആളുകൾ അർഹരായിട്ടുള്ളവരല്ലെങ്കിൽ ക്യാൻസൽ ചെയ്യാൻ തയ്യാറാണെന്നും പറഞ്ഞിട്ടുണ്ട്. വെളുത്തുള്ളി തൊട്ടു തുടങ്ങിയതാണ്. നിയമപ്രകാരമാണ് ഭൂമി കൊടുത്തിട്ടുള്ളത്. തഹസീൽദാർ കൊടുക്കും. കമ്മററികൾ കൊടുക്കും. മററു Machinery സംഘടിപ്പിക്കും. ഗവർമ്മെണ്ടു കൊടുക്കും. ഇതിൽ എന്താണു തെററ്? അന്വേഷിച്ചപ്പോൾ കൊടുത്തതു ശരിയാണെന്നു തെളിഞ്ഞിട്ടുണ്ട്. ഇതൊക്കെ പറയുമ്പോൾ ഭൂവിതരണ കമ്മിററിയിലെ ഒരംഗമായ ശ്രീ. ബേബിജോൺ ഭൂരഹിതനാണെന്നു കാണിച്ച് കമ്മിററി ഭൂമി കൊടുത്ത കഥയും എന്റെ മുമ്പിൽ വന്നു.

ശ്രീ. ബേബി ജോൺ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട റവന്യൂമന്ത്രി വസ്തുതകൾക്കും രേഖകൾക്കും നിരക്കാത്തതാണ് പറയുന്നത്. ഞാൻ അപേക്ഷ സമർപ്പിച്ചത് ഭൂരഹിതനെന്ന നിലയിലല്ല. ബെനിഫിഷ്യറി റൈററ്സ് മുഖേനയാണ്. ലാൻറ് അസൈൻമെൻറ് കമ്മിററി ഈ പ്രശ്നം ചർച്ച ചെയ്തപ്പോൾ ഞാൻ അതിൽ നിന്നുതന്നെ മാറിനിന്നതാണ്. മാർക്സിസ്ററുകാർ ഉൾപ്പെടെയുള്ള ലാൻറ് അസൈൻമെൻറ് കമ്മിററി ഏകകണ്ഠമായി അതനുവദിച്ചുകൊടുക്കണമെന്ന് തീരുമാനമെടുത്തു. എന്നാൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രി കൊല്ലത്തു വന്ന് കളക്ടറെ വിളിച്ച് ഇത് ക്യാൻസൽ ചെയ്യണമെന്നു പറഞ്ഞു. അങ്ങനെ ക്യാൻസൽ ചെയ്തതിനുശേഷം വീണ്ടും ഞാൻ ഒരു അപ്പീലെന്ന നിലയിൽ റവന്യൂമന്ത്രിക്ക് അപേക്ഷ കൊടുക്കുകയും, കളക്ടർക്കു കൊടുക്കുകയും വസ്തുവിന്റെ വില ഈടാക്കിയിട്ട്, സെൻറിന് 300 രൂപാ വീതം വിലവച്ച് ഭൂമി കൊടുക്കാൻ കളക്ടർ ഓർഡർ പാസ്സാക്കുകയും ചെയ്തു. ഈ വിധത്തിലാണ് ഉണ്ടായത്. അല്ലാതെ എനിക്ക് ഭൂമി പതിച്ചുതന്നു എന്നൊക്കെ പറയുന്നത് ഓർഡറിലാണോ?

ശ്രീമതി കെ. ആർ. ഗൗരി: ഓ, Beneficiary right-ലാണ് പതിച്ചതു പോലും. Beneficiary right-നു പതിച്ചുകൊടുക്കാൻ Land Assignment Committee-ക്കു ആർ അധികാരം കൊടുത്തു. R. D. O.-യ്ക്കേ അധികാര

LIBRARY ARCHIVES Kerala Legislative Assembly

മുള്ളു. ശ്രീ. Baby John-ന് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനമിട്ടതു കമ്മററിയാണ്. തഹശീൽദാരാണു പതിച്ചത്. ഭൂരഹിതർക്കു കൊടുക്കാനെ കമ്മററിക്കധികാരമുള്ളു. പിന്നെ Sri Baby John മാറിയിരുന്നുപോലും. അദ്ദേഹം അഴിമതിയ്ക്കതീതനല്ലേ? അഴിമതി കണ്ടാൽ പിന്നെ പൊറുക്കുകില്ല.

ശ്രീ. കെ. എം. ജോർജ്: സ്വന്തക്കാർക്കും പാർട്ടിക്കാർക്കും ആയിരക്കണക്കിനേക്കർ ഭൂമി പതിച്ചു കൊടുത്തതിനെപ്പററി ഒന്നും പറയാനില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി: Sri George-ന്റെ ബന്ധുക്കാർക്കും പാർട്ടിക്കാർക്കുമാണോ? അർഹരായിട്ടുള്ളവർക്ക് പതിച്ചുകൊടുക്കും. പൊന്നാനിയിൽ കൊടുത്തിട്ടുണ്ട്. League ആണെന്നു നോക്കിയില്ല. അതുപോലെതന്നെ ഭൂമിയില്ലാത്ത ആളുകൾക്കു രാഷ്ട്രീയ പരിഗണന കൂടാതെ നിയമപ്രകാരം പതിച്ചുകൊടുക്കുന്നതിന് നിയമപ്രകാരം നടപടി ഉദ്യോഗസ്ഥൻമാർ എടുക്കും. എന്റെ പാർട്ടിയിൽപ്പെട്ടവർക്ക് അർഹരാണെങ്കിൽ കൊടുത്തുകൂടെന്നില്ല. അതുപോലെ ബന്ധുക്കൾക്ക് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയാണോ, കെ. ടി. പി. യാണോ, ആർ. എസ്. പി. യാണോ, കാൺഗ്രസ്സുകാരാണോ എന്നൊന്നും നോക്കിയിട്ടില്ല. എല്ലാ പാർട്ടിക്കാർക്കും കിട്ടിക്കാണും. അർഹർക്കു കൊടുക്കാനാണ്. മാർക്സിസ്ററു പാർട്ടിക്കുമാത്രം കൊടുത്തുകൂടാ എന്നു പറഞ്ഞാൽ ഒക്കുകയില്ല. അവർക്കും അർഹരാണെങ്കിൽ കൊടുത്തുകാണും. ഇത്രമാത്രമേ ഇതിനെപ്പററി എനിക്കു പറയാനുള്ളു.

അതുപോലെതന്നെ പിന്നീടിവിടെ ഉന്നയിക്കപ്പെട്ട ആരോപണം കള്ളുഷാപ്പ് ലേലം ചെയ്തു കൊടുത്തതിനെപ്പററിയാണ്. എത്രയോ പ്രാവശ്യം ഞാനിവിടെ പറഞ്ഞിട്ടുണ്ട് ലേലം നടത്തുന്ന ഉദ്യോഗസ്ഥൻമാർ സ്ററാററ്യൂട്ടറി അധികാരമുള്ളവരാണ്, അവർ കൈക്കൂലിയൊന്നും വാങ്ങിയിട്ടില്ലാ എന്ന്. അതുപോലെതന്നെ 27 വില്ലേജ് അസിസ്ററൻറുമാരെ നിയമിച്ചു എന്നു പറഞ്ഞു. ഇത് ശ്രീ. ഭഗവാൻ സഹായിയുടെ കാലം മുതൽ employment-ൽ ഉള്ള നിയമനമാണ്. അവർ കോടതിയിൽ പോയി സ്റേറ വാങ്ങിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നം P. S. C.-യുടെ മുൻപിലാണ്. സാധാരണ employment നിയമനമാണ്. എല്ലാ department-ലും കാണും. നിങ്ങളുടെ മന്ത്രിമാരുടെ department-ലും കാണും. ഈ പറയുന്നവരുടെയെല്ലാം ഡിപ്പാർട്ടുമെൻറിൽ എത്രയോ പേരെ എംപ്ലോയ്മെൻറിൽനിന്നും എടുത്തിട്ടുണ്ട്. അതൊക്കെ ഇവരുടെ അഴിമതിയാണെന്നു ഞാൻ കരുതുന്നില്ല.

അതുപോലെതന്നെ ഇവിടെ സർവ്വേക്കല്ല് വാങ്ങിയ കാര്യം പറഞ്ഞു. 56,000 കല്ല് വാങ്ങുന്നതിനുള്ള ഓർഡറാണ്. ഇതിനെപ്പററി ഞാൻ മനസ്സിലാക്കിയത് ആർ. എസ്. പി. കൂടി ഉൾപ്പെട്ട ഒരു കോ-ഓപ്പറേററീവ് സൊസൈററിക്കാണ് വിട്ടുകൊടുത്തതെന്നാണ്.

ശ്രീ. ബേബി ജോൺ: സർ, അതു തെററാണ്. ആർ. എസ്. പി. അതിൽ അംഗമല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ അതു നോക്കാം. ഇതിന്റെ നിയമവശം നോക്കുകയാണെങ്കിൽ ഇതിന് ഇൻറൻറ് മുഴുവൻ കല്ലിന് കൊടുത്തതിനുശേഷം cancel ചെയ്തില്ല എങ്കിൽ നഷ്ടം ഈടാക്കാൻ പററുകയില്ലാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

എന്നാണ്. പന്തീരായിരത്തി എഴുന്നൂറിൽപ്പരം കല്ലിന് ഇൻറൻറു കൊടുത്തു. ബാക്കിയുള്ള ഇൻറൻറു കൊടുക്കാതെ ക്യാൻസൽ ചെയ്യരുത് എന്നു Law Department-ൻെറ അഭിപ്രായമാണ്. കോൺട്രാക്ടറുടെ മേൽ നടപടി എടുക്കാൻ നിവൃത്തിയില്ല. ഈ വിവരം അവിടത്തെ ഡിസ്ട്രിക്ട് ആഫീസറെ അറിയിക്കാൻ department നടപടി എടുത്തു. മന്ത്രി ലവലിലൊന്നും വരേണ്ട കാര്യമില്ല. ഇവിടെയാരോ ജൂഡാസിൻെറ കഥ പറയുന്നതു കേട്ടു. ഞാൻ മുരിക്കൻെറയും, കായൽ രാജാക്കൻമാരുടെയും, ബിർളായുടെയുമെല്ലാം ആളാണെന്നു പറഞ്ഞു. ഈ മാതിരി പറച്ചിലുംകൊണ്ട് കൂരകളിലേക്കു കയറിച്ചെല്ലരുത്. കാർഷിക പരിഷ്കരണത്തിന് എതിരായിരുന്നു ഞാനെന്നു പറഞ്ഞുകൊണ്ട് അവരുടെ അടുത്തേക്കു പോകരുത്. ഐക്യമുന്നണി തകർക്കുന്നതിനുവേണ്ടി നിന്നിരുന്ന ആളുകളോട് എനിക്കു പറയാനുള്ളത് നമുക്കു കാണാം. കുരുക്ഷേത്രമെന്നുള്ള വാക്ക് അദ്ദേഹം (ടി. വി. തോമസ്) ഉപയോഗിച്ചതായതുകൊണ്ട് ഞാൻ ക്ഷമിക്കുകയാണ്. നമുക്ക് അവിടെത്തന്നെ കാണാം. മുമ്പു കുരുക്ഷേത്രത്തിൽവച്ചു കണ്ടിട്ടുള്ളത് അറിയാമല്ലോ. നമുക്കിനിയും കാണാം. നല്ലതുപോലെ കാണാം. മലർന്നടിക്കുന്നത് ആരാണെന്നു കാണാം. ഞാൻ നിറുത്തുന്നു.

ശ്രീ. ബേബി ജോൺ: സർ, ആർ. എസ്. പി. ക്ക്......

(ശ്രീമാൻമാർ ടി. കെ. രാമകൃഷ്ണൻ, എം. കെ. ജോർജ്ജ്, സി. ബി. സി. വാര്യർ, സി. കെ. ബാലകൃഷ്ണൻ എന്നിവർ എഴുന്നേററു നിന്ന് ബഹളം.)

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. അങ്ങനെ എന്തെങ്കിലും റെക്കാർഡിൽ വരണമെന്നുണ്ടെങ്കിൽ എഴുതിക്കൊടുത്താൽ റെക്കാർഡിൽ ചേർക്കാം. Sri Mathai Manjooran, you can speak for 5 minutes.

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, ഏഴെട്ടാരോപണങ്ങളും എന്നെ സംബന്ധിച്ചുള്ളതുകൊണ്ട് അതിനെപ്പററി മറുപടി പറയണമെങ്കിൽ എനിക്ക് 20 മിനിട്ടെങ്കിലും തരണം.

ഡെപ്യൂട്ടി സ്പീക്കർ: അതിനു നിവൃത്തിയില്ല. നിശ്ചയിച്ച സമയമേ തരാൻ നിവൃത്തിയുള്ളു.

ശ്രീ. മത്തായി മാഞ്ഞൂരാൻ: അങ്ങനെ സമയം തരുന്നില്ലെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: സർ, നമ്മുടെ കേരള രാഷ്ട്രീയചരിത്രത്തിൻെറ ഒരു പുതിയ അദ്ധ്യായം മാററുന്ന ഈ അവസരത്തിൽ ഞാൻ വളരെയധികം സന്തുഷ്ടനാണ്. എൻെറ സംതൃപ്തി ഐക്യമുന്നണി തകരുമെന്നുള്ളതുകൊണ്ടല്ല, ഐക്യമുന്നണികളുടെ ചരിത്രം നമുക്കെല്ലാം അറിയാം. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ചരിത്രം എൻെറ സ്നേഹിതൻ ജോർജ്ജ് പറയുകയുണ്ടായി. ചിലന്തിവലയിൽപ്പെട്ട കൊതുകുകളൊന്നും തന്നെ രക്ഷപ്പെടുകയില്ല. ചിലന്തിയുടെ ആഹാരമായിട്ടേയുള്ളു. മാർക്സിസ്ററു പാർട്ടിയുൾപ്പെട്ട ഐക്യമുന്നണികളെല്ലാംതന്നെ ചെറിയ ചെറിയ പാർട്ടികളെ അടിക്കാനുള്ള വടിയായി ഐക്യമുന്നണിയെ ഉപയോഗിച്ചുകൊണ്ട് അവസാനം ആ വടി ഒടിച്ചിട്ടുള്ള ചരിത്രമാണുള്ളത്. മാർക്

LIBRARY ARCHIVES Kerala Legislative Assembly

സിസ്ററു പാർട്ടിയുടെ ഒരു ഐക്യമുന്നണി നിലനിൽക്കുമെന്നും അത് ഈ രാജ്യത്തിന് എന്തെങ്കിലും നൻമ ചെയ്യുമെന്നുമുള്ള വിശ്വാസമൊന്നും ആർക്കുമില്ല. അതുപോലെതന്നെ ഈ മന്ത്രിസഭ തകരാൻ പോകുന്നു എന്നുള്ളതുകൊണ്ടും എനിക്കു വലിയ സന്തോഷമില്ല. ഈ മന്ത്രിസഭ ചരിത്രം സൃഷ്ടിച്ച ഒരു മന്ത്രിസഭയാണ്. കേരളത്തിലെന്നല്ല, ഇൻഡ്യയിലെന്നല്ല, ലോകത്തിൽതന്നെയും ചരിത്രം സൃഷ്ടിച്ച മന്ത്രിസഭയാണ്. പതിമൂന്നു മന്ത്രിമാരും ആരോപണ വിധേയരായിട്ടുള്ള ഒരു മന്ത്രിസഭ, ഒരവസരത്തിൽ അഞ്ചു മന്ത്രിമാർ മാത്രം ഭരണകൂടത്തിൽ നിൽക്കേണ്ടിവന്ന ഒരു മന്ത്രിസഭ തകരുന്നു എന്നുള്ളതിലും എനിക്കു വലിയ സന്തോഷം പ്രകടിപ്പിക്കേണ്ടതില്ല. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ജോൺ ജേക്കബ്ബിന് അദ്ദേഹത്തിന്റെ താടി എടുത്തുകളയാൻ സൗകര്യം കിട്ടുമെന്നുള്ള നിലയിലും പ്രത്യേകമായ സന്തോഷമൊന്നുമില്ല. നേരെമറിച്ച് ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷകക്ഷി എങ്ങനെ പ്രവർത്തിക്കുമെന്നും സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഗവൺമെൻറിനെ എങ്ങനെ വിമർശിക്കുമെന്നും ജനങ്ങളുടെ വികാരങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുമെന്നും കഴിഞ്ഞ 31 മാസക്കാലമായി ഉത്തരവാദിത്വത്തോടുകൂടി കാണിച്ചുകൊടുക്കാൻ കഴിഞ്ഞു എന്നുള്ളതിലാണ് ഞാൻ ചാരിതാർത്ഥ്യമടയുന്നത്. കഴിഞ്ഞ 31 മാസക്കാലമായി സഭയിൽ വന്നിട്ടുള്ള ആരോപണങ്ങളും മററും ഇന്നു കേരളത്തിലെ ജനങ്ങൾക്ക് പകൽവെളിച്ചംപോലെ മനസ്സിലാകുന്നുണ്ട്. ഈ മൂന്നു ദിവസങ്ങളിലെ ചർച്ചകൾ അവർ വായിക്കുമ്പോൾ ആത്മസംതൃപ്തരാവും. അവർ പറയും സത്യസന്ധമായി പ്രവർത്തിച്ചിരുന്ന ഒരു പ്രതിപക്ഷം ഇവിടെ ഉണ്ടായിരുന്നുവെന്ന്. എണ്ണത്തിൽ വളരെ ചെറുതാണെങ്കിലും ഈ ഭരണകൂടത്തിന്റെ എല്ലാ ദുഷ്ചെയ്തികളേയും ഞങ്ങൾ തുറന്നു കാണിച്ചിട്ടുള്ളത് അക്ഷരംപ്രതി ശരിയാണെന്ന് അപ്പുറത്തും ഇപ്പുറത്തും നടന്ന ചർച്ചകളിൽനിന്നും വ്യക്തമാണ്. ഇക്കാര്യത്തിൽ ഞാൻ ഈ ഗവൺമെൻറിനോട് നന്ദിയുള്ളവനാണ്.

സർ, ഈ സഭയിൽ വന്നിട്ടുള്ള പ്രമേയത്തെ സംബന്ധിച്ചു മാത്രമേ ഞാൻ കാര്യമായി പറയാനാഗ്രഹിക്കുന്നുള്ളു. എന്താണ് ഇവിടെ വന്ന പ്രമേയം ? 17-ാം തീയതി മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയെക്കുറിച്ചു ചർച്ച നടത്തണം. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ എന്നെയും എന്റെ പാർട്ടിയേയും സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതിനൊന്നും ഞാൻ മറുപടി പറയേണ്ട കാര്യമില്ല. അഴിമതിയാരോപണത്തെ സംബന്ധിച്ചു പറയുമ്പോൾ കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചും അദ്ദേഹം സ്പർശിക്കുകയുണ്ടായി. സർ, ഈ മന്ത്രിസഭ കഴിഞ്ഞ മുപ്പത്തിയൊന്നര മാസക്കാലം നടത്തിയ ചെയ്തികൾ കേരളത്തിലെ ജനങ്ങൾക്ക് കോൺഗ്രസ് ഭരണം എന്തായിരുന്നു എന്നു മനസ്സിലാക്കാനുള്ള സന്ദർഭംകൂടി ഉണ്ടാക്കുന്നുണ്ട്. ഏതെങ്കിലും ഭാഗത്തുനിന്നും നിസ്സാരമായ അഴിമതിയാരോപണം ഉന്നയിക്കപ്പെട്ടാൽപോലും നടപടിയെടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ള ഒരു പാർട്ടിയാണ് എന്റെ പാർട്ടി. ശ്രീ. ആർ. ശങ്കറും ശ്രീ. കെ. എ. ദാമോദര മേനോനും മന്ത്രിമാരായിരുന്ന കാലത്ത് (1962-ൽ) അവരുടെ പേരിൽ ആരോപണം വന്നു. ആദ്യമായി കോൺഗ്രസ് പാർലമെൻററി പാർട്ടി വിളിച്ചുകൂട്ടി അഴിമതിയാരോപണത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടു. അന്ന് അഴിമതിയാരോപണങ്ങളുടെ അടിസ്ഥാനത്തിൽ കോൺഗ്രസ് പാർട്ടി എടുത്തിട്ടുള്ള നടപടികൾ എല്ലാപേർക്കും അറിയാവുന്നതാണ്. അന്ന് നിസ്സാരങ്ങളായ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

ങ്ങളെ സംബന്ധിച്ചുപോലും ആരോപണം ഉന്നയിച്ചിട്ടുള്ളതായ ആളുകൾ ഇന്ന് അധികാരത്തിൽ വന്നപ്പോൾ അഴിമതി ദേശവൽക്കരിച്ചിട്ടുള്ളതായി പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ഇനി പുതുതായി യാതൊരു അഴിമതിയാരോപണത്തെ സംബന്ധിച്ചും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം ഹിമാലയപർവ്വതത്തിന്റെ മുകളിൽ മഞ്ഞുകട്ട ഉണ്ടെന്നു പറയേണ്ടതായ ആവശ്യമില്ല. ഈ മന്ത്രിസഭയെന്നു പറഞ്ഞാൽ അഴിമതി മന്ത്രിസഭയാണെന്നു ജനങ്ങൾ അംഗീകരിച്ചിരിക്കുകയാണ്. അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നു പറയുമ്പോൾ, ഇന്നലെവരെ അപ്പുറത്തിരുന്ന ആളുകൾ പ്രമേയം അവതരിപ്പിച്ച് അഴിമതിയന്വേഷണം നടത്തണമെന്നു പറയുമ്പോൾ അത് കോൺഗ്രസുമായി നടത്തിയ കൂടിയാലോചനയുടെ ഫലമാണെന്നു പറയുന്നവരോട് നിങ്ങളെല്ലാംകൂടി 1967-ൽ പ്രസിദ്ധപ്പെടുത്തിയ പ്രകടനപത്രിക ഒന്നു വായിക്കാൻ ഞാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. എനിക്ക് ഇതിൽ ഒരാശ്വാസമുള്ളത് ഇതാണ്. ഈ വൈകിയ വേളയിലെങ്കിലും കേരളത്തിലെ ജനങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി അല്ലെങ്കിൽ അവരുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് അഴിമതി നടത്തുന്ന മന്ത്രിസഭയിൽ കൂട്ടുനിൽക്കാതിരിക്കാനും അഴിമതിയിൽനിന്നും മോചിപ്പിക്കുവാനും കോൺഗ്രസ്സുമായി അവർ കൂട്ടുകൂടിയിട്ടുണ്ടെങ്കിൽ അവർ ന്യായമായി ചെയ്യേണ്ട കാര്യം, ചെയ്തു എന്നുള്ളതിൽ കേരളത്തിലെ ജനത അംഗീകരിക്കുമെന്നുള്ള കാര്യത്തിൽ അശേഷം സംശയമില്ല. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നവർ ആഹ്ളാദം കൊള്ളുകയാണ്. എന്തുകൊണ്ടെന്നാൽ അവരുടെ വികാരങ്ങളേയും വിചാരങ്ങളേയും അവഗണിച്ചുകൊണ്ടു മുന്നോട്ടുപോയ ഒരു ഭരണത്തിൽനിന്നും ജനതയെ രക്ഷിക്കുവാൻവേണ്ടി അവരുടെ വികാരവിചാരങ്ങളെ മാനിച്ചുകൊണ്ടുള്ള നീക്കമുണ്ടായി എന്നുള്ളതാണ്. നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നതെന്താണ്? ഐറ്റം ക്യു "ദൈനംദിന ഭരണത്തിൽ നടമാടുന്ന അഴിമതി ഇല്ലാതാക്കാൻ ഫലപ്രദമായ നടപടികളെടുക്കുന്നതാണ്." എന്നിട്ട് സന്താനം കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റിയും എല്ലാം പറയുന്നുണ്ട്. അവസാനമായി പറഞ്ഞിരിക്കുന്നത് ഇതാണ്. "സംസ്ഥാന ഗവൺമെന്റിന് നടപ്പിലാക്കാൻ കഴിയുന്നിടത്തോളം വിപുലമായ അഴിമതി നിവാരണ നടപടികൾ എടുക്കുന്നത് ഗവൺമെന്റിന്റെ കടമയായി കരുതുന്നു". ഇതിന് കേന്ദ്രത്തിന്റെ വിഹിതമൊന്നും ആവശ്യമില്ല. പ്ലാനിംഗ് കമ്മീഷന്റെ വിഹിതത്തിൽ കുറവു വന്നാലും ഇതു നടത്താം. ഇതു സംസ്ഥാന ഗവൺമെന്റു ചെയ്യേണ്ടതാണ്. ഈ സംസ്ഥാന ഗവൺമെന്റു ചെയ്യുമെന്ന് 1968-ൽ നിയമസഭയിൽ ഗവർണ്ണറെക്കൊണ്ടു പറയിപ്പിച്ച നയപ്രഖ്യാപനത്തിൽ എന്താണു പറയുന്നത് ?

My Council of Ministers have now been in office for a period of ten months. I recall in this connection the hope expressed by my predecessor when he welcomed you last year that "you the Council of Ministers will be able to function for the full term of your life and that your legislative and administrative activities will give satisfaction to the people of Kerala. As Governor, my predecessor was, and I am, interested in the provision of a good, clean and efficient administration, in the State for which an essential pre-requisite is the existence of a stable Government".

ഇതിൽ ഇവിടെ 'ക്ലീൻ' ഭരണം നടക്കുന്നുണ്ട്. സ്വന്തക്കാർക്കും ബന്ധുക്കൾക്കും ഉദ്യോഗങ്ങൾ കൊടുത്തുകൊണ്ട് വളരെ ക്ലീനായി ഭരണം നടത്തുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഇതിലും ക്ലീനായി ഇനി ഒന്നുംതന്നെ നടത്താനില്ല; അഴിമതിയുടെ കാര്യത്തിൽ. ഗവർണ്ണറിൽകൂടി ഈ ഗവൺമെൻറിൻെറ നയപ്രഖ്യാപനമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചെയ്യണമെന്നു പറഞ്ഞിട്ട് അതു ചെവിക്കൊള്ളാൻപോലും തയ്യാറാകാത്ത ഒരു ഭരണകൂടത്തിൽനിന്നും ഒരു വിഭാഗം മാറിയത് ജനങ്ങളുടെ വികാരങ്ങളെ മാനിക്കാൻ തയ്യാറാകാത്ത ഇവരെ ജനങ്ങൾ പുഴുത്ത പട്ടികളെപ്പോലെ കല്ലെറിയുമെന്നുള്ളതുകൊണ്ടാണ്. എന്നാൽ, എത്ര കല്ലേറു വന്നാലും ചീഞ്ഞളിഞ്ഞ മാർക്സിസ്ററുകാരുടെ ദേഹത്തു കൊള്ളുകയില്ല. കൊണ്ടാലൊട്ട് അറിയുകയുമില്ല. അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നു പറയുമ്പോൾ അതു കോൺഗ്രസ്സുകാരൻ പറഞ്ഞതുകൊണ്ടു വേണ്ട എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇരുന്നുകൊണ്ട് ശ്രീമാൻ ശങ്കർ മന്ത്രിയായിരുന്ന കാലത്ത് പറഞ്ഞിട്ടുള്ളതിൽ രണ്ടു വരി മാത്രം വായിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

"........പക്ഷേ ഞാൻ ചോദിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരും പെരുമയും ഉപയോഗിച്ച് സുകുമാരബാബു എന്ന ഒരാളിന് ട്രക്കു വാങ്ങിക്കുന്നതിന് ഏർപ്പാടുചെയ്തു എന്നു പത്രത്തിൽ വന്നിട്ട് ആ പത്രത്തിൻെറ പേരിൽ നടപടിയെടുക്കുകയോ മന്ത്രിയുടെ പേരിൽ നടപടിയെടുക്കുകയോ ചെയ്തിട്ടില്ല. പറഞ്ഞുപരത്തി വന്നിട്ടുള്ള ആരോപണങ്ങൾ ശരിയാണോ അല്ലയോ എന്നു ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും സത്യാവസ്ഥ കണ്ടുപിടിച്ച് കുററക്കാരെ കണ്ടുപിടിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടി ജുഡീഷ്യൽ അന്വേഷണമാണ്." സർ, നിങ്ങളുടെ പേരിലുള്ള അഴിമതി കോർഡിനേഷൻ കമ്മിററിയിൽ വന്നു. കാററിൽ പറക്കുന്ന ആരോപണങ്ങൾ ശരിയാണോ തെററാണോ എന്നു ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ജുഡീഷ്യലന്വേഷണം വേണമെന്നു പറഞ്ഞിട്ടുള്ള ഇന്നത്തെ മുഖ്യമന്ത്രി, തൻെറ പേരുപയോഗിച്ചുകൊണ്ട് ഒരു ട്രക്കിൻെറ പെർമിററു വാങ്ങിച്ചു എന്നുള്ള കാര്യത്തിൽ ജുഡീഷ്യലന്വേഷണം വേണമെന്നു പറഞ്ഞിട്ടുള്ള മുഖ്യമന്ത്രി ട്രക്കുകൾ ഒന്നോടെ വിഴുങ്ങിയ ട്രാൻസ്പോർട്ടു മന്ത്രിയുടെ അഴിമതിയുടെയും വനങ്ങൾ മുഴുവൻ തൊണ്ടയിൽ തൊടാതെ വിഴുങ്ങിയ വനംവകുപ്പു മന്ത്രിയുടെയും അതിൻെറ എല്ലാം ആചാര്യനായ മുഖ്യമന്ത്രിയുടെയും പേരിൽ എന്തുകൊണ്ട് അന്വേഷണത്തിനു തയ്യാറായില്ല എന്നു ഞാൻ ചോദിക്കുകയാണ്.

സർ, അഴിമതിയുടെ അഴിഞ്ഞാട്ടം നടത്തിയിട്ടുള്ള, വനം മുഴുവൻ തൊണ്ടയിൽ തങ്ങാതെ വിഴുങ്ങിയിട്ടുള്ള ആളാണ് ശ്രീ. എം. കെ. കൃഷ്ണൻ. അദ്ദേഹത്തിൻെറയെല്ലാം ആചാര്യനായിട്ടുള്ള മുഖ്യമന്ത്രി സ്വന്തം സ്യാലന് ഉദ്യോഗക്കയററം കൊടുത്തു. ഞങ്ങൾ വച്ചിട്ടില്ലേ വ്യക്തമായ രേഖകൾ. അതെല്ലാം പരസ്യമല്ലേ ? 1962-ൽ അങ്ങു പറഞ്ഞത് ഞാൻ ഇവിടെ വായിച്ചു കേൾപ്പിച്ചതല്ലേ ? എന്നിട്ട് അങ്ങയുടെ പേരിൽ വന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ എന്താണ് ഇത്ര വൈമനസ്യം കാണിക്കുന്നത്. അഴിമതിയെ സംബന്ധിച്ച സന്താനം കമ്മിററി റിപ്പോർട്ടുപോലും പോര അതിനുപരിയായി ഞങ്ങൾ ചിലതൊക്കെ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്ന് നിങ്ങൾ പറഞ്ഞില്ലേ ? ചെയ്യുമെന്നു വിചാരിച്ച് ഞങ്ങൾ കാത്തിരുന്ന് അവസാനം അഴിമതിയെപ്പററി അന്വേഷണം നടത്താൻ ഈ നിയമസഭയിൽകൂടി ഒരു പ്രമേയം പാസ്സാക്കാൻ ശ്രമിച്ചപ്പോൾ അതിനെ പൊളിക്കാൻ നടത്തിയ തടസ്സവാദങ്ങളെ സംബന്ധിച്ച് അങ്ങയ്ക്ക് എന്താണു പറയാനുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

സർ, ഒരു കാര്യം വ്യക്തമാണ്. അഴിമതിക്കാരായ എല്ലാ മന്ത്രിമാരെക്കുറിച്ചും അന്വേഷിക്കണമെന്നുള്ള കാര്യത്തിൽ ഞങ്ങളുടെ പാർട്ടി ഉറച്ച ഒരു നിലപാടാണ് സ്വീകരിച്ചിരുന്നത്. അഴിമതിയന്വേഷണത്തെക്കുറിച്ചു പറയുമ്പോൾ അവിടെ ഇരട്ടത്താപ്പാണ് കാണിക്കുന്നത്. അഴിമതിയന്വേഷണത്തെ സംബന്ധിച്ച് ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഞാൻ വായിച്ചുനോക്കി. ഏറ്റവും കുറഞ്ഞ ടെൻഡർ മാററിവച്ചിട്ട് ബോർഡിനു നഷ്ടം വരുത്തിവയ്ക്കത്തക്ക നിലയിൽ പ്രവർത്തിച്ച ഇലക്ട്രിസിററി ബോർഡിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് ശങ്കരൻ കമ്മീഷൻ ശുപാർശ ചെയ്ത നടപടികൾ സ്വീകരിക്കാതെ അവരെ പെൻഷൻ പററാൻ അനുവദിച്ചു എന്നുള്ളതാണ് ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായരെപ്പററി അന്വേഷിക്കാനുള്ളത്. അതിന് അദ്ദേഹമാണ് മറുപടി പറയേണ്ടത്. അദ്ദേഹം മറുപടി പറയുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാനൊന്നു ചോദിക്കട്ടെ, അദ്ദേഹം അഴിമതിക്കാരനായ ഒരു ഉദ്യോഗസ്ഥനെ പിരിഞ്ഞുപോകാനനുവദിച്ചപ്പോൾ അഴിമതിക്കാരനാണെന്ന് കോടതി വിധികൾ ഉണ്ടായിട്ടുള്ള ആളുകളെ സഹായിക്കാൻ വേണ്ടി അങ്ങ് കൽപന പുറപ്പെടുവിച്ചില്ലേ? ശ്രീമാൻ സി. സി. കുഞ്ഞനാണ് ആ ഉദ്യോഗസ്ഥൻ. അദ്ദേഹത്തിൻെറ പേരിൽ EC 16/62 എന്ന കേസിൽ അദ്ദേഹത്തിൻെറ യാത്രപ്പടി തിരിച്ചടയ്ക്കാനും ഇൻക്രിമെൻറു തടയുവാനും റാങ്കു കുറയ്ക്കാനും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. EC 24/64 ഇൻക്രിമെൻറു തടയാനും ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷനാക്കാൻ പാടില്ലെന്നും അവസാനം "The accused officer may be compulsorily retired from service". എന്നും പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം ഹരിജനാണെന്നുള്ളതു പരിഗണിച്ചുകൊണ്ട് കേരള ഗവർണ്ണർ ഡിസംബർ മാസത്തിൽ (66) കൽപന പുറപ്പെടുവിച്ചു.

"It was agreed that the compulsory retirement will be an appropriate punishment for Sri Kunhan. Necessary steps may be taken for imposing the penalty".

അതു കഴിഞ്ഞിട്ട് മുമ്പ് ജുഡീഷ്യറിയിൽ ഇരുന്ന ആളായിരുന്നതുകൊണ്ട് അവരോട് അതിനെ സംബന്ധിച്ച് അഭിപ്രായം ചോദിച്ചപ്പോൾ അവർ ഇങ്ങനെ പറഞ്ഞിരിക്കുകയാണ്.

"Please refer to the letter cited. I may inform you that Sri C. C. Kunhan, formerly Director of Harijan Welfare has heen found guilty of a number of cases under section 420 of the I.P.C. for which he could have been prosecuted and regrets in the circumstances I cannot agree with the suggestion made by Government that he could be posted as Magistrate."

സർ, ഇങ്ങനെ വ്യക്തമായ. അഴിമതിക്കാരനാണെന്ന് വിധിച്ചിട്ടുള്ള ഒരുദ്യോഗസ്ഥന് അഞ്ചാറുവർഷക്കാലത്തെ ശമ്പളമായി എൺപത് എൺപത്തയ്യായിരം രൂപ കൊടുത്തുകൊണ്ട് തിരിച്ചെടുത്തത് അഴിമതിയാണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അതിനെപ്പററി അന്വേഷിക്കാൻ തയ്യാറാകാതെ, അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ പെൻഷൻ പററി പോകാൻ അനുവദിച്ച ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായരെപ്പററി അന്വേഷിക്കാൻ ഉത്തരവു പുറപ്പെടുവിച്ചത് ആണത്വമാണോ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്, സർ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെപ്പററി കൂടി അന്വേഷിക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ രാമനാഥൻപിള്ളയുടെ നിയമനത്തെ സംബന്ധിച്ച് ശ്രീമാൻ ഗോപാലകൃഷ്ണൻ നായർ ഇവിടെ പറയുകയുണ്ടായി. ഈ രാമനാഥൻ പിള്ള ആരാണെന്നൊക്കെ ഇവിടെ പറയുകയുണ്ടായി. ഒരു കോർട്ടലക്ഷ്യ കേസ്സിൽ അദ്ദേഹത്തിനുവേണ്ടി കോടതിയിൽ ഹാജരായത് ഈ രാമനാഥൻപിള്ളയായിരുന്നു. അതിന്റെ പ്രതിഫലമാണ് ഈ വിജിലൻസ് കമ്മീഷണർ ഉദ്യോഗം. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറഞ്ഞതുപോലെ ഏതെങ്കിലും മാർക്സിസ്റ്റ് കുഞ്ഞാടുകൾ ഒരു ചീട്ടു കൊടുത്തയച്ചാൽ അവിടെ പാഞ്ഞെത്തുകയും അവരുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും. മന്ത്രിസഭയിലെ അംഗങ്ങൾക്കുപോലും ഉദ്യോഗസ്ഥൻമാരെ വച്ചു പ്രവർത്തിപ്പിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം സൃഷ്ടിച്ച ഈ രാമനാഥൻപിള്ളയുടെ നിയമനത്തിൽ അഴിമതി നടന്നിട്ടില്ലേ? അങ്ങനെയുള്ള അഴിമതിയാരോപണങ്ങളുന്നയിച്ചാൽ മുഖ്യമന്ത്രി അതറിഞ്ഞ ഭാവമേ നടിക്കുകയില്ല. അദ്ദേഹംതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്: ''ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെ പേരിൽ വന്നതിനോടു തുല്യമായ ഗൗരവമുള്ളതെന്ന് എനിക്കു തോന്നുന്ന ആരോപണങ്ങളെക്കുറിച്ചുകൂടി അന്വേഷണം നടത്താൻ ഉത്തരവിടുന്നത് എന്റെ കടമയായി ഞാൻ കരുതുന്നു''. ഇവിടെപറയുന്നത് അദ്ദേഹത്തിന് ഗൗരവമുള്ളതെന്നു തോന്നുന്ന ആരോപണങ്ങളെ സംബന്ധിച്ചാണ്. ആരോപണം ഗൗരവമുള്ളതാണോ എന്ന് അദ്ദേഹത്തിനു തോന്നണം. ഞങ്ങൾ ഉന്നയിച്ചതൊന്നും ഗൗരവമുള്ള ആരോപണങ്ങളല്ലേ? മററൊരിടത്ത് അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്: ''ഇതിനുമുമ്പ് സൂചിപ്പിച്ചതുപോലെ യാതൊരാളുടേയും പ്രാഥമികപരിശോധനയ്ക്കുശേഷമല്ല ഈ അന്വേഷണങ്ങളൊന്നും നടത്തുന്നത്''. എന്താണു സർ ഇതിന്റെ അർത്ഥം? അദ്ദേഹത്തിന്റെ കൂടെ ഇപ്പോൾ ഇരിക്കുന്ന സഹമന്ത്രിമാരുടെ പേരിൽ വ്യക്തമായ ആരോപണങ്ങളുന്നയിച്ചിട്ട് അന്വേഷിക്കാൻ തയ്യാറില്ല. നുണ പറയുന്ന കാര്യത്തിൽ മാർക്സിസ്റ്റ് മന്ത്രിമാർ വിദഗ്ധൻമാരാണെന്ന് പലപ്പോഴും ഇവിടെ തെളിയിച്ചിട്ടുണ്ട്. പാറുക്കുട്ടി മൂപ്പിലമ്മയുടെ കാര്യത്തിൽ എന്താണ് സംഭവിച്ചത്. ഹൈക്കോടതിവിധി ഉദ്ധരിച്ചുകൊണ്ടുവരെ ഇവിടെ സംസാരിച്ചു. ഭൂമിയുടെ തർക്കമൊണെന്ന് നമ്മുടെ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ആകാവുന്നത്ര ശബ്ദമുയർത്തി ഇവിടെ പറയുകയുണ്ടായി. കോടതിയുടെ ഉത്തരവ് എന്നു പറഞ്ഞ് അദ്ദേഹം ഇവിടെ ഒരു രേഖ വായിക്കുകയുണ്ടായി. സർ, ആ ഉത്തരവ് ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ഇതാണ്: ''There is no dispute between the parties about the exact portion of the 'mālavaram' from which trees have been cut.''

സർ, മന:പൂർവം ഈ സഭയെ തെററിദ്ധരിപ്പിക്കാനാണ് വനം വകുപ്പുമന്ത്രി ശ്രമിച്ചത്. അവിടത്തെ മലയോരപ്രദേശങ്ങളിൽനിന്നും കളവായി മരം മുറിച്ചുകൊണ്ടുപോകാൻ അനുവദിച്ചിട്ടുണ്ട്. അത് അഴിമതിയാണെന്നു പറഞ്ഞപ്പോൾ കോടതിയുടെ പേരിൽ ഈ സഭയെ തെററിദ്ധരിപ്പിക്കാൻ അദ്ദേഹം മന:പൂർവം ശ്രമിക്കുകയാണ് ചെയ്തത്. അതിനെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഒന്നും പറയാനില്ല. ട്രാൻസ്പോർട്ട് മന്ത്രിയെ സംബന്ധിച്ചും റവന്യൂ മന്ത്രിയെ സംബന്ധിച്ചുമാണെങ്കിൽ ഇതിനെക്കാളും ഗുരുതരമായ നിരവധിയാരോപണങ്ങൾ ഈസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. റവന്യൂ മന്ത്രി പറയുന്നത് ഉദ്യോഗവും ഭൂമിയും അവരുടെ ആൾക്കാർക്കു വേറെ ആരാണ് കൊടുക്കുന്നതെന്നാണ്. അങ്ങനെ പാർട്ടിക്കാർക്കു കൊടുക്കാനുള്ളത് സർക്കാരിന്റെ മുതലല്ല. സർ, തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

ഡിസ്ട്രിക്ടിൽ ഈ റവന്യൂമന്ത്രി പാർട്ടിക്കാർക്കുവേണ്ടി ചെയ്തുകൊടുത്തിരിക്കുന്നത് ഞാൻ പറഞ്ഞാൽ വിശ്വസിക്കുകയില്ല. ആണ്ടിൽ 75,000 രൂപ മുതൽ 80,000 രൂപ വരെ ലേലത്തുക കിട്ടാവുന്ന ഷാപ്പുകൾ ഒരു ദിവസത്തേയ്ക്ക് ഒരു ഉറുപ്പിക വാടകവെച്ച് കമ്മ്യൂണിസ്റ്റു പാർട്ടിക്കാർക്ക് ഈ റവന്യൂമന്ത്രി കൊടുത്തിട്ടുണ്ട്. അങ്ങനെ കൊള്ള നടത്തിയ മന്ത്രിമാരെക്കുറിച്ച് ആരോപണമുന്നയിച്ചാൽ അതെല്ലാം പൊളിപ്പൻ പ്രസ്താവനകളാണെന്നു പറയുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ഇതെല്ലാം നല്ലതുപോലെ അറിയാം.

സർ, അവസാനമായി ഒരു കാര്യം കൂടി എനിക്കു പറയാനുണ്ട്. കുരുക്ഷേത്രത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞുകേട്ടു. അതു പറയുമ്പോൾ അതിന്റെ പിന്നിലും ചില ചരിത്രങ്ങളുണ്ട്. അത് രാഷ്ട്രീയ ചൂതാട്ടത്തിന്റെ ചരിത്രമായിരുന്നു. കേരളത്തിലെ രാഷ്ട്രീയ ചൂതാട്ടത്തിൽ പാണ്ഡവൻമാരെ തോൽപ്പിച്ച ശകുനി അപ്പുറത്തിരിപ്പുണ്ട്. പകിടകളിയിൽ പാണ്ഡവൻമാരെ തോൽപ്പിച്ചെങ്കിൽ കുരുക്ഷേത്രത്തിൽ വെച്ചു കാണാം. പകിടകളിയിൽ പാണ്ഡവൻമാരെ പരാജയപ്പെടുത്തിയെങ്കിൽ അവർ പൊതുജനരോഷമാകുന്ന ഗാണ്ഡീവവുമെടുത്തുകൊണ്ട് കുരുക്ഷേത്രത്തിൽവെച്ച് ഈ കൗരവസേനയെ പരാജയപ്പെടുത്തും. കേരളത്തിലെ ജനങ്ങൾ അതിനു തയ്യാറാകുമെന്ന് പ്രഖ്യാപിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. മററപ്പള്ളി മജീദ്: ശ്രീമാൻ കെ. എം. ജോർജ്ജിന്റേയും ശ്രീമാൻ കരുണാകരന്റേയും പ്രസംഗം ഞാൻ വളരെ കൗതുകത്തോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു, സർ. ഐക്യമുന്നണിയിൽ പിളർപ്പുണ്ടായതിന്റെ ആഹ്ളാദം അവർ ആവേശത്തോടുകൂടി ഈ നിയമസഭയിൽ പ്രദർശിപ്പിച്ചു. 1967-ൽ ഈ ഐക്യമുന്നണി ഈ രാജ്യത്തു കെട്ടിപ്പടുക്കുമ്പോൾ ഇവിടത്തെ ജനങ്ങളുടെ മുമ്പിൽ ജനനേതാക്കൻമാർ നൽകിയിരുന്ന വാഗ്ദാനങ്ങൾ ഓർമ്മിച്ചുകൊണ്ടാണോ ഇവർ ഈ ഐക്യമുന്നണിയെ പൊളിച്ചതെന്നു ചോദിക്കാൻ എനിക്ക് ആഗ്രഹമുണ്ട്. ഐക്യമുന്നണിയിൽ എസ്. എസ്. പി. യും ചേർന്നിരുന്നു. ഒരു കാലഘട്ടത്തിൽ പാർട്ടിയുടെ കേന്ദ്ര നേതൃത്വ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്. എസ്. പി. മന്ത്രിമാർ മന്ത്രിസഭയിൽനിന്നും വിട്ടുപോരാൻ പറഞ്ഞപ്പോൾ ചിലർ എസ്. എസ്. പി. യിൽനിന്നും വേറിട്ടു നിന്നുകൊണ്ട് മന്ത്രിസഭയിൽ തുടരുകയാണ് ചെയ്തത്. അന്ന് ഇവർ തുടരുന്നതിനെപ്പററി എസ്. എസ്. പി. യും ഇവിടത്തെ സോഷ്യലിസ്ററു നേതാക്കൻമാരും പലതും പറയുകയുണ്ടായി. അന്ന് അതിനെ നിസ്സാരമായി തള്ളിയതിന്റെ ഫലം ഇന്നു നമ്മൾ കാണുകയാണ്. ഏതായാലും ഞങ്ങൾ അന്നു മുതൽ ഐക്യമുന്നണിയിൽ തുടരുകയാണ്. എന്നാൽ ഇനി അങ്ങോട്ടു മാറിയിരുന്നുകൂടേ എന്നു ചിലർ ചോദിക്കുകയുണ്ടായി. ഞങ്ങൾ എന്തിന് ഐക്യമുന്നണിയിൽ വന്നോ അതുപോലെതന്നെ ഇന്നും ഐക്യമുന്നണിയിൽ തുടരാൻ ആഗ്രഹിക്കുന്നു. ചില സുഹൃത്തുക്കൾ അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ മാറിപ്പോയി എന്നുള്ളതു സത്യമാണ്. ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയ പ്രസംഗിച്ചപ്പോൾ, അദ്ദേഹത്തിന്റെ എല്ലുപൊടി ഐ. ആർ. 8 ന് വളമാക്കുമെന്നും ശ്രീമാൻ ബാഫക്കി തങ്ങളുടെ തലയിൽ കൃഷി ചെയ്യുമെന്നും ഉള്ള ചില മുദ്രാവാക്യങ്ങൾ ചിലർ വിളിച്ചുവെന്നും അതിന്റെ പ്രതികാരമായിട്ടാണ് ഈ ഐക്യമുന്നണിയിൽനിന്നും വിട്ടുപോയതെന്നും ഉള്ള അർത്ഥത്തിൽ സംസാരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(പല മുസ്ലീം ലീഗ് അംഗങ്ങളിൽനിന്നും പ്രതിഷേധശബ്ദം കേട്ടു.)

ഇതു പറയുമ്പോൾ അതിൽ അന്തർലീനമായിരിക്കുന്നതെന്താണെന്ന് നമുക്കു മനസ്സിലാകും. ഏതു നിലയിലാണ് ഞങ്ങൾ ഐക്യമുന്നണിയെ കാണുന്നതെന്നറിയാമോ? പല കാര്യങ്ങളിലും ഒരുമിച്ചു നിൽക്കാൻ സാധിച്ച ആളുകൾ ഏതെങ്കിലും ഒരാൾ, വിവരമില്ലാത്ത ആരെങ്കിലും എന്തെങ്കിലും മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞു എന്നുള്ളതിൻെറ പേരിൽ, ആ രാഷ്ട്രീയ പാർട്ടിയെ നശിപ്പിക്കാൻ വേണ്ടിയാണ് ഈ രീതിയിലുള്ള മുദ്രാവാക്യങ്ങൾ വിളിക്കുന്നത് എന്ന് പറയുന്നത് ഒരുതരം രാഷ്ട്രീയ പാപ്പരത്വമാണ്. ഞാൻ ഓർക്കുകയാണ്, അഹമ്മദാബാദ് നഗരത്തിൻെറ തെരുവീഥികളിൽ മുസ്ലീം സ്ത്രീകളുടെ ചാരിത്ര്യം നശിപ്പിക്കുമ്പോൾ അതിനു കാരണക്കാരായ കോൺഗ്രസ്സുകാരോട് ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയും മററും ബന്ധം സ്ഥാപിക്കുകയാണ്. അഹമ്മദാബാദിൽ ഇങ്ങനെ നടക്കുമ്പോൾ അൽ അക്സാ പള്ളി പ്രശ്നം ചർച്ച ചെയ്യാനുള്ള സമ്മേളനത്തിൽ ഒരു ഡെലിഗേഷനെ അയക്കാൻ തയ്യാറായ കോൺഗ്രസ്സുകാരുടെ മനോഭാവം എന്താണെന്ന് നാം ആലോചിക്കണം. കോൺഗ്രസ് സർക്കാർ കൊള്ളിവെയ്പ്പിനും ആക്രമണത്തിനും തയ്യാറാകുന്നത് എന്തിനാണെന്ന് നാം മനസ്സിലാക്കണം. പട്ടാളം അവിടെ ചെന്നപ്പോൾ മാത്രമാണ് കൊലപാതകം അവസാനിച്ചത്. എന്നിട്ടും എൻെറ മുസ്ലീം ലീഗ് സുഹൃത്തുക്കൾ ശ്രീമാൻ കരുണാകരൻെറ അടുത്തോട്ടു നീങ്ങിയിരിക്കുകയാണ്. ഇതിന് ഈ രാജ്യത്തെ മുസ്ലീം ജനത അവർക്കു മാപ്പു നൽകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. മുസ്ലീങ്ങളുടെ വികാരം വളർത്തിയെടുത്തുകൊണ്ട് അധികാരത്തിലിരുന്ന ഒരു കക്ഷിയാണ് മുസ്ലീം ലീഗ്. ആ സുഹൃത്തുക്കൾ ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തി ഇവിടത്തെ ഐക്യമുന്നണിയെ തകർത്തതു ഖേദകരമായിപ്പോയിയെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ജനിച്ചുവളർന്ന സമുദായത്തിൻെറ വികാരം എന്താണെന്ന് എനിക്കു മനസ്സിലാക്കാൻ സാധിക്കും. ഈ സുഹൃത്തുക്കൾക്കു പുറമെ മററു സുഹൃത്തുക്കളും ഈ കോൺഗ്രസ്സിനെ പിന്താങ്ങുന്നുണ്ട്. എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. 14 ബാങ്കുകൾ നാഷണലൈസു ചെയ്തതുകൊണ്ടു വന്നുചേർന്ന 2,000 കോടി രൂപ കൊണ്ട് ഈ രാജ്യത്ത് സോഷ്യലിസം നടപ്പാക്കാമെന്ന് ഇവർ വീമ്പിളക്കുകയാണ്. അതുകൊണ്ട് എന്തു ചെയ്യുമെന്നു ഞാൻ ചോദിക്കുകയാണ്. ഇതിനുമുമ്പ് 6,000 കോടി രൂപ ഈ രാജ്യത്തെ കോൺഗ്രസ്സുകാരുടെ കൈയിൽ, ജവഹർലാൽ നെഹ്റു തുടങ്ങി ഇന്ദിരാഗാന്ധി വരെയുള്ള ആളുകളുടെ കൈയ്യിൽ കിട്ടിയില്ലേ? എൽ. ഐ. സി., ഫൈനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി 6,000 കോടി രൂപയോളം കിട്ടിയിട്ട് ഈ രാജ്യത്ത് സോഷ്യലിസം നടപ്പിലാക്കാൻ അവർക്കു സാധിച്ചില്ല. ഈ 6,000 കോടി രൂപ കൊണ്ട് 70 കുത്തകമുതലാളിമാരെ വളർത്തിയെടുക്കുകയാണ് അവർ ചെയ്തത്. എന്നിട്ടു പറയുകയാണ് ഈ 2,000 കോടി രൂപ വന്നതുകൊണ്ട് സോഷ്യലിസം നടപ്പാക്കുമെന്ന്. അത് ഏതായാലും ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ടാണ് ഒരു കോൺഗ്രസ്സേതര ഗവൺമെൻറിനെ നിലനിറുത്താനുള്ള സമരത്തിൽ ഞങ്ങളും പങ്കാളികളായതും ആ ഗവൺമെൻറിനെ നിലനിറുത്തിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നതും. ഈ ഗവൺമെൻറിനെ ഞാൻ വിശ്വസിക്കുന്നത് നല്ല കാര്യങ്ങൾ ചെയ്ത ഗവൺമെൻറ് എന്ന നിലയ്ക്കല്ല. പാകപ്പിഴകൾ പലതും ഉണ്ടായിട്ടുണ്ട്. പക്ഷെ, ഈ രാജ്യത്ത് ഒരു കോൺഗ്രസ്സിതര ഗവൺമെൻറ് നിലനിൽക്കേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ ഞങ്ങൾ തയ്യാറുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മററപ്പിള്ളി മജീദ്]

സർ, ഇവിടെ കുറച്ചു നേരത്തെ ഒരു സുഹൃത്തു ചോദിക്കുന്നതു കേട്ടു അഴിമതിക്കെതിരായി ഒരു പ്രമേയം വരുമ്പോൾ നിങ്ങളുടെ നിലപാട് എന്തായിരിക്കുമെന്ന്. ഏതു മന്ത്രിമാരുടെ പേരിൽ അഴിമതി വന്നാലും അതേപ്പററി അന്വേഷിക്കണമെന്നുള്ള ഞങ്ങളുടെ രാഷ്ട്രീയ കക്ഷിയുടെ അഭിപ്രായം ഞങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള ഒരു അസംബ്ലി കമ്മിററിയെ നിയോഗിച്ച് ആരോപണങ്ങളിൽ പ്രൈമാഫേസി കേസ്സുണ്ടോ എന്ന് അന്വേഷിച്ചതിനു ശേഷം ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുള്ളതിൽ പോലും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. ആ അഭിപ്രായത്തിൽ ഞങ്ങൾ ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. അതേസമയത്ത് ഐ. ആർ. 8 നടുമെന്നു പറഞ്ഞതുകൊണ്ടോ അന്വേഷണം നടത്തണമെന്നു പറഞ്ഞതുകൊണ്ടോ ഐക്യമുന്നണി പ്രസ്ഥാനത്തെ തകർക്കാൻ ഞങ്ങൾ തയ്യാറല്ല. നിങ്ങൾക്ക് മന്ത്രിസ്ഥാനമില്ല, അതുകൊണ്ട് കോ-ഓർഡിനേഷൻ കമ്മിററിയിൽ കയറാൻ സാദ്ധ്യമല്ലെന്നു പറഞ്ഞവരും ഇവിടെയുണ്ട്. ഞങ്ങൾ നിങ്ങളോടു പറയുകയാണ്, നിങ്ങൾ ഭരിക്കുക, ഞങ്ങൾ പിന്തുണ നൽകാം. ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാടും ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയും, ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായരും ഒരേ മനോഭാവത്തോടുകൂടി നിന്നു ഭരിക്കൂ. ഒരൊററ മന്ത്രിസ്ഥാനവും ഞങ്ങൾക്കു വേണ്ട. ഞങ്ങൾ നിങ്ങൾക്കു പിന്തുണ നൽകാം. 1967-ൽ നിങ്ങൾ ഈ രാജ്യത്തെ ജനലക്ഷങ്ങളോട് ചെയ്ത പ്രതിജ്ഞ നിങ്ങൾ വിസ്മരിക്കരുത്. നിസ്സാരങ്ങളായ കാര്യത്തിന്റെ പേരിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ വളർത്തിയാണ് ഇന്നത്തെ നിലയിൽ എത്തിച്ചേർന്നത്. ശ്രീമാൻ വെല്ലിംഗ്ടന്റെ പേരിൽ ഒരു അന്വേഷണം നടത്തണമെന്നുള്ള പ്രമേയം വന്നപ്പോൾ അന്നത്തെ സഭാനേതാവായിരുന്ന ഗൗരിയമ്മ മുഖ്യമന്ത്രി വന്നാൽ അന്വേഷണം നടത്താൻ തയ്യാറാണ് എന്നു പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. 1967-ൽ ഉടലെടുത്ത ഐക്യമുന്നണി പ്രസ്താനത്തിന്റെ കഴുത്തിൽ കത്തിവെയ്ക്കാൻ കാത്തിരുന്ന കോൺഗ്രസ്സിന്റേയും കേരള കോൺഗ്രസ്സിന്റേയും പക്ഷത്തു ചേർന്നുനിന്നുകൊണ്ട് നിങ്ങൾ വോട്ടുചെയ്യുകയാണ് ചെയ്തത്. 1967-ലെ പ്രതിജ്ഞയെപ്പററി ഓർമ്മിച്ചിരുന്നെങ്കിൽ ആ പ്രമേയം പിൻവലിക്കാനും മുഖ്യമന്ത്രിയുമായി കാര്യങ്ങൾ ചർച്ച ചെയ്യാനും നിങ്ങൾ തയ്യാറാകുമായിരുന്നു. ഈ പ്രശ്നത്തെ നിങ്ങൾ വൈരനിര്യാതനബുദ്ധിയോടുകൂടി കണ്ടു എന്നാണ് എനിക്കു പറയാനുള്ളത്. ഒരുമിച്ചിരുന്ന്, ഒരു മേശയ്ക്കു ചുററുമിരുന്ന്. കഴിഞ്ഞ കാര്യങ്ങളെപററി പറഞ്ഞ് തെററുകൾ തിരുത്തി ഈ രാജ്യത്തെ ജനങ്ങളോട് രണ്ടുകൊല്ലത്തിനുമുമ്പ് ചെയ്ത പ്രതിജ്ഞ പുതുക്കാനും ആ പ്രതിജ്ഞ നിലനിറുത്താനും നിങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, മുഖ്യമന്ത്രിയുടെയും അപ്പുറത്തിരിക്കുന്ന മററു സ്നേഹിതൻമാരുടേയും കഴിഞ്ഞ രണ്ടുമൂന്നു ദിവസത്തെ പ്രസംഗങ്ങൾ ഞാൻ സശ്രദ്ധം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. നിസ്സീമമായ ത്യാഗങ്ങളിൽക്കൂടി ഉയർന്നുവന്ന ഐക്യമുന്നണിയെ കരുതിക്കൂട്ടി കുരുതികൊടുക്കാൻ മാർക്സിസ്ററുപാർട്ടി നിശ്ചയിച്ചിരിക്കുന്നു എന്നാണ് അവരുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയത്. മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസംഗം അദ്ദേഹം ചികിത്സാർത്ഥം ബർലിനിൽ ആയിരുന്നപ്പോൾ വിശ്രമവേളയിൽ തയ്യാറാക്കിയ ഗ്രന്ഥത്തിന്റെ ഭാഗമായിരുന്നു എന്നുള്ളതുതന്നെ അവർ എന്ത് അടവുകളും തന്ത്രങ്ങളുമാണ് പ്രയോഗിക്കാൻ നിശ്ചയിച്ചിരുന്നത് എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിന് തെളിവാണ്. അവരുടെ പ്രസംഗങ്ങളും മററുചില സ്നേഹിതൻമാർ ഉന്നയിച്ച കാര്യങ്ങളുമറിഞ്ഞിട്ട് ആ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന കാര്യത്തെപ്പററി ആലോചിക്കാൻ നിൽക്കാതെ നേരത്തെതന്നെ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി രൂപീകരിച്ചിരുന്ന ഒരു പദ്ധതിയുടെ ഭാഗമെന്നുള്ള നിലയിൽ അദ്ദേഹം നടത്തിയ ഒരു പ്രസ്താവനയായിരുന്നു അത്. അദ്ദേഹം മാർക്സിസ്ററു പാർട്ടിയുടെ തടവുകാരനാണെന്ന് എൻെറ ചില സ്നേഹിതൻമാർ പറഞ്ഞപ്പോൾ അദ്ദേഹത്തിന് അതിൽനിന്ന് ഭിന്നമായ അഭിപ്രായമാണുള്ളത് എന്നുവരുത്തുന്നതിനുവേണ്ടി അദ്ദേഹം ഒരു ശ്രമം നടത്തി. ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. പാർട്ടികൾ തമ്മിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കേണ്ട പ്രശ്നങ്ങൾ നേരത്തേതന്നെ ആ കാര്യങ്ങളെപ്പററി സ്റേററ് കമ്മിററിയോ പോളിററ് ബ്യൂറോയോ എടുക്കുന്ന തീരുമാനം നടപ്പാക്കുന്ന ഒരു തടവുകാരനായിട്ടാണ് മുഖ്യമന്ത്രി കോ-ഓർഡിനേഷൻ കമ്മിററിയിൽ പെരുമാറിയിട്ടുള്ളത് എന്നുള്ളതാണ് സത്യം. മാർക്സിസ്ററുപാർട്ടിയുടെ തടവുകാരനായിരുന്നു എന്നു പറയുമ്പോൾ അതുകൊണ്ടുദ്ദേശിക്കുന്നത് ഇതാണ്. പല സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ വരുമ്പോഴും വിവിധ കക്ഷികളിൽപ്പെട്ട പ്രതിനിധികളുൾക്കൊള്ളുന്ന ഒരു ഏകോപന സമിതിയിലോ അല്ലെങ്കിൽ മറേറതെങ്കിലും സമിതിയിലോ ചർച്ചചെയ്ത് അഭിപ്രായങ്ങളറിഞ്ഞിട്ട് ഒരു തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അപ്പോഴെല്ലാം അദ്ദേഹവും അദ്ദേഹത്തിൻെറ സ്നേഹിതൻമാരും കൂടി തീരുമാനിച്ച കാര്യം വേണമെങ്കിൽ നിങ്ങൾ അംഗീകരിക്കൂ എന്നുപറഞ്ഞ് ഞങ്ങളെ അടിച്ചേൽപിക്കുകയാണു ചെയ്തിട്ടുള്ളത്. ഇതാണ് അദ്ദേഹം മാർക്സിസ്ററു പാർട്ടിയുടെ തടവുകാരൻ എന്നു പറയുന്നതിൻെറ അർത്ഥം. അല്ലാതെ അദ്ദേഹവും മാർക്സിസ്ററുപാർട്ടിയും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളതുകൊണ്ടല്ല. എന്നുമാത്രമല്ല കരുതിക്കൂട്ടി ഈ ഐക്യമുന്നണിയെ പൊളിച്ചിട്ട് ഒരു ഇടക്കാല തിരഞ്ഞെടുപ്പു നടത്തി ഒററയ്ക്ക് ഭൂരിപക്ഷം നേടി ഭരണം നടത്താനുള്ള പ്രവർത്തനത്തിൻെറ പ്രാരംഭവും കിട്ടുന്ന ഏതവസരത്തിലും അതുപയോഗിക്കാനുള്ള പ്രാഗത്ഭ്യവുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈക്കൊണ്ടിട്ടുള്ളത്. സഖാവ് എ. കെ. ജി. യുടെ പ്രസ്താവനയിൽനിന്നും എൻെറ സ്നേഹിതൻ ഗോവിന്ദപ്പിള്ളയുടെ പ്രസ്താവനയിൽനിന്നും ഒരു കാര്യം വളരെ വ്യക്തമാക്കിയിട്ടുണ്ട്. ഒരു തിരഞ്ഞെടുപ്പു വന്നാൽ വമ്പിച്ച ഭൂരിപക്ഷം മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് ഒററയ്ക്ക് കിട്ടുമെന്നുള്ള ബോധ്യമാണ് അവർക്കുള്ളത്. പക്ഷേ അങ്ങനെ ഒററയ്ക്ക് വമ്പിച്ച ഭൂരിപക്ഷം കിട്ടി ഭരിക്കാൻ കഴിയുമെന്നു വിചാരിക്കുന്ന പാർട്ടിക്ക് മററു പാർട്ടികളുമായി ബന്ധപ്പെട്ടു പോകുന്നതിനോ ഐക്യമുന്നണിയിൽ ഒന്നിച്ചു പ്രവർത്തിക്കുന്നതിനോ ഉള്ള താൽപര്യത്തെക്കാൾ മററുപാർട്ടികളെ അന്യപദാർത്ഥങ്ങളാണെന്നു കണക്കാക്കി പുറംതള്ളുന്നതിനുള്ള പ്രവണതയായിരിക്കും കൂടുതലായി ഉണ്ടാവുക. അതാണ് ഇന്ന് സംഭവിച്ചിരിക്കുന്നത്. സഖാവ് ഗൗരിയമ്മ ജനയുഗം പത്രത്തിൻെറ ഏടുകൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ടെന്ന് വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി. ശ്രീമതി ഗൗരിയമ്മ ദേശാഭിമാനി പത്രത്തിൻെറ ഏടുകൾകൂടി കൊണ്ടുവന്നിരുന്നെങ്കിൽ, രണ്ടും കൂടി ഒന്നു പരിശോധിച്ചിരുന്നെങ്കിൽ, എന്നിട്ട് ആര് പറഞ്ഞതാണ് തെറെറന്നു സ്ഥാപിക്കാൻ ശ്രമിച്ചിരുന്നെങ്കിൽ തീർച്ചയായും അതൊരു നല്ല കാര്യമാകുമായിരുന്നു. ഈ നിർദ്ദേശം, മധ്യസ്ഥഭാവേന എന്ന് നമ്പൂതിരിപ്പാട് വിശേഷിപ്പിക്കുന്ന മുസ്ലീംലീഗിൻെറയും ആർ. എസ്. പി.

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

യുടേയും മുമ്പിൽ ഞങ്ങൾ വച്ചതാണ്. ഈ ആരോപണങ്ങൾ ഇതാ നിങ്ങൾക്ക് വിടുന്നു. രണ്ടുകൂട്ടരുടേയും പത്രങ്ങളിലും പ്രസ്താവനകളിലും വച്ച് ആരു തെററുപറഞ്ഞു എന്ന് പരിശോധിച്ചുനോക്കാൻ ഞങ്ങൾ വിട്ടുകൊടുത്തതാണ്. സർ, ഇതൊക്കെ ഈ രാജ്യത്തുള്ള പൊതുജനങ്ങൾ വിസ്മരിച്ചിരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. ഞങ്ങൾ ഐക്യത്തിന്റെ ശത്രുക്കളാണെന്നും ഞങ്ങൾ കരുതിക്കൂട്ടി കോൺഗ്രസ്സിന്റെ കൈകളുടെ കരുക്കളായി പ്രവർത്തിക്കുകയാണെന്നും ഇവിടെ പറയുകയുണ്ടായി. സർ, ഈ മന്ത്രിസഭ രൂപീകരിച്ച് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ എന്റെ പാർട്ടിയുടെ നേതാവായ സഖാവ് ഡാങ്കേയും സി. പി. എം. പാർട്ടിയുടെ നേതാവായ സുന്ദരയ്യയും തിരുവനന്തപുരം പൗരാവലിയുടെ മുമ്പിൽ ഓരോ പ്രസംഗം ചെയ്തിട്ടുണ്ട്. അന്ന് ഞങ്ങളുടെ നേതാവായ ഡാങ്കേ, എന്തെല്ലാം അഭിപ്രായഭിന്നതകളുണ്ടായാലും ഐക്യമുന്നണി ഒന്നായി അവർ അംഗീകരിച്ച പരിപാടിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകണമെന്നും വഴക്കുകളെല്ലാം ചെങ്കോട്ടക്ക് അപ്പുറത്ത് നടക്കണമെന്നുമായിരുന്നു ആഹ്വാനം ചെയ്തത്. അതേയവസരത്തിൽ സഖാവ് സുന്ദരയ്യയുടെ ആഹ്വാനം മറിച്ചായിരുന്നു. അതെപ്പററി ഇവിടെ പലരും പരാമർശിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. സർ, ബംഗാളിലെ ഇടക്കാല തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഐക്യമുന്നണിയുടെ വിജയത്തിൽ ആവേശം കൊണ്ട ഇടതുപക്ഷപ്പാർട്ടി ഈ ഐക്യമുന്നണിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും, ഐക്യമുന്നണിപാർട്ടികൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ചില നിർദ്ദേശങ്ങൾവച്ചു. അപ്പോൾ ഞങ്ങൾ പറഞ്ഞു ഇൻഡ്യയിലെ പുതിയ രാഷ്ട്രീയസാഹചര്യങ്ങളിൽ ഐക്യമുന്നണിപ്രസ്ഥാനം ഒരു ചരിത്രപരമായ ഒരാവശ്യമായിത്തീർന്നിരിക്കുന്ന ഈ ഘട്ടത്തിൽ നമുക്കിരുവർക്കും കൂടുതൽ യോജിക്കുന്നതിനുള്ള നടപടിയെടുത്ത് ഇൻഡ്യൻ പാർലമെൻറിൽ ഇരുകൂട്ടരുടേയും അംഗങ്ങൾ ഒററ ബ്ലോക്കായി പ്രവർത്തിച്ച് ഇടതുപക്ഷ പാർട്ടികളിലെ അംഗങ്ങളെ അതിലേക്കാകർഷിച്ച് ഇൻഡ്യയിലെ പ്രധാന പ്രതിപക്ഷം ഇന്ന് പിൻതിരിപ്പൻ പാർട്ടികൾ എടുത്തിരിക്കുന്ന സ്ഥാനംമാററി നമുക്ക് അവിടെ പ്രവർത്തിക്കാമെന്ന്. അപ്പോൾ ഇവർ അതിനെ പുച്ഛത്തോടുകൂടി തള്ളുകയാണു ചെയ്തത്. അതുപോലെതന്നെ ബംഗാൾ തിരഞ്ഞെടുപ്പ് വിജയത്തിലേക്ക് നയിച്ച വസ്തുതകൾ വിസ്മരിച്ചുകൊണ്ട് അവർക്ക് കിട്ടിയ സീററിന്റെ എണ്ണംകൊണ്ടും അവരുടെ സ്വാധീനശക്തിയെപ്പററിയുള്ള അമിതമായ വിശ്വാസംകൊണ്ടും ഇനിയും മററാരും വേണ്ട എന്ന ചിന്താഗതിയാണ് അവർക്കുള്ളത്. അതിന്റെ പ്രത്യക്ഷമായ ലക്ഷണങ്ങളാണ് ഇന്ന് ബംഗാളിൽ നടക്കുന്നത്. സർ, ഇവിടെ ഞങ്ങളൊക്കെ കോൺഗ്രസ്സിന്റെ വാലായി. ആർ. എസ്. പി. മുതലായ പാർട്ടികൾ അവസരവാദികളുമായി. മുസ്ലീംലീഗ് പിന്തിരിപ്പൻമാരായി. സർ, ഞങ്ങളൊക്കെയായിരുന്നു അവരുടെ മിത്രങ്ങൾ. ഇപ്പോൾ ഞങ്ങളെയെല്ലാം മോശക്കാരായി തള്ളപ്പെട്ടിരിക്കുകയാണ്. എസ്. എസ്. പി. അധികം ദിവസമൊന്നും അവരുടെകൂടെയിരിക്കുന്ന ലക്ഷണമല്ല അഖിലേന്ത്യാതലത്തിൽ കാണുന്നത്. ഇരിക്കട്ടെ. ഇനി ഞങ്ങളെല്ലാം മോശക്കാരാണ്. ഫാർവേഡ് ബ്ലോക്ക് മോശം! തിരഞ്ഞെടുപ്പിലെ വിജയത്തിന്റെ

[11 a.m.]

ലഹരികൊണ്ട് ഓരോ പാർട്ടിയെ ആയി കശാപ്പുചെയ്യുന്നതിനാണ് നിർഭാഗ്യവശാൽ മാക്സിസ്ററുപാർട്ടി തുടങ്ങിയത്. അതുകൊണ്ടാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിതനായ അബുവിന്റെ പാർട്ടിയിൽപ്പെട്ട പത്തുപേർക്കു ജീവൻ ബലികഴിക്കേണ്ടിവന്നത്. ഞങ്ങളുടെ പാർട്ടിക്കാർ എത്രപേർക്ക് മരിക്കേണ്ടിവരുമെന്ന് എനിക്കറിഞ്ഞുകൂടാ: ഫാർവേഡ് ബ്ലോക്ക് മോശം, സി. പി. ഐ. മോശം, സോഷ്യലിസ്റ്റുപാർട്ടി മോശം. ആർ. എസ്. പി. മോശം. ബംഗ്ലാ കാൺഗ്രസ്സും മോശംതന്നെ. എല്ലാ പാർട്ടികളും മോശം! വിപ്ലവവീര്യംപോരാ എന്നു പറഞ്ഞുകൊണ്ട് ശുദ്ധീകരിക്കാൻ പുറപ്പെട്ട് നിങ്ങൾ കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലാത്ത സ്ഥാനത്ത് എത്തിയിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞ്: ഞാനില്ലെന്നാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ആ കുഞ്ഞിനെപ്പററിയല്ല. മററു പാർട്ടികൾക്ക് ഈ മാററം മനസ്സിലായില്ലെന്നുവരാം.

ഈ നയത്തിന്റെ ഉറവിടവും, ഈ നയത്തിന്റെ ഫലമായി കമ്മ്യൂണിസ്റ്റുപ്രസ്ഥാനവും തൊഴിലാളിവർഗ്ഗവും കൊടുക്കേണ്ടിവന്ന വലിയ വിലയും ഒരു കമ്മ്യൂണിസ്റ്റുകാരനെന്ന നിലയിൽ അറിയാവുന്ന ഒരുത്തനാണ് ഞാൻ. തൊഴിലാളിവർഗ്ഗത്തെ വിപ്ലവവീര്യത്തിന്റെ പേരു പറഞ്ഞ് ഒററപ്പെടുത്തി നിഷ്പ്രഭരാക്കുന്ന നയം മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഇന്നിരിക്കുന്നവർ എന്നേ തുടർന്നിരുന്നതാണ്. ദേശം സ്വാതന്ത്ര്യസമരത്തിൽ നിൽക്കുമ്പോൾ നെഹ്റുവും ബോസും ആണ് പ്രധാനശത്രുക്കളെന്നു കണ്ടിരുന്നയാളുകൾക്ക് 1940 കാലഘട്ടത്തിൽ തൊഴിലാളികൾ സാമ്രാജ്യവിരുദ്ധ സമരം നടത്തിയപ്പോൾ അതിനോടൊത്തുനിൽക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിൽ ആർക്കെങ്കിലും സംശയമുണ്ടോ? അവിടെനിന്നു തുടങ്ങിയതാണ് ആ തെററ്. അവിടെ നിന്നു തുടങ്ങി 1948-ൽ ഇവിടെ അഴിച്ചുവിട്ട സമരം ഭാരതത്തിലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ സഹായിക്കാനായിരുന്നോ? ഇൻഡ്യയുടെ ചരിത്രത്തിൽ കഴിഞ്ഞ ഇരുപതു കൊല്ലമായി കോൺഗ്രസ്സിന്റെ ഭരണത്തിൽ വളർന്നുവന്ന സാമ്പത്തികവശത്തെ വൈരുദ്ധ്യങ്ങൾ ജനങ്ങളെ രണ്ടു ചേരിയായി മാറിനിൽക്കാൻ നിർബന്ധിതരാക്കുന്ന ഒരു സാഹചര്യത്തിൽ, ഒന്നിച്ചിരിക്കേണ്ട ശക്തികളെയെല്ലാം കൊല്ലാക്കൊല ചെയ്യുന്നതിനുള്ള നിങ്ങളുടെ നീക്കം എന്റെ സുഹൃത്ത് ശ്രീ. ഇ. എം. ജോർജ്ജ് ആഗ്രഹിച്ചതുപോലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ മുന്നോട്ടു കൊണ്ടുപോകുകയെന്ന ചരിത്രപരമായ കടമ നിർവഹിക്കാൻ സഹായിക്കുന്ന ഒന്നാണോ എന്ന് അവധാനപൂർവം ആലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇങ്ങനെ നമ്മുടെ വർഗ്ഗത്തെ ഒററപ്പെടുത്തി നശിപ്പിക്കാൻ അവസരം കൊടുക്കുന്ന, അല്ലെങ്കിൽ അവരോട് നിർവഹിക്കേണ്ട കടമ നിർവഹിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുന്ന തെററായ രാഷ്ട്രീയസമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. ഐക്യമുന്നണിയെന്ന പ്രസ്ഥാനം വളരണമെങ്കിൽ, ഭിന്നാഭിപ്രായമുള്ള രാഷ്ട്രീയ പാർട്ടികൾ ഒന്നിച്ചു തുടരണമെങ്കിൽ അതിന് അടിസ്ഥാനമായി നിൽക്കേണ്ടത് യോജിക്കാൻ കഴിയുന്ന മിനിമം പരിപാടിയാണ്. പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ചു നിന്നു പ്രവർത്തിക്കാൻ കഴിയുമോ എന്നുള്ളതാണ് പ്രശ്നം. പാർട്ടി പ്രശ്നമായിരുന്നില്ല. സഖാവ് ഡാങ്കേ കോഴിക്കോട്ടു പ്രസംഗിച്ച അവസരത്തിൽ മുസ്ലീംലീഗിനോടു ചോദിച്ചു നിങ്ങൾ പരിപാടിയുടെ അടിസ്ഥാനത്തിൽ വരാൻ തയ്യാറുണ്ടോ എന്ന്. അന്നു പരിപാടിയുണ്ടായിരുന്നില്ല, ഇന്നു പരിപാടിയുണ്ട്. ആ പരിപാടിമുഖേന വിവിധ രാഷ്ട്രീയാഭിപ്രായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

മുള്ള പാർട്ടികളെ ഏകോപിപ്പിച്ച് കൊണ്ടുപോകാൻ കഴിയും. അങ്ങനെ വിവിധ അഭിപ്രായക്കാരെ ഏകോപിപ്പിച്ച് ഐക്യമുന്നണിയുണ്ടാക്കിയപ്പോൾ രണ്ടിടവേ ലണ്ടനിൽവച്ചു പറഞ്ഞു കേരളത്തിലെയും ബംഗാളിലെയും ഐക്യമുന്നണി ഗവൺമെൻറുകളുടെ ലക്ഷ്യം ജനങ്ങൾക്ക് ആശ്വാസം നൽകുകയല്ല അസംതൃപ്തി വളർത്തുകയാണ് എന്ന്; അതുകൊണ്ട്, ആശ്വാസപ്രദമായ നടപടികളിലേക്കോ ലക്ഷ്യങ്ങളിലേക്കോ നീങ്ങുന്നതിന് തങ്ങൾ എതിരാണ് എന്ന്. പിന്നീട് ബഹുമാനപ്പെട്ട എ. കെ. ജി. യും മുഖ്യമന്ത്രിയും വ്യാഖ്യാനങ്ങൾ നടത്തി. സർ, ഭരണഘടന മാററണമോ വേണ്ടയോ എന്നുള്ളതല്ല ഇവിടെ പ്രശ്നം. ഇന്നത്തെ ഭരണഘടന മാററാതെ മൗലികമായ മാററങ്ങൾ വരുത്താൻ കഴിയുകയില്ലെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഈ ഭരണഘടനയ്ക്കകത്തു നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതിനുള്ള കഴിവില്ലായ്മയ്ക്കു മറയായി ഭരണഘടനയെ എടുത്തുപിടിക്കരുത് എന്നേ എനിക്കു പറയാനുള്ളു. തെററായ നയങ്ങൾകൊണ്ട് ഒന്നും ചെയ്യാൻകഴിയുകയില്ല. ഇപ്പോഴത്തെ അവസ്ഥ ഉപയോഗിച്ച് കുഴപ്പമുണ്ടാക്കാമെന്നുള്ള മാർക്സിസ്ററുപാർട്ടിയുടെ സമീപനമാണ് ഈ സ്ഥിതിയിലെത്തിച്ചത്. ബംഗാളിലെ തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ മുഖ്യമന്ത്രി ഇവിടെവന്ന് യാതൊരു ലോഹ്യവുമില്ലാതെ പ്രഖ്യാപിച്ചത് എന്താണ്. ഐക്യമുന്നണിയിലെ സൂക്ഷിക്കേണ്ട രണ്ടു കക്ഷികളാണ് കമ്മ്യൂണിസ്ററുപാർട്ടി ഓഫ് ഇൻഡ്യയും ഐ. എസ്. പി. യും എന്നാണ്. ആ പ്രഖ്യാപനമാണ് ആദ്യമുണ്ടായത്. ഈ ഗവൺമെൻറിൽ നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാതെ ഈ മാതിരിയുള്ള നിഷേധാത്മകമായ നയം സ്വീകരിച്ചതിൻെറ ഫലമായിട്ടാണ്, സ്വന്തം ശക്തിയെപ്പററി അമിതമായ വിശ്വാസം പുലർത്തുകയും ഒററയ്ക്കു കാര്യം നേടിക്കളയാമെന്നുള്ള സമീപനത്തിൻെറ ഫലമായിട്ടാണ്, ഐക്യമുന്നണിപ്രസ്ഥാനം തകർന്നത്. ആ സമീപനമാണ് ഐക്യമുന്നണി പ്രസ്ഥാനത്തെ നശിപ്പിച്ചത്.

എൻെറ ബഹുമാന്യസുഹൃത്തു സഖാവ് ഗൗരിയമ്മ ഇവിടെ ചില കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. ആ കഥ ഞാൻ ഇവിടെ ആവർത്തിക്കാൻ ഉദ്ദേശിച്ചതല്ല. എങ്കിലും പറയുകയാണ്, ഇന്ന് ആരെങ്കിലും നിഷ്പക്ഷമായി ഇവിടത്തെ ഫയലുകൾ നോക്കുമെങ്കിൽ മനസ്സിലാകും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തൻെറ പാർട്ടിയിൽപ്പെട്ട മന്ത്രിയാണ്, അതുകൊണ്ട് അവർ പറയുന്നതാണു ശരി എന്നു അംഗീകരിക്കാതിരുന്നെങ്കിൽ വളരെ വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷം ഭരണകാര്യങ്ങളിൽ ഉണ്ടാകുമായിരുന്നു എന്ന്. ഞാൻ ബഹുമാനപ്പെട്ട സഭയെ ഓർമ്മിപ്പിക്കുകയാണ്, ഒരു സന്ദർഭത്തിൽ ഇവരുടെ തടസ്സപ്പെടുത്തൽനയം ഡിപ്പാർട്ടുമെൻറു പ്രവർത്തനങ്ങളെ വിഘാതപ്പെടുത്തുന്നുവെന്നു വന്നപ്പോൾ ഞാനും എൻെറ സുഹൃത്ത് സഖാവ് ടി. വി. യും ഞങ്ങളുടെ വിഷമതകൾ വിവരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഓരോ കത്തു കൊടുത്തു. അതിനുള്ള മറുപടി സുന്ദരയ്യയുടെ പത്രസമ്മേളനത്തിലാണ് ഞങ്ങൾ കേട്ടത്. അതിനുശേഷം ഞങ്ങളുടെ കത്തുകൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞശേഷം ശ്രീ. നമ്പൂതിരിപ്പാട് മറുപടി തന്നു. ആ മറുപടിയിലെ അദ്ദേഹത്തിൻെറ ധിക്കാരസ്വരത്തെപ്പററിയൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹം ആ മറുപടിയിൽ ആയിരത്തിത്തൊള്ളായിരത്തി അറുപത്തഞ്ച് ഞങ്ങളെ ഓർമ്മിപ്പിക്കുകയായിരുന്നു ചെയ്തത്. 1965-ൽ ഞങ്ങളും ആർ. എസ്. പി. യും ഒന്നിച്ചുനിന്നു; തോററു. ആദ്യമാണോ തോൽക്കുന്നത്? ഇതിനെപ്പററി ഇത്രയേറെ ആവർത്തിച്ചാവർത്തിച്ചു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒന്നു ചോദിക്കുകയാണ്: 1965-ൽ ശ്രീ നമ്പൂതിരിപ്പാടിന്റെ മുഖ്യമന്ത്രിപദത്തിലുള്ള മന്ത്രിസഭയാണോ രൂപീകരിക്കപ്പെട്ടത്? ഐക്യമുന്നണിയില്ലാത്തതിന്റെ ഫലം നിങ്ങൾ ഓർമ്മിപ്പിച്ചത് ഞാനും ഓർമ്മിപ്പിക്കുകയാണ്. അസംബ്ലിയുണ്ടായിരുന്നോ? നിങ്ങൾ മൽസരിച്ചുനിന്നാൽ അതുകൊണ്ടുള്ള പ്രയോജനം ഈ രാജ്യത്തെ പിൻതിരിപ്പൻ ശക്തികൾക്കായിരിക്കുമെന്നുള്ളതിന്റെ ഏററവും വലിയ ഉദാഹരണം നിങ്ങൾ ബംഗാളിൽനിന്ന് ഇങ്ങോട്ടുവരുമ്പോൾ ആന്ധ്രയിലേക്ക് ഒന്നു നോക്കിയിട്ടു പോരാമായിരുന്നില്ലേ? പരസ്പരം മൽസരിച്ചിട്ട് ഒടുവിൽ ആരു ജയിച്ചു? കോൺഗ്രസ്സ് ജയിച്ചു. ബോംബെയിൽ ആരു ജയിച്ചു? കോൺഗ്രസ്സ് ജയിച്ചു. അങ്ങനെ കിടമൽസരം നടത്തുന്നതിന്റെ ഫലമായി കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുന്ന തെററായ പ്രവണതയാണ് ഇന്നത്തെ രാഷ്ട്രീയപ്രതിസന്ധിക്കുകാരണം. അത് മാർക്സിസ്ററുപാർട്ടി മാററുക എന്നുള്ളതല്ലാതെ മാർഗ്ഗമില്ല.

ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ നിറുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തനിക്കെതിരായി അവിശ്വാസം കൊണ്ടുവരണമെന്ന പല്ലവി പാടിക്കൊണ്ടിരിക്കുകയാണ്. അതിനിടയ്ക്ക് ഇന്നലെ സ്വരം മാററിവച്ചു. ''ഞാൻ പറയുന്നതിനെതിരായി ഇവിടെ ഭൂരിപക്ഷം തീരുമാനിച്ചാൽ അപ്പോൾ ഞാൻ പോകു''മെന്നാണ് പറയുന്നത്. സഭാനടപടിക്രമമനുസരിച്ച് 'അവിശ്വാസപ്രമേയം' ഉണ്ട്. ''എന്തെങ്കിലും മോഷൻ, എന്തെങ്കിലും കാര്യത്തിൽ എന്റെ അഭിപ്രായത്തിനെതിരായാൽ ഞാൻ അപ്പോൾ പൊയ്ക്കളയു''മെന്നുള്ള മനോഭാവം ജനാധിപത്യപരമാണോ എന്നാലോചിക്കണം. അതുകൊണ്ട് എനിക്കു നൽകാനുള്ള നിർദ്ദേശം, അഴിമതിയാരോപണകാര്യത്തിൽ നീതി പുലർത്തണമെന്നു ശ്രീ. നമ്പൂതിരിപ്പാട് ആഗ്രഹിക്കുന്നുവെങ്കിൽ, ഇന്ന് അഴിമതിയാരോപണത്തിനു വിധേയരായ എല്ലാമന്ത്രിമാരേയും ഒരേ ത്രാസിൽ തൂക്കണമെന്നാണ്. അതു പരിശോധിക്കാൻ സമയം വേണമെങ്കിൽ സമയമെടുക്കണം (ഇന്ന് അതിന് ഏർപ്പാടില്ലല്ലോ). അതല്ലാതെ, പൊട്ടക്കണ്ണിവല്യമ്മ അപ്പം ചുട്ടത് എല്ലാം ചെറുതായിപ്പോയി എന്നു പറഞ്ഞതുപോലെ, അഴിമതിക്കാരായി അദ്ദേഹം കണ്ടവരെല്ലാം അദ്ദേഹത്തിന്റെ രാഷ്ട്രീയവുമായി യോജിക്കാത്തവരായിപ്പോയി എന്നു വരുന്നതു ശരിയല്ല. ഈ പ്രശ്നം ഒഴിവാക്കാൻ, അഴിമതിയാരോപണത്തിനു വിധേയരായവരെയെല്ലാം ഒരേ രീതിയിൽ അന്വേഷണത്തിനു വിധേയരാക്കുകയും മററു കാര്യങ്ങൾ പറഞ്ഞു തീർക്കുന്നതിനു സന്നദ്ധമാകുകയും ചെയ്താൽ കാര്യംതീർന്നു. അതിനുപകരം രാജിയും ഉടൻ തിരഞ്ഞെടുപ്പും എന്നതിലേക്കാണ് പോകുന്നതെങ്കിൽ ...... കാണാം; ഗൗരിയമ്മയുടെ വാശിയും വൈരാഗ്യവും വീറും ഒന്നുമില്ലെങ്കിലും, കാണാം.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, ആദ്യമായിട്ട് ഞാൻ സംസാരം തുടങ്ങുന്നതിനു മുമ്പ് ഒരു കാര്യം എനിക്കു വ്യക്തമാക്കേണ്ടതുണ്ട്. അതായത് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട പല മെമ്പർമാരും വസ്തുതകൾക്ക് നിരക്കാത്ത പല പരാമർശങ്ങളും നടത്തിയിട്ടുണ്ട്, ഞങ്ങളിൽ ചിലർ ആ തരത്തിലുള്ള പരാമർശങ്ങൾ നടത്തിയെന്നു തോന്നിയ അവസരത്തിൽ അപ്പുറത്തുള്ള പലരും പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുവെങ്കിലും അപ്പുറത്തുനിന്നു അത്തരത്തിലുള്ള പരാമർശങ്ങൾ വന്നപ്പോൾ ഞാൻ എഴുനേൽക്കുകയുണ്ടായില്ല. അതുകൊണ്ട് ആ ഭാഗത്തു നിന്നു പറഞ്ഞിട്ടുള്ളതെല്ലാം വസ്തുതകളായിട്ടു അംഗീകരിക്കുന്നുവെന്നുള്ള ധാരണ ഉണ്ടാകാൻ പാടില്ല. അവർ പറഞ്ഞ പലതിനെപ്പ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ററിയും എനിക്കു പറയുവാനുണ്ട്. ഇവിടെയിപ്പോൾ ഞാൻ എന്തെല്ലാം ആണ് ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ഈ മോഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട മജീദ് മുതൽ അവസാനം സംസാരിച്ച ശ്രീ. ഗോവിന്ദൻ നായർ വരെ പലരും പലതും പറഞ്ഞിട്ടുണ്ട്. അവയെ സംബന്ധിച്ച് ഞാൻ അവസാനം പറയാം.

ഈ ഐക്യമുന്നണി തകരുന്നത് നാട്ടിന് ആപത്താണെന്ന് ബഹുമാനപ്പെട്ട കരുണാകരന്റെയും ജോർജ്ജിന്റെയും പാർട്ടികൾ ഒഴിച്ച് ബാക്കിയെല്ലാവരും പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞതിൽ എത്രത്തോളം ആത്മാർത്ഥതയുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. അതോടൊപ്പം പരസ്പരം ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. എന്റെ പാർട്ടിയുടെ പോളിററ്ബ്യൂറോ ഇത് തകിടം മറിക്കുന്നതിനുവേണ്ടി കരുതികൂട്ടിയുള്ള ഒരു പ്ലാൻ ആസൂത്രണം ചെയ്തുവെന്ന് ചിലരും, അതിന്റെ മുമ്പിൽ ഞാൻ നിസ്സഹായനാണ് എന്ന് വേറെ ചിലരും, ഇതെല്ലാം ആസൂത്രണം ചെയ്തത് ഞാനാണെന്ന് ഒരു കൂട്ടരും അഭിപ്രായപ്പെടുന്നുണ്ട്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു സത്യം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ ആണ് ഈ ഐക്യമുന്നണിയെപ്പററി വളരെയേറെ വാദകോലാഹലങ്ങൾ തുടങ്ങി വച്ചത്. അതിന്റെ ഉള്ളിൽ എന്താണ് ചരിത്രമെന്നതിലേക്ക് ഞാൻ കടക്കുന്നില്ല. അതും ഈ അഴിമതി ആരോപണപ്രശ്നങ്ങളുമായിട്ട് ബന്ധം ഉണ്ട്. നിർഭാഗ്യവശാൽ നിർഭാഗ്യവാനായ എനിക്ക് ഒരു ചുമതല നിർവഹിക്കേണ്ടിവന്നു. ഈ സഭയിൽ വന്ന ചില ആരോപണങ്ങളെ സംബന്ധിച്ച്, ബഹുമാനപ്പെട്ട ടി. വി. തോമസിന്റെ ഭാഷയിൽ പറഞ്ഞാൽ 'ലാ കോളേജ് കണ്ടിട്ടില്ലാത്ത' എന്റെ എളിയ ബുദ്ധിയിൽ കാണാൻ കഴിഞ്ഞിടത്തോളമുള്ള സത്യങ്ങൾ പരിശോധിച്ച് പ്രഥമ ദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിക്കേണ്ട ചുമതല എനിക്കു വന്നു. അതു ഞാൻ ഇവിടെ പറയുകയും ചെയ്തിട്ടുണ്ട്. അവിടം മുതൽക്കാണ് ഈ സംഭവങ്ങൾ തുടങ്ങിയത്. അവിടംമുതൽക്കാണ് ഇത് ആരംഭിക്കാൻ തുടങ്ങിയത് എന്നുള്ളതിന്, അവസാനമായി ഈയിടെ ഈ നാലു പാർട്ടികളുടെ പ്രതിനിധികൾ കൂടി പുറപ്പെടുവിച്ച സംയുക്ത പ്രസ്താവന തെളിവാണ്. ബഹുമാനപ്പെട്ട ശേഷനോടും മററും ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഔപചാരികമായിട്ടല്ലെങ്കിലും ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ഒരിക്കൽ എന്നോട് സംസാരിക്കുകയുണ്ടായി. ആ സമയത്ത് ഞാൻ അദ്ദേഹത്തോട് പറഞ്ഞു ഞാൻ തെളിവുകൾ മുഴുവൻ പരിശോധിച്ചിട്ടില്ല പരിശോധിച്ചിടത്തോളമുള്ള തെളിവുകളുടെ സ്ഥിതി നോക്കുമ്പോൾ ഇന്നവിധത്തിലാണ് എന്ന്. ഇങ്ങനെ സൂചിപ്പിച്ച ദിവസം മുതൽക്കാണ് പി. എസ്. പി. തിരിഞ്ഞു കുത്താൻ തുടങ്ങിയത്. അന്നു തുടങ്ങിയതാണ് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി എന്റെയും എന്റെ പാർട്ടിയുടെയും മേലുള്ള കുരിശുയുദ്ധം. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻ നായരുടെയും പരാമർശവിഷയമായിട്ടുള്ള രണ്ടു മന്ത്രിമാരുടെയും കത്തുകൾ എനിക്കു കിട്ടുന്നത്. ആ കത്തുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും മററു ചില സംഗതികളും ചേർന്ന അന്ത്യശാസനത്തെയാണ് 90-ാം ദിവസ ഭീഷണി എന്നു ഞങ്ങൾ പറയുന്നതും അതല്ലെന്ന് അവർ വാദിക്കുന്നതും. അതിൽ അവർ വ്യക്തമായിട്ടു പറയുന്നുണ്ട്, ഇന്നയിന്ന കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ഞങ്ങൾ മന്ത്രിസഭയിൽനിന്നു രാജിവച്ചുകളയുമെന്ന്. എന്റെ പാർട്ടിയിൽപ്പെട്ട മന്ത്രിമാരോട് ഞാൻ പക്ഷപാതം കാണിച്ചിരുന്നില്ലെങ്കിൽ അതു സംബന്ധിച്ച് വേറെ തീരുമാനത്തിൽ എത്തുമായിരുന്നു എന്നും ബഹുമാനപ്പെട്ട

ഗോവിന്ദൻ നായർ പറയുകയുണ്ടായി. സർ, ഞാൻ ചില കാര്യങ്ങൾ പറയാം. അവർ ഉന്നയിച്ച 13 പോയിൻറുകളിൽ ഒന്ന് എന്താണെന്നറിയാമോ? കൃഷി ഡിപ്പാർട്ടുമെൻറിൽപ്പെട്ട നടപടിക്കു വിധേയനായ ഒരു ഉദ്യോഗസ്ഥൻ കൃഷിവകുപ്പുമന്ത്രിയ്ക്കെതിരായി ഒരു പ്രസ്താവനയിറക്കി. ആ പ്രസ്താവന ഇറക്കിയതിന് ആ ഉദ്യോഗസ്ഥൻെറ പേരിൽ നടപടിയെടുക്കേണ്ടത് വാസ്തവത്തിൽ കൃഷിവകുപ്പുമന്ത്രിയാണ്. ആ പ്രസ്താവന കണ്ടയുടനേ ഞാൻ അത് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആ ഉദ്യോഗസ്ഥൻെറ പേരിൽ നടപടിയെടുക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു. അതനുസരിച്ച് ചീഫ്സെക്രട്ടറി നടപടിയെടുക്കാൻ തുടങ്ങുകയും ചെയ്തു. സർ, ഞാൻ ഇതെല്ലാം വെറുതേ പറയുന്നതല്ല. എല്ലാം ഫയലിലുണ്ട്. ചീഫ്സെക്രട്ടറി നടപടിയെടുക്കാൻ തുടങ്ങിയതിൻെറ ഫലമായിട്ടാണ് ഈ ഫയൽ കൃഷിവകുപ്പുമന്ത്രിയുടെ അടുത്തെത്തിയത്. വസ്തുതകൾ ഇതായിരിക്കേ ഞാൻ മുൻകൈ എടുത്തു നടപടിയെടുത്തില്ലെന്ന് അദ്ദേഹവും അദ്ദേഹത്തിൻെറ പാർട്ടിയും പറയുന്നതു ശരിയാണോ? ഇത്തരത്തിൽ വസ്തുതകൾക്കു നിരക്കാത്ത കാര്യങ്ങളാണ് അവരുടെ 13 പോയിൻറുകൾ. ഞങ്ങൾ മുഴുവൻ അഴിമതിക്കാരാണെന്ന ആരോപണം വന്നു. ബഹുമാനപ്പെട്ട മൊയ്തീൻകുട്ടി ഹാജിയും ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയയും ബഹുമാനപ്പെട്ട എ. കെ. ഗോപാലൻ ബഹുമാനപ്പെട്ട ബാഫക്കി തങ്ങൾക്കെതിരായി ചെയ്ത പരാമർശത്തെപ്പററി പറഞ്ഞു. അത് അവരെ ഖേദിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തു എന്ന് എനിക്കു മനസ്സിലാകും. അതിൽ ഞാനവരോട് യോജിക്കുന്നു. എന്നാൽ ഞങ്ങൾക്കെതിരായി നിങ്ങൾ ദിവസേന പത്ര പംക്തികളിൽ പ്രസംഗ മണ്ഡപങ്ങളിൽ, എല്ലാം ഞങ്ങൾ മുഴുവൻ അഴിമതിക്കാരാണ്, ഓരോ മന്ത്രിയും അഴിമതിക്കാരനാണ് എന്നെല്ലാമുള്ള ആക്ഷേപങ്ങൾ പറഞ്ഞു പരത്തിയ സന്ദർഭത്തിൽ—രേഖകൾ പരിശോധിച്ചാൽ വസ്തുതകൾക്കു നിരക്കാത്ത ആരോപണങ്ങൾ പരസ്യമായി ഞങ്ങൾക്കെതിരായി പ്രഖ്യാപിച്ച സന്ദർഭത്തിൽ—ഞങ്ങൾക്കും ചിലതു പറയേണ്ടിവന്നു. ഇങ്ങനെയുള്ള ആരോപണ പ്രത്യാരോപണങ്ങളും ഖണ്ഡനമണ്ഡനങ്ങളുമൊക്കെ ഉണ്ടായില്ലേ ? ഇതെല്ലാം ഐക്യമുന്നണിയുടെ ഐക്യവും ഐക്യമുന്നണിയിൽ ജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസവും നശിപ്പിക്കാനല്ലേ സഹായകമാകുകയുള്ളു? ഇങ്ങനെയിരിക്കുമ്പോഴാണ് ഐക്യമുന്നണി നശിക്കുമെന്നുള്ള ഭയംകൊണ്ട് ഇത്രയേറെ ആക്ഷേപവിധേയരായിട്ടുള്ള സുന്ദരയ്യയും എ. കെ. ജി. യും കേരളത്തിൽവന്ന് പ്രസ്താവന പുറപ്പെടുവിച്ചത്. അതിൽ അവർ പറഞ്ഞത് "ഇത് ഐക്യമുന്നണിക്ക് നിരക്കുന്നതല്ല, ഐക്യമുന്നണിയെ രക്ഷിക്കുന്നതിനു പററിയ മാർഗ്ഗമല്ല, അതുകൊണ്ട് ഈ പരസ്പര ആരോപണപ്രത്യാരോപണങ്ങൾ നിറുത്തിവയ്ക്കണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ അതു ചെയ്യാൻ തയ്യാറാണ്. ഇൻഡ്യൻകമ്മ്യൂണിസ്ററ് പാട്ടി അതുചെയ്യണം. ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടി അതു ചെയ്യാൻ ഐക്യമുന്നണിയിലെ മററു ഘടകകക്ഷികൾ അവരെ ഉപദേശിക്കണം " എന്നാണ്. 'ഞങ്ങൾ ഐക്യമുന്നണിയെ തകർക്കുന്നവരാണെ'ന്നാണ് ബഹുമാനപ്പെട്ട ഗോവിന്ദൻ നായർ പ്രസംഗിച്ചതു കേട്ടപ്പോൾ ഞാൻ മനസ്സിലാക്കിയത്. സർ, ഞങ്ങളൊക്കെ ജനിച്ച കാലം മുതൽ എതിരാണെന്നാണോ ഇതിനർത്ഥം? 1940 മുതൽക്കുള്ള കഥയൊക്കെ ബഹുമാനപ്പെട്ട ഗേവിന്ദൻ നായർ ഇവിടെ പറയുകയുണ്ടായി. നെഹ്രുവിനേയും ബോസിനേയും എതിർക്കലാണ് ഞങ്ങളുടെ ജോലിയെന്ന് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

അതു സംബന്ധിച്ച അദ്ദേഹത്തിന്റെ നയം എന്തായിരുന്നു എന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും ഇന്നത്തെ നയങ്ങളോട് ഞങ്ങൾ എതിരാണ്. കമ്മ്യൂണിസ്റ്റു പാർട്ടി ഒന്നായിരുന്നപ്പോഴുള്ള കാര്യമാണ് ഇതൊക്കെ. ആ വിശ്വാസം അദ്ദേഹത്തിനും വേറെ വിശ്വാസം എനിക്കും ഉണ്ട്. എല്ലാം കുരുക്ഷേത്രത്തിൽവച്ചു കാണാമെന്നല്ലേ അവർ പറയുന്നത്, അതിന് ഞങ്ങളും കാണും. ബഹുമാനപ്പെട്ട ടി. കെ. ദിവാകരൻ പറഞ്ഞ അർത്ഥത്തിൽത്തന്നെ ഞങ്ങൾ അതിനെ കാണുന്നു. ഇടക്കാലതിരഞ്ഞെടുപ്പൊന്നും ഉണ്ടാകാതെ 1972 വരെ തുടരാമെന്നല്ലേ അവർ പറഞ്ഞിരുന്നത്? എന്നിട്ടിപ്പോഴെന്താണ് പറയുന്നത്? ഒക്ടോബർ 17–ാം തീയതി ഞാൻ ചെയ്ത പ്രസ്താവനയെപ്പററി ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻ നായർക്കു പറയാനുള്ളതു വേറൊന്നാണ്. ബഹുമാനപ്പെട്ട ടി. കെ. ദിവാകരൻ പറയുന്നത് പാടങ്ങളിലും വ്യവസായശാലകളിലുംവച്ചു കാണാമെന്നാണ്. മുഷ്ടിയുദ്ധമല്ല, ആശയഗതികൾ തമ്മിലുള്ള സമരമായിരിക്കും അത്. ഇത്ര വളരെ അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടും, ഇത്തരത്തിലുള്ള ആക്രമണ പ്രത്യാക്രമണങ്ങൾ നടത്താതെ, അതു നിറുത്തിവച്ചിട്ട് കൂടിയാലോചനയുടെ മാർഗ്ഗത്തിലേക്ക് തിരിച്ചു വന്നാൽ പരിഹാരമുണ്ടാകുമെന്ന് പറഞ്ഞിരുന്നു. Before we reach a point of no return. ഇതു മററാരും പറഞ്ഞതല്ല. ഇത്രയേറെ ആക്ഷേപങ്ങൾക്ക് വിധേയരായ സഖാക്കൾ സുന്ദരയ്യയും, എ. കെ. ഗോപാലനും പറഞ്ഞതാണ്. ആ പ്രസ്താവന ഇറക്കുന്നതിനുമുമ്പ്, സഖാവു സുന്ദരയ്യ കേരളം സന്ദർശിക്കുന്നതിനു മുൻപ്, സഖാവു സുന്ദരയ്യ ഇവിടെ വരുന്നത് എല്ലാം പൊളിക്കാനാണെന്നു പറഞ്ഞ് അവർ എതിർപ്രചരണം നടത്തിക്കൊണ്ടിരുന്നു. ഇവിടത്തെ ഞങ്ങളുടെ സംസ്ഥാനക്കമ്മിററി കൂടി അവരുടെ 13 പോയിൻറുകളടങ്ങിയ അന്ത്യശാസനത്തിന്, അന്ത്യശാസനമല്ലെന്നു അവർ പറയുന്ന രേഖയ്ക്കു ഞങ്ങൾ മറുപടി തയ്യാറാക്കി. അതിന്റെ തലവാചകം 'വലതിന്റെ 90-ാം ഭീഷണി' എന്നായിരുന്നു. അതിനു മറുപടി എഴുതി തയ്യാറാക്കി, അതു അച്ചടിപ്പിച്ചിരുന്നു. വേണമെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കാം. എന്നാൽ മേൽപറഞ്ഞ പ്രകാരം ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്ന നിലയ്ക്ക് ഇതു പ്രസിദ്ധീകരിക്കുന്നതു തെററായിരിക്കുമെന്ന് സഖാക്കൾ സുന്ദരയ്യയും എ. കെ. ജി. യും ഞാനും ഞങ്ങൾ മൂവരും മാർക്സിസ്ററു പാർട്ടിയുടെ തലപ്പത്തിരിക്കുന്ന, ഏററവും വലിയ മൂന്നു മുഠാളന്മാരാണല്ലോ—ഞങ്ങൾ മൂന്നു പേരും അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതു തൽക്കാലം പ്രസിദ്ധീകരിക്കരുതെന്നു തീരുമാനിച്ചു. പക്ഷേ, എന്താണ് പിന്നീടുണ്ടായത്? ദിവസേനയെന്നോണം അവർ പരിപാടി തുടർന്നുകൊണ്ടിരുന്നു. ഞങ്ങൾ അതിന്റെ പ്രസിദ്ധീകരണം നിറുത്തിയെങ്കിലും അവർ എതിർപ്രചരണം തുടർന്നുകൊണ്ടിരുന്നു. അവസാനം അവർ അതു നിറുത്തുന്നില്ലെന്നു മനസ്സിലായപ്പോൾ ഒരു പ്രസിദ്ധീകരണ കുറിപ്പോടുകൂടി 'രണ്ടാഴ്ചയ്ക്കു മുൻപ് തയ്യാറാക്കിയ മറുപടിയാണിത്. ഐക്യഘടകകക്ഷികൾ തമ്മിൽ പരസ്യമായ ആരോപണ പ്രത്യാരോപണങ്ങൾ നടത്തരുതെന്നു സഖാക്കൾ സുന്ദരയ്യയും എ. കെ. ഗോപാലനും ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരണം നിറുത്തിവച്ചിരുന്നതാണ്; 90-ാം ഭീഷണിയിൽ വലതുകമ്മ്യൂണിസ്ററു പാർട്ടി ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ ദുരുപദിഷ്ടവും അടിസ്ഥാനരഹിതങ്ങളുമാണ്' എന്ന് അതിൽ പറഞ്ഞിരുന്നു.

സർ, ഞങ്ങൾക്കെതിരായി വളരെ രൂക്ഷമായ, ഹീനമായ, നിന്ദ്യമായ ആരോപണങ്ങൾ നടത്തിക്കൊണ്ടിരുന്ന അവസരത്തിൽത്തന്നെ അതിനു

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറയാനുള്ള—എന്താണു അതിനു പറയേണ്ടതെന്നറിയുന്നില്ല—ദാഹം ഞങ്ങൾക്കു കൂടുതലായിട്ടുണ്ടായിരുന്നെങ്കിലും അതെല്ലാം ഞങ്ങൾ നിയന്ത്രിക്കുകയാണു ചെയ്തത്.

സർ, ഈ സമയത്ത് ഞാൻ ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയയോടു ശാന്തമായിരുന്ന് ഒന്നാലോചിക്കാൻ അഭ്യർത്ഥിക്കുകയാണ്. അദ്ദേഹത്തിന്റെ പാർട്ടി ഏറ്റെടുത്തിട്ടുള്ള മാധ്യസ്ഥനില വേണ്ടത്ര ശരിയായ രീതിയിൽ നിർവ്വഹിച്ചിട്ടില്ലെന്നു ഞങ്ങൾക്കു അഭിപ്രായമുള്ളതു ഞങ്ങൾ പറഞ്ഞതിൽ അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ പാർട്ടിക്കോ വേദനയുണ്ടെങ്കിൽ ഞാൻ മാപ്പുചോദിക്കുന്നു. ഭരണകക്ഷിയിലെ രണ്ടു ഘടക പാർട്ടികൾ തമ്മിൽ ആരോപണ പ്രത്യാരോപണങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുകയും അതു കൂടുതൽ വഷളാകുകയും ചെയ്യുന്ന സ്ഥിതിക്ക്, അതിനൊരുസമാധാനം ഉണ്ടാക്കാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്നു നോക്കേണ്ട ചുമതല മാധ്യസ്ഥ്യം വഹിക്കുന്നവർക്കില്ലേ? അതു നിങ്ങൾ വേണ്ടത്ര ഭംഗിയായി നിർവഹിച്ചിട്ടില്ലെന്നാണ് എന്റെ വാദം. അതുണ്ടായിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. കുരുക്ഷേത്രത്തിൽ പോകുന്ന കാര്യം, അത് അവിടെ വച്ചാകാം. ഈ കാര്യത്തെപ്പററി ശ്രീ. മുഹമ്മദുകോയ ശാന്തമായിരുന്ന് ഒന്നുകൂടി ആലോചിക്കണം. ബഹുമാനപ്പെട്ട ബാഫക്കി തങ്ങളെക്കുറിച്ചു സഖാവ് എ. കെ. ഗോപാലൻ ചില പ്രസ്താവന ചെയ്തത് തങ്ങളെ വേദനിപ്പിച്ചതായും, ഐ. ആർ. എട്ടിനെപ്പററി ചില പരാമർശങ്ങൾ ഉണ്ടായതായും പറയുന്ന അവസരത്തിൽ, അതിനേക്കാൾ കൂടുതൽ രൂക്ഷവും ഹീനവുമായിട്ടുള്ള ആക്ഷേപങ്ങൾ ഞങ്ങളുടെ നേരെ ചൊരിഞ്ഞിട്ടുള്ള ആ പാർട്ടികളുടെ നടപടി നിറുത്തിവയ്ക്കുന്നതിന് ഞങ്ങൾ ആത്മാർത്ഥമായി ചില അഭ്യർത്ഥന നടത്തിയതു ചെവിക്കൊണ്ടിട്ടില്ലെന്നുള്ളതാണ് വസ്തുത. ആ പരാതി ഞങ്ങൾക്കുണ്ട്. അതുപോലെതന്നെ ഞാൻ പൂർവജർമ്മനിയിൽ പോയ സമയത്താണ് നാലുപാർട്ടികൾചേർന്നു കൂടിയാലോചന നടത്തി ഒരു പ്രസ്താവന ഇറക്കിയത്. ആ കാലഘട്ടത്തിലെ മുഴുവൻ ചരിത്രവും ഞാൻ വിവരിക്കുന്നില്ല. അതെല്ലാം വിവരിക്കാൻ സമയമില്ല. അതിനുമുൻപുതന്നെ, പബ്ലിക്ക്മെൻ എൻക്വയറീസു ബില്ലിനെ സംബന്ധിച്ചിടത്തോളം, ബില്ലിലെ വ്യവസ്ഥകളും, പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിച്ചു ഞാൻ എടുത്ത വിധിയെ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങളും മററും വിവാദ വിഷയമായിട്ടുണ്ട്. മേയ്മാസത്തിൽ കൂടിയ ഏകോപനസമിതിയിലും, അനൗപചാരികമായി നാലുപാർട്ടികളിലെയും നേതാക്കന്മാർ കൂടിയും ആലോചിച്ചതാണ്, ഒരിക്കലല്ല, പലതവണ കൂടിയാലോചിച്ചതാണ്; അതിനുശേഷം എടുത്ത തീരുമാനമാണ് ഘടകകക്ഷികൾ വേറേ വേറേ പ്രസ്താവനകൾ ഇറക്കരുത്, സംയുക്തപ്രസ്താവനയിറക്കുന്നതായിരിക്കും യുക്തമെന്ന്. എന്നാൽ അതനുസരിച്ചു പ്രവർത്തിച്ചിട്ടില്ല. ഇന്നുതന്നെ എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. സി. എച്ച്. മുഹമ്മദുകോയതന്നെ ഇവിടെ പറയുകയുണ്ടായി; നിയമസഭാകമ്മിററിയെ നിയമിച്ചു പ്രാഥമിക പരിശോധന നടത്തണമെന്നു എല്ലാ പാർട്ടികളും കൂടി തീരുമാനിച്ചത് ഇ. എം. എസ്സ്. അംഗീകരിച്ചെങ്കിലും പിന്നീടു അതിൽനിന്നു മാറി എന്ന്. അതിന്റെ പിന്നിൽ ഒരു കഥയുണ്ട്. ആ കഥ എന്താണെന്നുവച്ചാൽ, അദ്ദേഹം പറഞ്ഞുവച്ച നിർദ്ദേശം ഏകോപനസമിതിയുടെ സബ്കമ്മിററി പരിശോധിക്കണമെന്നായിരുന്നു. അത് ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടി അംഗീകരിക്കുന്നില്ല എന്ന കാരണംകൊണ്ടു സി. എച്ച്. അവതരിപ്പിച്ചതേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ഇല്ല. അതുകഴിഞ്ഞ് പിന്നീടാണ് നിയമസഭാകമ്മിററി എന്നുള്ള നിർദ്ദേശം വന്നത്. ആ നിർദ്ദേശം കേട്ടപ്പോൾ അതിൽ ന്യായമുണ്ടെന്ന പ്രഥമവിചാരം എനിക്കുണ്ടായി, ഞാനതു പറയുകയും ചെയ്തു. പക്ഷേ, തുടർന്നു അതിനെപ്പററി ചർച്ച ചെയ്തപ്പോൾ ഇന്നു ശ്രീ. സി. എച്ച്. പറഞ്ഞതുപോലെ ശ്രീ. മത്തായി മാഞ്ഞൂരാൻ മാത്രമല്ല, സഖാക്കൾ ബേബി ജോണും ടി. കെ. ദിവാകരനും വളരെ ശക്തിയായി എതിർത്തു. നിയമസഭാ കമ്മിററി എന്നുള്ള നിർദ്ദേശം ഞങ്ങൾക്കു സ്വീകാര്യമല്ല എന്നു പറഞ്ഞു. അവർ എതിർക്കുന്നു എന്ന് കണ്ടപ്പോഴാണ് അതംഗീകരിക്കുന്ന കാര്യം ഒന്നുകൂടി ആലോചിക്കണമെന്നു പറഞ്ഞത്. എന്റെ പരിശോധനയിൽ ആദ്യം അതു അംഗീകരിക്കാവുന്നതാണെന്നു തോന്നിയെങ്കിലും, അതിൽ കുറെ വിഷമമുണ്ട്; എങ്ങനെ പ്രായോഗികമാക്കാൻ കഴിയും എന്നുള്ളതുകൂടി ആലോചിക്കാനുണ്ടെന്നു പറഞ്ഞു. അതുപോലെതന്നെ ഐക്യമുന്നണിയെ ബാധിക്കുന്ന മററു നിരവധി പ്രശ്നങ്ങളും ചർച്ച ചെയ്യാനുണ്ട്. അതുകൊണ്ട് അതു മാററി വയ്ക്കാമെന്നു പറഞ്ഞു. അതു കഴിഞ്ഞിട്ട് ആർ. എസ്. പി. ഒഴിച്ചുള്ള മററു പാർട്ടികളെല്ലാംകൂടി പ്രസ്താവനയിറക്കി, എല്ലാവരും ഈ നിർദ്ദേശം അംഗീകരിച്ചുവെന്ന്. ഏകോപന സമിതിയിൽ ആർ. എസ്. പി. വളരെ ശക്തിയായി എതിർത്ത ഈ നിർദ്ദേശം, ആർ. എസ്. പി. യുടെ പിൻബലത്തോടുകൂടി ഉണ്ടായിട്ടുള്ള നാലു പാർട്ടികൾ ചേർന്ന് എല്ലാവരും അംഗീകരിച്ചതായി പ്രസ്താവിച്ചിരിക്കുകയാണ്. മാർക്സിസ്ററു പാർട്ടിയെ സംബന്ധിച്ചിടത്തോളം അവർക്കുള്ള ആക്ഷേപം വൻപാർട്ടി മേധാവിത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നുവെന്നതാണ്. മാർക്സിസ്ററു പാർട്ടി വൻപാർട്ടിയായിപ്പോയി, അതേസമയത്ത് മററു രണ്ടു പാർട്ടികൾ, കെ. എസ്. പി. യും, കെ. ടി. പി. യും തീരെ ചെറിയ പാർട്ടികളുമായിപ്പോയി; രണ്ടായാലും കുഴപ്പംതന്നെ. ഏററവും വലിയ പാർട്ടിയും ഏററവും ചെറിയ പാർട്ടികളും തമ്മിലുള്ള ബന്ധത്തെ എതിർക്കുകയാണ്. വൻപാർട്ടി മേധാവിത്വം സ്ഥാപിക്കാൻ മാർക്സിസ്ററു പാർട്ടി ശ്രമിക്കുന്നില്ല. അതു വെറും പ്രചാരവേലയാണ്. ഞാൻ പല തവണ സഖാവ് ത്രിദീപ് ചൗധരിയടക്കം ആർ. എസ്. പി. നേതാക്കൻമാരുമായി സംസാരിച്ചിട്ടുണ്ട്, ഇതു കുറെ പന്തികേടല്ലേ എന്ന്. യഥാർത്ഥത്തിൽ ആർ. എസ്. പി. അംഗീകരിക്കാത്ത ഒരു നിർദ്ദേശം, പത്രത്തിൽപോലും വന്നതാണ്, അതു അംഗീകരിച്ചതായി പറഞ്ഞാൽ അതു ബുദ്ധിമുട്ടല്ലേ?

ശ്രീ. ബേബിജോൺ: സർ, ഒരു ചോദ്യം........

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട ടി. കെ. ദിവാകരനടക്കം പല ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അഭിപ്രായവ്യത്യാസമുണ്ടായ പല കാര്യങ്ങളെപ്പററിയും ഇടയ്ക്കു ചോദിക്കാനുണ്ടായിരുന്നു. പക്ഷേ, ഞാൻ അതിന് മുതിർന്നില്ല. ഇപ്പോൾ എന്റെ പ്രസംഗം ഇടയ്ക്കു തടസ്സപ്പെടുത്താതിരിക്കണം.

സർ, എന്റെ പേരിലുള്ള പ്രധാന കേസ് ഇതാണ്: മൂന്നു മന്ത്രിമാരെക്കുറിച്ച് നിയമസഭയിൽ ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു നിയമസഭാ സെക്രട്ടേറിയററിൽനിന്നു കിട്ടിയ രേഖകൾവച്ചു ഞാൻ എടുത്ത തീരുമാനം ശരിയായില്ല, എന്റെ പ്രഥമദൃഷ്ടി, കാകദൃഷ്ടിയോ, സർപ്പദൃഷ്ടിയോ ഒക്കെ ആയിപ്പോയി എന്നാണ്. ബഹുമാനപ്പെട്ട എൻ. കെ. ശേഷൻ 'ഗൃദ്ധ്രദൃഷ്ടി'യെന്നും സൂചിപ്പിച്ചതായി തോന്നുന്നു, അതിന്റെ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലായില്ല. ഗൃദ്ധ്രം

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കഴുകൻ എന്നാണർത്ഥം. ഞാൻ മനസ്സിലാക്കിയിട്ടുള്ളത് 'ഗൃദ്ധ്രദൃഷ്ടി' വളരെ സൂക്ഷ്മദൃഷ്ടിയാണെന്നാണ്. കഴുകന്റെ കണ്ണു വളരെ സൂക്ഷ്മതയുള്ളതാണ്. ഏതായാലും ഈ കാര്യത്തിൽ എന്റെ ദൃഷ്ടി പിഴച്ചുപോയി എന്ന ആക്ഷേപം മുതൽക്കാണ് ഈ വാദം തുടങ്ങിയത്. അതിനെ തുടർന്നു കോ ഓർഡിനേഷൻ കമ്മിററിയിൽ ഈ കാര്യം ചർച്ച ചെയ്തു, പലപ്പോഴും ഈ നാലു പാർട്ടികൾ പ്രത്യേകം ചർച്ച ചെയ്തു. ഒടുവിൽ ഇതിനെ സംബന്ധിച്ചിടത്തോളം കൂട്ടായ ഒരു ചർച്ച നടത്തണമെന്ന ആവശ്യം ഞങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിനു ശേഷം ശ്രീ. ബാഫക്കി തങ്ങൾ പ്രസ്താവിക്കുകയുണ്ടായി, മുഖ്യമന്ത്രി ഈ കാര്യത്തിൽ എടുത്തിട്ടുള്ള തീരുമാനംമൂലം ഉളവായിട്ടുള്ള സ്ഥിതിഗതികളെപ്പററി അവർ നാലു കക്ഷികളും കൂടിയാലോചിക്കുമെന്ന്. അങ്ങനെയൊരു സമീപനം അവർ സ്വീകരിച്ചതുകൊണ്ടാണ് സഖാക്കൾ സുന്ദരയ്യയും എ. കെ. ഗോപാലനും ഒരഭ്യർത്ഥന പുറപ്പെടുവിച്ചത്. ആ അഭ്യർത്ഥന ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി മാത്രമല്ല നാലു പാർട്ടികളും നിരസിച്ചിരുന്നു. ഒരു മേശയ്ക്കു ചുററും ഇരുന്ന് എട്ടു പാർട്ടികളും ഒരുമിച്ചാലോചിച്ചു പ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്നായിരുന്നു അഭ്യർത്ഥിച്ചിരുന്നത്. അതിനുപകരം ഈ നാലു പാർട്ടികളും കൂടി അവരുടെ മേധാവിത്വം ഞങ്ങളെ അടിച്ചേൽപിക്കുന്ന ഒരു സമീപനമാണ് അവലംബിച്ചത്. മറെറാരു ഭാഷയിൽ പറഞ്ഞാൽ, ഞാൻ മാർക്സിസ്ററു പാർട്ടിയുടെ തടവുകാരനാണെന്നു സഖാവ് എം. എൻ. വ്യാഖ്യാനിക്കുകയും, എന്നെ ആ തടവിൽനിന്ന് രക്ഷപ്പെടുത്തിയിട്ട് നാലു പാർട്ടികൾ ഉൾപ്പെട്ട—ഈ നാലു പാർട്ടികളെ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി നാഷനൽ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത് 'മേജർ പാർട്ടീസ്' എന്നാണ്—മേജർ പാർട്ടീസിന്റെ ചൊൽപടിക്കു നിൽക്കണമെന്നു പറഞ്ഞാൽ അതു കേൾക്കാൻ ഞാൻ തയ്യാറില്ല. മററു ചെറിയ പാർട്ടികളെപ്പററി പറയുന്ന ആക്ഷേപം അവർ 1966-ൽ വിരുദ്ധൻമാരായിരുന്നു എന്നാണ്. ആ കഥയിരിക്കട്ടെ. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി പോളിററു ബ്യൂറോയുടെ പ്രമേയത്തിലൊ നടപടിയിലൊ വല്ല തെററും ഉണ്ടെന്നു പറയുകയാണെങ്കിൽ അതു തിരുത്താൻ ഞാൻ തയ്യാറാണ്. പോളിററ് ബ്യൂറോയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു ഞാൻ പറയുകയാണ്. പക്ഷേ നിങ്ങൾ നാലു പാർട്ടികൾ ശാസിക്കുന്നതു ഞങ്ങൾ കേൾക്കണമെന്നു പറഞ്ഞാൽ അതു കേൾക്കാൻ നിവൃത്തിയില്ല.

ആദ്യമായി മറുപടി പറയാനുള്ളതു ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മജീദ് ഞാൻ സ്വയം അന്വേഷണത്തിനു വിധേയനാകണം എന്നു പറഞ്ഞതിനെ സംബന്ധിച്ചാണ്. എന്തന്വേഷണത്തിനാണ് ഞാൻ വിധേയനാകേണ്ടത്? ഇതു ബഹുമാനപ്പെട്ട മജീദ് പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ പാർട്ടി ഇതുവരെ പറഞ്ഞിട്ടില്ല. എന്റെ പേരിൽ ആരോപണം ഉന്നയിച്ചിട്ടില്ല. നാലു പാർട്ടിയിൽ പെട്ടവരും പറഞ്ഞിട്ടില്ല. പിന്നെ ജനയുഗത്തിൽ എഴുതിയിട്ടുണ്ട്. അതു അന്വേഷിക്കണമെന്നാണോ? ഏതായാലും ഈയിടെ മെമ്മോറാണ്ടം സമർപ്പിച്ച അവസരത്തിൽ അവരെല്ലാംകൂടി ഞാൻ ഇല്ലാതിരുന്ന അവസരത്തിൽ സഖാവ് കൃഷ്ണനു സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ശ്രീ. വെല്ലിംഗ്ടന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുണ്ടായിരുന്നുള്ളു. എന്റേയോ ശ്രീ. ഇമ്പിച്ചിബാവയുടേയോ ശ്രീമതി ഗൗരിയുടേയോ പേർ അതിൽ ഉണ്ടായിരുന്നില്ല. അതിൽ ഒന്നു പറഞ്ഞതു ശരിയാണ്, അതു വെല്ലിംഗ്ടന്റെ കാര്യമാണ്. ഇത്രയേറെ സർക്കുലറെല്ലാം കഴിഞ്ഞു. അതിനെത്തുടർന്നു മററു ആരോപണങ്ങൾ വന്നപ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ഞങ്ങളിൽനിന്നും വേർപെട്ട് ഇപ്പോൾ അവരുടെകൂടെയിരിക്കുന്ന ശ്രീ. കെ. എസ്. നായരുടെ മെമ്മോറാണ്ടത്തിലാണ് മററു രണ്ടുപേരെകൂട്ടി ഉൾപ്പെടുത്തിയിട്ടുള്ളത്. അതിലും ഇല്ല ഞാൻ. അതു കഴിഞ്ഞിട്ട് ഇപ്പോൾ മജീദ് എൻെറ പേരിൽ പറഞ്ഞല്ലോ? എന്തിനെക്കുറിച്ചാണ് അന്വേഷിക്കേണ്ടതെന്നു വച്ചാൽ ബഹുമാനപ്പെട്ട ഗോപാലകൃഷ്ണൻ നായർ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ ഞാൻ വിധേയനാകണമെന്നാണ്. ബഹുമാനപ്പെട്ട ഗോവിന്ദൻ നായരുടെ പ്രസ്താവനയുടെ ഒരു റിപ്പോർട്ടു കിട്ടുകയുണ്ടായി. മുഖ്യമന്ത്രിയെ ഇരുത്തിക്കൊണ്ട് അദ്ദേഹത്തിൻെറ പേരിൽതന്നെ അന്വേഷണം നടത്തിക്കും എന്ന്. അതിനെപ്പററി ഞാൻ ഒന്നും പറയുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട ഗോപാലകൃഷ്ണൻ നായർ ആരോപണം ഉന്നയിച്ചത് എന്നാണ്? ഈ നാലു പാർട്ടികളും കോഴിക്കോട്ടുവച്ചു തീരുമാനം എടുത്ത തീയതിയും ഈ ആരോപണം ഉന്നയിച്ച തീയതിയും താരതമ്യപ്പെടുത്തി നോക്കിയാൽ രണ്ടും തമ്മിൽ അവിഹിതബന്ധമുണ്ടെന്നു ഞാൻ പറയുന്നില്ല, പക്ഷേ കുറച്ച് സംശയാസ്പദമാണ്.

ശ്രീ. കെ. കരുണാകരൻ: ഞാൻ അതു പറയാം........

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഇവിടെ ഞാൻ ആരേയും ചോദ്യം ചെയ്തു ശല്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് എൻെറ പ്രസംഗത്തിനിടയിലും ആരും എന്നെ ശല്യപ്പെടുത്താതെ എനിക്കു സംസാരിക്കുവാൻ അവസരം തരണം. ശ്രീ. കെ. കരുണാകരൻ ശ്രീ. സി.സി. കുഞ്ഞൻെറ കാര്യം ഇവിടെ ഘോരഘോരം പ്രസംഗിച്ചു. ഞാൻ ചോദിക്കുകയാണ് ആ ഫയൽ മേശപ്പുറത്തു വച്ചിട്ട് എത്രയോ നാളായി. ഒന്നര കൊല്ലത്തോളമായി. അതിനുശേഷം എത്രയോ അസംബ്ലി യോഗങ്ങൾ നടന്നു. ആ സന്ദർഭത്തിലൊന്നും അന്വേഷണം നടത്തണമെന്നു ആവശ്യപ്പെട്ടിട്ടില്ല. നടത്തണമെന്നു ആവശ്യപ്പെട്ടതു ഇപ്പോഴാണ്. അതുവരെയുള്ള കാര്യങ്ങൾ കൂടി വച്ചുകൊണ്ടു അന്വേഷണം നടത്തണമെന്നു ഗോപാലകൃഷ്ണൻെറ മെമ്മോറാണ്ടം വരികയും ആ മെമ്മോറാണ്ടമല്ലാതെ മററു യാതൊരു അടിസ്ഥാനവുമില്ലാതെ ബഹുമാനപ്പെട്ട മജീദ് അതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നു പറയുകയും ചെയ്യുക. ആ ആരോപണങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറയാം. ഒന്ന് എൻെറ അളിയനു ഉദ്യോഗം കൊടുത്തു എന്നുള്ളതാണ്. ഇതു സംബന്ധിച്ചു ഹൈക്കോടതി വിധിയുണ്ട്. അതിലെ പ്രസക്തമായ ഭാഗം ഞാൻ വായിക്കാം.

2-9-1969—High Court ruling Hon. Mr. Justice T. C. Raghavan: Several averments are made in both the writ petitions and in one of them I shall point out especially because some arguments had been adduced on that allegation. The third respondent is a brother-in-law of the Chief Minister of the State and it is alleged that Exhibit P-III has been passed mala fide to help the brother-in-law of the Chief Minister. The Chief Minister has filed a counter-affidavit for one of the writ petitions denying the said allegation. He has admitted that the third respondent is his brother-in-law. But he has stated that that was not the reason for passing the impugned order. He has also stated that he never expressed any interest one way or the other, to any one of the

LIBRARY ARCHIVES Kerala Legislative Assembly

officers responsible for passing Exhibit P-III. I may straightaway observe that I find no reason for doubting the truth or bona fides of his statement. I accept this and hold that Exhibit P-III has not been passed as a result of any mala fide or interference on the part of the Chief Minister.

പിന്നെ ഇൻഡോ പോൾ കമ്പനിയെക്കുറിച്ച് ഉള്ളതാണ്. അതിനെ സംബന്ധിച്ച ഫയലും മേശപ്പുറത്തു വച്ചിട്ടുണ്ട്. അതു പരിശോധിച്ചാൽ ഇത്തരത്തിലുള്ള യാതൊരു അഴിമതിയും അതിൽ നടന്നിട്ടില്ല എന്നു കാണാൻ കഴിയും. ഇതിനും പുറമേ ഈ ആരോപണങ്ങൾ എടുത്തുദ്ധരിച്ച് അതിനെപ്പററി അന്വേഷണം നടത്തണമെന്നു ബഹുമാനപ്പെട്ട മജീദ് പറഞ്ഞതാണ് അത്ഭുതം. ഇൻഡോ പോൾ എന്നു പറയുന്നതു സോഷ്യലിസ്ററു രാജ്യമായ പോളണ്ടിലെ പബ്ലിക് സെക്ടറിലുള്ളതായ ഒരു കമ്പനിയാണ്. പബ്ലിക് സെക്ടറിലുള്ള അത്തരത്തിലുള്ള ഒരു കമ്പനി ഇൻഡ്യയിലെ സ്റേററു മന്ത്രിമാർക്കു കൈക്കൂലി കൊടുത്തു കാര്യം നേടാൻ ശ്രമിച്ചുവെന്ന് അഖില ലോക കമ്മ്യൂണിസ്ററിൻെറ ഒരു ഭാഗമായ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി—ഞാൻ അതിൻെറ ഭാഗമൊന്നുമല്ല—ഇവിടെ വച്ചു പറയുക, അതോടൊപ്പംതന്നെ ഇതുപോലെതന്നെ ഒരു സോഷ്യലിസ്ററു രാജ്യമായ റുമേനിയയിലേക്കു കേരളത്തിലെ ഇരുമ്പയിര് വെറും റാ മെററീരിയലായിട്ടു ഉപയോഗിക്കുവാൻ ശ്രമിക്കുകയായിരുന്നുവെന്നു ശ്രീ. ടി. വി. പറഞ്ഞാൽ ദേശീയ കമ്മ്യൂണിസ്ററ് പ്രസ്ഥാനം വായിച്ചു മനസ്സിലാക്കിയിട്ടുള്ള സോഷ്യലിസ്ററു രാജ്യങ്ങൾ ഇത്ര നിസ്സാരരാണ്നമ്മൾ എന്നു മനസ്സിലാക്കുകയായിരിക്കും. ഇവർ പാർട്ടിയുടെ തടവുകാർ അല്ലാത്തതുകൊണ്ട് അതൊന്നും കാണുകയില്ലായിരിക്കും. ഇങ്ങനെയുള്ള നിരവധി ഉദാഹരണങ്ങൾ ഊന്നി പറയാനുണ്ട്. ശ്രീ. രവീന്ദ്രൻെറ കാര്യത്തിൽ ഗവൺമെൻറ് പാസ്സാക്കിയിട്ടുള്ള ഓർഡറിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കാം. യഥാർത്ഥത്തിൽ റവന്യൂ ബോർഡ് റീ ഇൻ സ്റേററു ചെയ്യാൻ ഉത്തരവിട്ടു. ആ ഉത്തരവ് ഗവൺമെൻറ് നിലവാരത്തിൽ കണ്ടപ്പോൾ അതിൽ പിശകുണ്ടെന്നു കണ്ട് അതു തിരുത്തുന്നതിനുവേണ്ട ഓർഡർ ഇടുകയാണ് ചെയ്തത്. അതിൻെറ ഫയൽ ഞാൻ കണ്ടതല്ല. അതിൻെറ ഉത്തരവാദിത്വം എനിക്കാണെന്നു ചിലർ, അതല്ല ശ്രീമതി ഗൗരിക്കാണെന്നു വേറെ ചിലർ. ഇതും ഇതുപോലെ അടിസ്ഥാനരഹിതമാണെന്നു ചൂണ്ടിക്കാണിക്കുകയാണ്. ശ്രീ. രവീന്ദ്രൻെറ ഫയലും ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. ഈ കാര്യങ്ങളാൽ ഞാൻ സ്വയം അന്വേഷണത്തിനു വിധേയനാകണം എന്നുള്ള നിർദ്ദേശത്തെ നിരാകരിക്കുകയാണ്. അതിനെത്തുടർന്ന് കുരുക്ഷേത്രത്തിൻെറ മുമ്പിലോ അതല്ലാ അപ്പുറത്തുള്ള സുഹൃത്തുക്കൾക്കു ഭരണാധികാരം ഏറെറടുക്കുവാൻ കഴിയുമെങ്കിൽ അപ്പോൾ ഒരു അന്വേഷണ ഉത്തരവിടൂ, ഞാൻ കോടതിയിൽ പോകാം. ഇനി രണ്ടാമത്തെ ആവശ്യം വന്നിട്ടുള്ളത് മററുള്ളവരുടെ അന്വേഷണത്തിന് ഞാൻ ഉത്തരവിടണം എന്നാണ്. എൻെറ കാര്യം വളരെ വ്യക്തമായിട്ട് പറഞ്ഞുകഴിഞ്ഞു. ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകഴിഞ്ഞു ആരോപണങ്ങളെ സംബന്ധിച്ച എൻെറ നിലപാട്. ഞാൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ എൻെറ നിലപാട് എന്നല്ലാതെ എൻെറ പാർട്ടിയുടെ നിലപാട് ഇതാണെന്നു പറയാൻ കഴിയുമോ ? അതുകൊണ്ട് ബഹുമാനപ്പെട്ട ദിവാകരൻ ക്ഷമിക്കണം. എൻെറ നിലപാട് വളരെ വ്യക്തമാണ്. ഏതു പാർട്ടിയിൽപെട്ട ആൾ എന്നു നോക്കാതെ എല്ലാ മന്ത്രിമാരുടെ പേരിലും ഒരു ഇരട്ടത്താപ്പുമില്ലാതെ അന്വേഷിക്കണം. ആ അന്വേഷണം നടത്തുന്നതിനു ഹൈക്കോടതി ജഡ്ജി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

യാകാൻ അർഹതയുള്ള ആരും ആകാം. അതിന് ഒരു വ്യാഖ്യാനം കൊടുത്തു ശ്രീ. മജീദ്. ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള ആരും എന്നേയുള്ളു, എന്തുകൊണ്ട് ഒരു ജഡ്ജിയോ റിട്ടയേർഡ് ജഡ്ജിയോ ആയിക്കൂടാ എന്ന്. ആരായാലും അർഹതയുള്ളവർക്കു മാത്രമേ ജഡ്ജിയാകാൻ പററുകയുള്ളു. അർഹതയുള്ള ആരും എന്നു പറഞ്ഞാൽ it is inclusive. ജഡ്ജിയെ പാടുള്ളു, റിട്ടയേർഡ് ജഡ്ജിയെ പാടുള്ളു എന്നു പറയുകയാണെങ്കിൽ അതിൽ വിരോധമുണ്ടായിട്ടില്ല. അർഹതയുള്ള ആരും എന്നു പറയുമ്പോൾ ഇന്ന് ഇൻഡ്യയിലുള്ള സമുന്നതരായ വ്യക്തികൾ ആകാം, സ്തൽവാട് ആകാം, മുള്ള ആകാം, ഗജേന്ദ്രഗാഡ്കർ ആകാം, ഇവിടുത്തെ ചീഫ് ജസ്ററീസ് ആകാം. ഇത്തരത്തിൽ പ്രാഥമിക പരിശോധന നടത്തണമെന്ന നിർദ്ദേശം ഞാൻ വച്ചിട്ടുള്ളതാണ്. ഞങ്ങളുടെ പാർട്ടി വച്ചിട്ടുള്ളതാണ്; പാർട്ടി വാദിച്ച അവസരത്തിൽ മാത്രമാണ്; മാർക്സിസ്ററു പാർട്ടി ഇപ്പോഴെങ്കിലും ഇതംഗീകരിക്കുവാൻ നിർബ്ബന്ധിക്കപ്പെട്ടത് എന്നും, ഈ രാജ്യത്തെ ജനങ്ങളുടെ സമ്മർദ്ദം കൊണ്ടാണെന്നും ശ്രീ. ബേബി ജോൺ പ്രസ്താവന ഇറക്കിയത്. അങ്ങനെയാണെങ്കിൽ ഒക്ടോബർ 3-ാം തീയതിയിലെ പ്രമേയത്തിൽ ഇതു കാണിക്കേണ്ടതല്ലേ? എന്നെപ്പററി കുററം പറയുന്നവർ അതു ചെയ്യാതെ ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരാൻ തോന്നിയത്, അതിന് അവരെ പ്രേരിപ്പിച്ചത് വെല്ലിംഗ്ടനെ മാത്രം പിടിച്ച് അടുത്തിരിക്കുന്ന വേറെ ചിലരെ രക്ഷപ്പെടുത്തണം എന്ന വിചാരത്താലാണ്. രക്ഷപ്പെട്ടത് ആരാണെന്ന ചരിത്രത്തിലേക്ക് ഞാൻ കടക്കുന്നില്ല. ഇവരിൽ ചിലർതന്നെ ഈ മന്ത്രിമാരിൽവച്ച് ഏററവും അഴിമതിക്കാരനെന്നു എന്നോട് പറഞ്ഞിട്ടുള്ള—ഞാൻ ആളിന്റെ പേർ പറയുന്നില്ല—ഒരാളെ ഒഴിവാക്കിയിട്ടുണ്ട്. ആരൊക്കെയാണെന്ന് കുരുക്ഷേത്രത്തിൽവച്ച് കാണാം. വെല്ലിംഗ്ടനെ രക്ഷിക്കാൻവേണ്ടി മാർക്സിസ്ററു പാർട്ടി ശ്രമിച്ചു എന്നുള്ള പേരിൽ ചിലരെ രക്ഷപ്പെടുത്താനുണ്ട്. ഈ രക്ഷപ്പെടുത്തലിനു വേണ്ടിയാണ് എല്ലാവരേയും അന്വേഷിക്കുക എന്ന പ്രമേയത്തിനു പകരം വെല്ലിംഗ്ടനെ ഒററതിരിച്ചു നിറുത്തി ആക്രമണം നടത്തിയത്. ശ്രീ. വെല്ലിംഗ്ടനെ രക്ഷിച്ചേ മതിയാകൂ എന്നു ഞങ്ങൾക്കു താൽപര്യമില്ല. വെല്ലിംഗ്ടനെ കുരുതികൊടുക്കുന്നതിലും ഞങ്ങൾക്കു താൽപര്യമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചു ഈ മന്ത്രിയുടെ പേരിൽ അന്വേഷണം വേണമെന്ന് എന്റെ സുഹൃത്തുക്കൾ പറഞ്ഞ അവസരത്തിൽ ഞാൻ പറഞ്ഞത് ഇതാണ്. നിങ്ങൾ പറഞ്ഞാൽ പോരല്ലോ? എന്തെങ്കിലും അടിസ്ഥാനം വേണ്ടേ എന്ന്. ആ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിച്ചത്. അതുകൊണ്ട് ഉണ്ടാകാവുന്ന പ്രശ്നം ഇതുതന്നെയാണ്. ഇതിൽ എന്താണ് ഇരട്ടത്താപ്പ്. ഒരേ താപ്പുവച്ച് എല്ലാവരുടേയും പേരിൽ ഉള്ള ആരോപണങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുകയാണ്. വസ്തുനിഷ്ഠമായി പരിശോധിക്കുക എന്നു പറയുമ്പോൾ വോട്ടു നേടുന്നതിൽക്കൂടിയുള്ള ഈ പ്രശ്നം അല്ലാത്ത വസ്തുനിഷ്ഠമായ പരിശോധനയ്ക്ക് തയാറാണോ? ഇത് അന്നു ഞാൻ ചോദിച്ചതാണ്, ഇന്നും ചോദിക്കുകയാണ്. ഈ സമീപനത്തോടുകൂടി പോകുകയാണെങ്കിൽ ഇനിയും രക്ഷപ്പെടുത്തണമെന്ന ആഗ്രഹമുണ്ടെങ്കിൽ രക്ഷപ്പെടുത്താം, അതല്ല കുരുക്ഷേത്രം നിശ്ചയിച്ചിരിക്കുകയാണെങ്കിൽ അപ്പോഴാകാം. കുരുക്ഷേത്രത്തിൽവച്ച് ആരുടെ കയ്യും കണ്ണും മൂക്കും എല്ലാം ആണ് പോകുക എന്നുള്ളത് സംബന്ധിച്ച് ഞാൻ വീരവാദമൊന്നും പറയുന്നില്ല. അപ്പുറത്തുള്ളവരും പറയേണ്ട. അവസാനമായി വേറൊരു നിർദ്ദേശം വച്ചിട്ടുള്ളത് ഞാൻ രാജിവയ്ക്കണം എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ചില നേതാക്കൻമാർ പറയുന്നത് രാജിവയ്ക്കരുതെന്നാണ്. രാജിവച്ചാൽ അതു വിശ്വാസവഞ്ചനയാകും എന്ന്. രാജിവയ്ക്കണമെന്ന് ശ്രീ. ടി. വി. തോമസ്സും മററ് ആളുകളും ബി. മാധവൻ നായരുമെല്ലാം പറയുന്നു. അവിടെനിന്നും ഒന്നൊഴിഞ്ഞുകൊടുക്കൂ എന്ന്. ശ്രീ. സി. എച്ച്. മുഹമ്മദ്കോയയും ശ്രീ. എം. എൻ. ഗോവിൻദൻ നായരും ശ്രീ. പി. ആർ. കുറുപ്പും ചേർന്ന മുന്നണിയിൽ ഇപ്പോൾ ചേർന്നു എന്ന് അവകാശപ്പെടുന്ന ശ്രീ. എം. എം. തോമസ്സും എല്ലാവരും ഞങ്ങൾ രാജിവച്ച് മാറി വേറെ മന്ത്രിസഭ ഉണ്ടാക്കാൻ അവസരം ഉണ്ടാക്കണമെന്ന് ഒരു ഭാഗത്തു പറയുക. നിങ്ങൾ മരിച്ചുകഴിഞ്ഞു, പിന്നെ കൊല്ലുന്ന ജോലി ഞങ്ങൾക്കുണ്ടോ എന്ന് ഒരാൾ ചോദിക്കുക, നിങ്ങൾ പോകരുത്, പോകുന്നതു പാതകമാണ് എന്ന് വേറൊരാൾ പറയുക. ഈ സാഹചര്യത്തിൽ എനിക്കു പറയുവാനുള്ളത് രാജിവച്ചു പോകണമെന്ന് പറയുന്നവർ ആ രീതിയിൽ ഒന്നു എഴുന്നേററു നിൽക്കണം. അവിശ്വാസപ്രമേയത്തിൽ കൂടിയായിരുന്നു അതു വരേണ്ടിയിരുന്നത്. അതാണ് മര്യാദ. അതിന് അത്ര മടിപ്പുണ്ടെങ്കിൽ വേറെതരത്തിലാകാം. അതാണ് ഞാൻ നേരത്തെ പറഞ്ഞത് political intimidation. ഇത് വല്ലാത്ത ഏർപ്പാടാണ്. ഇതുസംബന്ധിച്ച് ഈ മന്ത്രിസഭയുടെ പ്രവർത്തനത്തിൽ വിശ്വാസമില്ലെന്നു സഭയ്ക്ക് അഭിപ്രായം ഉണ്ടെങ്കിൽ സഭാനടപടിക്രമം അനുസരിച്ച് ഒരു ഡിവിഷൻകൊണ്ട് രേഖപ്പെടുത്തുക. അങ്ങനെ രേഖപ്പെടുത്തുന്ന ആ നിമിഷത്തിൽ രാജിവയ്ക്കും.

ശ്രീ. ടി. എ. മജീദ്: ഇവിടെ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ഒരു സബ്സ്ററാൻറീവ് മോഷൻ അവതരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

Having discussed the statement of the Chief Minister and the action announced on the floor of the House on 17–10–1969, this House resolves that the allegations of corruption and favouritism raised on the floor of the House and those submitted to the Hon'ble Home Minister by some Hon'ble members of this House against the Revenue Minister, Minister for Forest and Harijan Welfare, Minister for Transport and Minister for Labour be ordered to be enquired into forthwith under the Commission of Enquiries Act, 1952 by a sitting or retired High Court Judge.

ശ്രീ. കെ. കെ. അബു: അതിന് ഒരു മലയാളം പരിഭാഷ കിട്ടിയാൽ കൊള്ളാം.

മി. സ്പീക്കർ: അതിൻെറ ആവശ്യമില്ല. ഇംഗ്ലീഷിലോ മലയാളത്തിലോ ഇവിടെ സംസാരിക്കാൻ അവകാശമുണ്ട്.

ശ്രീ. കെ. കെ. അബു: സർ, ഈ പ്രമേയത്തിന് എനിക്ക് ഒരു ഭേദഗതി മോഷൻ അവതരിപ്പിക്കുവാനുണ്ട്.

മി. സ്പീക്കർ: ഇവിടെ സാധാരണയായി ഇങ്ങനെയുള്ള ചർച്ചകൾ കഴിഞ്ഞാൽ ചർച്ച തുടങ്ങുന്ന ആളിന് പ്രമേയം മൂവു ചെയ്യാമെന്നല്ലാതെ വേറെ ഒരു നടപടിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri E. Chandrasekharan Nair: Sir, I second the motion.

The motion was put and carried.

Shri T. K. Ramakrishnan: I demand a poll.

A poll was taken when the House divided as follows:

Ayes—69

1. Shri T. A. Majid
2. Shri P. V. Abraham
3. Shri P. M. Abubacker
4. Shri E. Ahamed
5. Shri C. Ahmedkutty
6. Shri Alexander Parambithara
7. Shri K. Avukkaderkutty Naha Haji
8. Shri Baby John
9. Shri N. K. Balakrishnan
10. Shri J. A. Chacko
11. Shri M. Chadayan
12. Shri K. Chandrasekhara Sastri
13. Shri E. Chandrasekharan Nair
14. Shri V. P. Cherukoya Thangal
15. Shri N. I. Devassykutty
16. Shri M. K. Divakaran
17. Shri T. K. Divakaran
18. Shri N. Gamaliel
19. Shri N. Ganapathy
20. Shri George Thomas
21. Shri K. M. George
22. Shri K. T. George
23. Shri P. P. George
24. Shri P. K. Gopalakrishnan
25. Shri R. Gopalakrishnan Nair
26. Shri G. Gopinathan Pillai
27. Shri M. N. Govindan Nair
28. Shri M. Hakimji Sahib
29. Shri K. T. Jacob
30. Shri E. John Jacob
31. Shri Joseph Chazhikkattu
32. Shri K. Karunakaran
33. Shri O. Koran
34. Shri M. Krishnan
35. Shri K. K. Kumara Pillai
36. Shri P. Kunhiraman Kidavu
37. Shri U. P. Kunhikullaya
38. Shri P. K. Kunju
39. Shri K. G. Kunjukrishna Pillai
40. Shri V. Kuttikrishnan Nair

LIBRARY ARCHIVES Kerala Legislative Assembly

41. Shri B. Madhavan Nair
42. Shri Pandalam P. R. Madhavan Pillai
43. Shri K. Mahabala Bhandari
44. Shri K. M. Mani
45. Shri M. P. Mohammed Jafferkhan
46. Shri C. M. Kutty
47. Shri K. Moideenkutty Haji
48. Shri M. Moideenkutty Haji
49. Shri C. H. Muhammed Koya Haji
50. Shri C. S. Neelakantan Nair
51. Shri K. G. Neelakantan Namboodiripad
52. Shri K. Purushothaman Pillai
53. Shri P. K. Raghavan
54. Shri C. K. Rajan
55. Shri P. Ramalingom
56. Shri P. Ramunni Kurup
57. Shri P. Ravindran
58. Shri Sayed Ummer Bafakih
59. Shri R. S. Unni
60. Shri P. S. Namboodiri
61. Shri B. V. Seethi Thangal
62. Shri K. Sekharan Nair
63. Shri N. K. Seshan
64. Shri P. S. Srinivasan
65. Shri M. M. Thomas
66. Shri T. V. Thomas
67. Shri P. Unnikrishna Pillai
68. Shri K. C. Vamadevan
69. Shri K. C. Zacharia

Noes—60

1. Shri K. K. Aboo
2. Shri V. S. Achyuthanandan
3. Shri A. K. Appu
4. Shri A. V. Aryan
5. Shri C. K. Balakrishnan
6. Shri E. Balanandan
7. Shri J. Camalias Moraes
8. Shri C. B. Chandrasekhara Warrier
9. Shri P. N. Chandrasenan
10. Shri K. Chathunni Master
11. Shri V. V. Dakshinamoorthy
12. Shri S. Damodaran
13. Shri P. Gangadharan
14. Shri E. M. George
15. Shri M. K. George
16. Smt. K. R. Gouri Thomas

2/14—5

LIBRARY ARCHIVES Kerala Legislative Assembly

17. Shri C. Govinda Panicker
18. Shri P. Govinda Pillai
19. Shri M. K. A. Hameed
20. Shri E. K. Embichi Bava
21. Shri C. Kannan
22. Shri K. Karunakaran Nair
23. Shri M. K. Kelu
24. Shri V. Krishna Das
25. Shri M. K. Krishnan
26. Shri T. K. Krishnan
27. Shri R. Krishnan (Alathur)
28. Shri R. Krishnan (Palghat)
29. Shri P. P. Krishnan
30. Shri E. P. Krishnan Nambiar
31. Shri E. V. Kumaran
32. Shri A. V. Kunhambu
33. Shri V. V. Kunhambu
34. Shri P. Kunhan
35. Shri E. T. Kunhan
36. Shri P. K. Kunjachan
37. Shri A. P. Kurian
38. Shri Mattapalli Majeed
39. Shri Mathai Manjuran
40. Shri T. M. Meetiyan
41. Shri Paloli Mohammed Kutty
42. Shri Mustafa Kamal
43. Shri A. S. N. Nambissan
44. Shri N. Prabhakara Thandar
45. Shri A. S. Purushothaman
46. Shri P. G. Purushothaman Pillai
47. Shri K. P. Raghava Puduval
48. Shri P. C. Raghavan Nair
49. Shri K. I. Rajan
50. Shri T. K. Ramakrishnan
51. Shri M. Ramunny
52. Shri M. Sadasivan
53. Shri E. M. S. Namboodiripad
54. Shri K. A. Sivarama Bharathy
55. Shri V. Sreedharan
56. Dr. P. K. Sukumaran
57. Shri C. Vasudeva Menon
58. Shri N. Vasudevan Pillai
59. Shri B. Wellingdon
60. Shri P. P. Wilson

Neutral—1

Shri S. P. Luiz

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Those for the motion: 69.

Those against: 60.

Neutral: 1.

The motion is carried.

I think since there is no Business, the House will now adjourn sine die.

ശ്രീ. കെ. കരുണാകരൻ: കഴിഞ്ഞ പ്രാവശ്യം ബിസിനസ് അഡ്വൈസറി കമ്മിററി കൂടിയപ്പോൾ ഇന്ന് സഭ നിറുത്തിവച്ചിട്ട് നവംബർ 17–ാം തീയതി വീണ്ടും സമ്മേളിക്കാനാണ് പറഞ്ഞിരുന്നത്.

മി. സ്പീക്കർ: സാധാരണഗതിയിൽ ക്യാബിനററുകൂടി നിർദ്ദേശിച്ചതിന് ശേഷമാണ് സമ്മേളനം തുടങ്ങുന്നത്. അതനുസരിച്ചേ ചെയ്യാൻ സാധിക്കുകയുള്ളു. According to rules, we only adjourn sine die.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഞങ്ങൾക്ക് കിട്ടിയ സമൻസ് അനുസരിച്ച് നവംബർ ഒടുവിൽ വരെ സമ്മേളനം നീണ്ടുനിൽക്കുമെന്നായിരുന്നു. എന്നാൽ അതിനുശേഷം ബിസിനസ് അഡ്വൈസറി കമ്മിററികൂടി ഒക്ടോബർ 24–ാം തീയതി സമ്മേളനം നിറുത്തിവച്ചിട്ട് വീണ്ടും നവംബർ 17–ാം തീയതി മുതൽ കൂടാമെന്നായിരുന്നു തീരുമാനിച്ചത്.

Mr. Speaker: Only if the Chief Minister can agree, I can allow that. What do you say ?

Shri E. M. Sankaran Namboodiripad: I cannot take the responsibility now.

Mr. Speaker: I cannot also take the responsibility.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: നവംബർ 28-ാം തീയതിവരെയാണ് സമ്മേളനം ഉണ്ടായിരിക്കുന്നത് എന്നാണ് ഞങ്ങൾക്ക് നേരത്തെ കിട്ടിയ വിവരം. എന്നാൽ സ്പീക്കേഴ്സ് കോൺഫറൻസും മററും ഉള്ളതുകൊണ്ട് ഒക്ടോബർ 24-ാം തീയതി പിരിഞ്ഞിട്ട് വീണ്ടും നവംബർ 17-ാം തീയതി കൂടാമെന്നാണ് ബിസിനസ് അഡ്വൈസറി കമ്മിററി കൂടി തീരുമാനം എടുത്തിട്ടുള്ളത്.

മി. സ്പീക്കർ: ഇതിനെപ്പററി സഭാനേതാവിന് ചുമതല എടുക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞതുകൊണ്ടും, വേറെ ഗവൺമെൻറ് ബിസിനസ്സുകളൊന്നും സഭാമുമ്പാകെ ഇല്ലാത്തതുകൊണ്ടും സഭ ഇപ്പോൾ അനിശ്ചിതകാലത്തേക്ക് പിരിച്ചുവിടാനെ എനിക്ക് നിർവ്വാഹമുള്ളു. I have no alternative but to adjourn the House sine die. The House will now adjourn sine die.

The Assembly adjourned sine die at 12-10 p.m.

LIBRARY ARCHIVES Kerala Legislative Assembly

LEGISLATURE SECRETARIAT

NOTIFICATION

No. 3663-LA. 1/69. *Dated, Trivandrum, 1st November, 1969.*

In exercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the Second Session in 1969 of the Kerala Legislative Assembly with effect from the 25th October, 1969.

ഭേദഗതി വരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 174-ാം വകുപ്പ് 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ കേരള നിയമസഭയുടെ 1969-ലെ രണ്ടാം സമ്മേളനം 1969 ഒക്ടോബർ 25-ാം തീയതി മുതൽ ഇതിനാൽ സമാപിപ്പിച്ചിരിക്കുന്നു.

(By order of the Governor)

V. P. NEELAKANTAN NAMBUDIRI,
Secretary,
Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly